# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27

License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

Vol. 17 / Issue 11
November 2026

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



Let's Rise together to Rebuild the Community

സീറോമലബാർ
സഭയുടെ ശതാബ്ദി വർഷം - 2026

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 17 നവംബർ 2026 ലക്കം 11

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ ..... 05
രൂപതാകച്ചേരി വാർത്തകൾ ..... 13
വൈദികസമിതി റിപ്പോർട്ട് ..... 15
പാസ്റ്ററൽ കൗൺസിൽ യോഗ റിപ്പോർട്ട് ..... 18
നവംബർ മാസത്തിലെ പഠനവിഷയം ..... 24
മതബോധനരംഗം ..... 32
ചെറുപുഷ്പ മിഷൻലീഗ് ..... 36
തിരുബാലസഖ്യം ..... 45
കെ.സി.വൈ.എം ..... 46
കുടുംബപ്രേഷിതത്വം ..... 51
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..... 58
സാമൂഹ്യ സേവനരംഗം (WSSS) ..... 63
ജീവസ് & കെ.എൽ.എം ..... 71
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ..... 74
കത്തോലിക്കാ കോൺഗ്രസ്സ് (AKCC) ..... 77
ബയോവിൻ അഗ്രോ റിസർച്ച് ..... 80
റേഡിയോ മാറ്റൊലി ..... 82
Mary Matha Arts & Science College ..... 85
സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ ..... 89
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ..... 90
ബിഷപ്സ് പ്രോഗ്രാം ..... 97




# സർക്കുലർ

***Prot. No. 32628/2026***
***Circular No. 6 /2026***

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളെ, പ്രിയ കുട്ടികളെ,

നമ്മുടെ പ്രിയപ്പെട്ട നാടിനെ ഞെട്ടിച്ചുകൊണ്ട് 2024 ജൂലൈ മാസം 30-ാം തീയതി വെളുപ്പിന് ഒന്നേകാൽ മണിക്ക് മേപ്പാടിക്കടുത്ത് പുഞ്ചിരിമട്ടം, മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ ഉണ്ടായ അതിഭീകരമായ ഉരുൾപൊട്ടലിൽ നൂറ് കണക്കിന് പ്രദേശ വാസികൾക്കും അല്ലാത്തവർക്കും ജീവൻ നഷ്ടപ്പെട്ടു. പല കുടുംബങ്ങളിലും ഒന്നോ രണ്ടോ പേർ മാത്രം അവശേഷിച്ചു. ഒരു ഗ്രാമം തന്നെ അപ്രത്യക്ഷമായി. ജീവൻ തിരികെ കട്ടിയ അനേകർക്ക് കിടപ്പാടമടക്കം സകലതും നഷ്ടപ്പെട്ടു. നമ്മുടെ രൂപതയിലെ ചൂരൽമല ഇടവകാംഗങ്ങളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ആ ദിവസങ്ങളിൽ ആ പ്രദേശത്തെ അവസ്ഥ അതിഭീകരവും ഹൃദയ ഭേദകമായിരുന്നു എന്ന് ഞാൻ തന്നെ നേരിൽ കണ്ടു.

ഇതേ സമയത്ത് തന്നെ താമരശ്ശേരി രൂപതയിലെ വിലങ്ങാട് പ്രദേശത്തും അതിഭീകരമായ ഉരുൾപൊട്ടൽ ഉണ്ടായി. എന്നാൽ അവിടെ അധികമാർക്കും ജീവൻ നഷ്ടപ്പെട്ടില്ല എന്നത് വലിയൊരാശ്വാസമായിരുന്നു. പക്ഷെ അനേകം പേർക്ക് അവരുടെ വീടുകളും സ്വത്തും നഷ്ടപ്പെട്ടു.

സംസ്ഥാന സർക്കാരും പ്രാദേശിക സർക്കാരുകളും വിവിധ മതസംഘടനകളും രാഷ്ട്രീയപ്പാർട്ടികളും ആയി ബന്ധമുള്ളതും അല്ലാത്തതുമായ ഒട്ടനവധി സന്നദ്ധസേവകർ രാപകലില്ലാതെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. മാനന്തവാടി രൂപതയും ഇടവകകളും രൂപതയിലെ വിവിധ സമർപ്പിത സമൂഹങ്ങളും സംഘടനകളും സ്ഥാപനങ്ങളും വ്യക്തികളും സജീവമായി രംഗത്തുണ്ടായിരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്ന് പ്രവഹിച്ച സഹായ വസ്തുക്കൾ യഥാവിധി ഉരുൾപൊട്ടലിൽ ദുരന്തം അനുഭവിച്ചവരിലേക്ക് എത്തിക്കാൻ ഈ കൂട്ടായ പ്രവർത്തനത്തിലൂടെ നമുക്ക് കഴിഞ്ഞു. അതുപോലെ കൗൺസലിംഗിൽ ഔദ്യോഗിക ഡിഗ്രിയും

അനുഭവ പരിചയവും ഉള്ള അൻപത് സമർപ്പിത സഹോദരിമാർ മാസങ്ങളോളം തന്നെ ദുരന്തത്തിന് ഇരയായവരുടെ കുടുംബങ്ങൾ സന്ദർശിച്ച് കൗൺസലിംഗ് കൊടുത്ത് അവരുടെ മനസ്സിലെ മുറിവുണങ്ങി സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരാൻ അവരെ സഹായിച്ചു. നമ്മുടെ രൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS) ഇക്കാര്യങ്ങളെല്ലാം ഏകോപിപ്പിച്ചു.

ഏറെ നാളത്തേക്ക് ചൂരൽമലയിലുള്ള നമ്മുടെ ഇടവക പ്പള്ളി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എത്തിയ പട്ടാളക്കാരുടെയും പോലീസുകാരുടെയും സന്നദ്ധസേവകരുടെയും താത്കാലിക വസതിയും ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ ആവശ്യ വസ്തുക്കൾ വിതരണം ചെയ്യുന്ന കേന്ദ്രമായും മാറി. ഇടവക വികാരി ബഹുമാനപ്പെട്ട ജിബിൻ വട്ടുകളത്തിൽ അച്ചനും കൈക്കാരന്മാരും ശേഷിച്ച ഇടവകക്കാരും എല്ലാത്തിനും നേതൃത്വം കൊടുത്തുകൊണ്ട് അവിടെത്തന്നെ ദിനരാത്രങ്ങൾ ചെലവഴിച്ചു. അവരുടെ ധീരതയുടെയും ത്യാഗ സന്നദ്ധയുടെയും മുമ്പിൽ നമുക്ക് തല കുനിക്കാം. അതുപോലെ തന്നെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സ്തുത്യർഹമായ രീതിയിൽ പങ്കെടുത്ത എല്ലാവരേയും നന്ദിപൂർവം ഓർക്കാം.

ഉരുൾപൊട്ടൽ ഉണ്ടായ അതേ ദിവസങ്ങളിൽ തന്നെ കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ (കെ. സി. ബി. സി) ഭാരവാഹികളും തലശ്ശേരി, കോഴിക്കോട്, മാനന്തവാടി, ബത്തേരി, താമരശ്ശേരി, കണ്ണൂർ, കോട്ടയം എന്നീ രൂപതാദ്ധ്യക്ഷന്മാരും ദ്വാരകയിൽ സമ്മേളിച്ച് ദുരിതബാധിതരുടെ പുനരധിവാസത്തെപ്പറ്റി ആലോചിച്ചു. വയനാട് ജില്ലയിലും വിലങ്ങാട് ഭാഗത്തുമായി നൂറ് വീടുകൾ കേരള സഭയുടെ നേതൃത്വത്തിൽ നിർമ്മിച്ച് കൊടുക്കാനുള്ള തീരുമാനമെടുത്തു. അതിൽ അമ്പതെണ്ണം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നിർമ്മിക്കാം എന്നും തീരുമാനിച്ചു.

ഭവന നിർമ്മാണ പദ്ധതിയുടെ നിർവ്വഹണം ഉരുൾപൊട്ടലിന്റെ ആഘാതമേറ്റ രൂപതകളുടെ നേതൃത്വത്തിൽ തന്നെയാകട്ടെ എന്നും തീരുമാനിച്ചു. മാനന്തവാടി രൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ആണ് നമ്മൾ വാഗ്ദാനം ചെയ്ത വീടുകൾ നിർമ്മിക്കാനുള്ള ദൗത്യം ഏല്പിച്ചത്.

ഭവന നിർമ്മാണത്തിന് സഹായ വാഗ്ദാനവുമായി ഭാരതത്തിനു ള്ളിലും പുറത്തുമുള്ള അനേകം പേർ നമ്മളെ സമീപിച്ചു. അക്കൂ ട്ടത്തിൽ രൂപതകളും സന്യാസസമൂഹങ്ങളും ഇടവകകളും സ്ഥാപ നങ്ങളും സംഘടനകളും നൂറ് കണക്കിന് നല്ലവരായ വ്യക്തികളും ഉണ്ടായിരുന്നു. പ്രത്യേകിച്ച് നമ്മുടെ രൂപതയിലെ ഇടവകകളും സന്യാസസമൂഹങ്ങളും സ്ഥാപനങ്ങളും സംഘടനകളും തന്ന സംഭാവനകളെ പ്രത്യേകം എടുത്തു പറയാൻ ഞാൻ ആഗ്രഹി ക്കുന്നു. എല്ലാവരും തങ്ങളാൽ കഴിയുന്ന രീതിയിൽ വളരെ വലിയ തോതിൽ സഹകരിച്ചു. ഇതിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട വൈദികർക്കും ശേഷം എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. ലഭിച്ച എല്ലാ സംഭാവനകളും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അക്കൗണ്ടിൽ വരവ് വച്ച് രസീതും കൊടുത്തിട്ടുണ്ട്.

ഭവന നിർമ്മാണത്തിനായി കെ. സി. ബി. സി. യുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറവും സംഭാവനകൾ സ്വീകരിച്ചിരുന്നു. അവിടെ കിട്ടിയ തുകയിൽ നിന്ന് ഒരു വീടിന് പത്തുലക്ഷം രൂപാ തോതിൽ 46 വീടുകൾക്ക് നാലു കോടി അറുപത് ലക്ഷം രൂപ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് കൈമാറി.

എന്നാൽ ഇതിനകം നിർമ്മാണം പൂർത്തിയാക്കിയ 37 വീടു കൾ ഓരോന്നിനും വേണ്ടി സ്ഥലം വാങ്ങി അത് അളന്ന് തിരിച്ച് ഓരോ കുംബത്തിന്റെയും പേരിൽ ആധാരം ചെയ്ത് കൊടുത്ത തിനും വീടുകൾക്കുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി വീടുകൾ നിർമ്മിച്ചതിനും പൊതു സൗകര്യങ്ങളായ റോഡ്, അഴുക്കുചാൽ, കിണർ, വെള്ളത്തിനുള്ള ടാങ്ക് തുടങ്ങിയ എല്ലാ സൗകര്യങ്ങളും തയ്യാറാക്കിയതിനുമായി തുകകൾ കണക്കുകൂട്ടുമ്പോൾ ഓരോ വീടിനും ഏകദേശം 35 ലക്ഷം രൂപ വീതം ചെലവായിട്ടുണ്ട്. അതാ യത് കെ. സി. ബി. സി. യിൽ നിന്ന് ലഭിച്ചതിന് പുറമേ 25 ലക്ഷം രൂപാകൂടി ഓരോ വീടിനും നാം കണ്ടെത്തേണ്ടി വന്നു. ദൈവാനു ഗ്രഹത്താൽ അതെല്ലാം സംഭാവനയായി ലഭിച്ചു.

50 വീടുകൾ എന്നാണ് തുടക്കത്തിൽ തീരുമാനിച്ചിരുന്ന തെങ്കിലും കൂടുതൽ ആളുകൾ സഹായ ഹസ്തങ്ങൾ നീട്ടിയ പ്പോൾ രണ്ടു വീടുകൾ കൂടി നിർമ്മിക്കാനുള്ള പണം ലഭ്യമായി. അങ്ങനെ ആകെ 52 വീടുകളാണ് മാനന്തവാടി രൂപതയുടെ

നേതൃത്വത്തിൽ നിർമ്മിക്കുന്നത്. ഇപ്പോൾ പൂർത്തിയായ 34 വീടുകൾക്ക് പുറമേ ഇനിയും 15 എണ്ണം കൂടി നിർമ്മിക്കാനുണ്ട്. അതിനുള്ള സ്ഥലം വാങ്ങി റോഡ്, ചുറ്റുമതിൽ, കിണർ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുന്നു. അവയുടെ നിർമ്മാണവും താമസം വിനാ പൂർത്തിയാക്കി ബന്ധപ്പെട്ടവർക്ക് കൈമാറാം എന്നാണ് പ്രതീക്ഷിക്കുന്നത്. ആ വീടുകളുടെ അടിസ്ഥാന ശില ആദ്യഘട്ടത്തിലെ വീടുകളുടെ കൈമാറ്റ സമയത്ത് ആശീർവദിക്കുന്നതാണ്.

പദ്ധതി നിർവഹണത്തിനു തുടക്കത്തിൽ തന്നെ പ്രതിസന്ധികൾ ധാരാളമുണ്ടായിരുന്നു. അനുയോജ്യമായ സ്ഥലം കണ്ടെത്തുക എന്നത് തന്നെ വളരെ പ്രയാസമേറിയ കാര്യമായിരുന്നു. അമ്പതിലേറെ സ്ഥലങ്ങൾ കണ്ട് പരിശോധിച്ച ശേഷമാണ് ഇപ്പോൾ വാഴവറ്റ ഇടവകാതിർത്തിയിൽ രണ്ടിടത്തായി (പാക്കം, അത്തിച്ചാൽ) നാലേക്കർ തൊണ്ണൂറ്റി നാല് സെന്റ് സ്ഥലം വാങ്ങാൻ കഴിഞ്ഞത്. വിലനിശ്ചയിക്കാനും, സ്ഥലം അളന്ന് തിരിക്കാനും അത് അർഹരായ ഓരോരുത്തരുടെയും പേരിൽ എഴുതി ആധാരം രജിസ്റ്റർ ചെയ്ത് സ്ഥലത്തിന്റെ എല്ലാ ഉടമകളെയും ഒരേ സമയം രജിസ്ട്രാഫീസിൽ എത്തിച്ച് ആധാരത്തിൽ ഒപ്പിടുവിക്കാനും രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ ഉടമക്ക് പണം കൈമാറാനും എല്ലാം നിർമ്മാണക്കമ്മറ്റിക്കാർ പെടാപ്പാട്പെട്ടു എന്നതാണ് വസ്തുത. വീട് ലഭിക്കാൻ അർഹരായവരെ തീരുമാനിക്കുന്നതും ഓരോരുത്തർക്കും ലഭിക്കേണ്ട ഭാഗം അളന്ന് തിരിച്ച് നറുക്കിട്ട് കൊടുക്കുക എന്നതും വലിയൊരു കടമ്പ തന്നെയായിരുന്നു. നിർമ്മാണക്കമ്മിറ്റിയുടെ നിസ്വാർത്ഥവും അക്ഷീണവുമായ പരിശ്രമത്താൽ ആ കടമ്പകളെല്ലാം വിജയകരമായി തരണം ചെയ്യാൻ കഴിഞ്ഞു. അതിനായി അവർ അർഹരായവരുടെ വീടുകളിൽ പലപ്രാവശ്യം പോയി ചർച്ചകൾ നടത്തേണ്ടി വന്നു.

ഓരോരുത്തർക്കും ഇഷ്ടപ്പെട്ടയിടങ്ങളിൽ സ്ഥലം വാങ്ങി വീടു വയ്ക്കുക എന്നത് തീർത്തും അപ്രായോഗികമായിരുന്നു. കാരണം അങ്ങനെ വാങ്ങുമ്പോൾ സ്ഥലത്തിന് വില കൂടുതലായിരിക്കും. നിർമ്മാണ വസ്തുക്കൾ പല സ്ഥലങ്ങളിൽ ഒരേ സമയം എത്തിക്കുക എന്നത് അസാധ്യം തന്നെയായിരുന്നു. അതുപോലെ തന്നെ ജോലിക്കാരെ എത്തിക്കുക എന്നതും. അങ്ങനെ ചെയ്താൽ നിർമ്മാണച്ചെലവ് പലയിരട്ടി വർദ്ധിക്കുകയും ചെയ്യുമായി

രുന്നു. അപ്പോൾ നമുക്ക് ലഭിച്ച സംഭാവനകൾ തികയാതെ വരും എന്നത് നിസ്തർക്കമാണ്.

നിർമ്മാണം ആരംഭിച്ച ശേഷവും അനേകം അപ്രതീക്ഷിത പ്രതിസന്ധികൾ ഉണ്ടായി. നിയമപരമായ അനുവാദങ്ങൾ കിട്ടാനുള്ള താമസം, പശ്ചിമേഷ്യൻ യുദ്ധം മൂലം നിർമ്മാണ സാമഗ്രികൾക്ക് വന്ന വില വർദ്ധനവും ദൗർലഭ്യവും, അതിഥിത്തൊഴിലാളികൾ വോട്ടേഴ്സ് ലിസ്റ്റ് പുതുക്കാനും വോട്ടു ചെയ്യാനും അവരവരുടെ സംസ്ഥാനങ്ങളിലേക്ക് പോയതിനാൽ ഉണ്ടായ തൊഴിലാളി ക്ഷാമം, തുടർച്ചയായുള്ള മഴ അങ്ങനെ പലതും മറി കടക്കേണ്ടിയിരുന്നു.

എല്ലാം നഷ്ടപ്പെട്ട കുടുംബങ്ങൾക്കും അംഗങ്ങൾ കൂടുതലുള്ള കുടുംബങ്ങൾക്കും കൂടുതൽ സ്ഥലവും വലിയ വീടുകളുമാണ് നാം കൊടുക്കുന്നത്. ഭാഗികമായി കിടപ്പാടം നഷ്ടപ്പെട്ടവർക്കും ചെറിയ കുടുംബങ്ങൾക്കും അല്പം കൂടി കുറവ് സ്ഥലവും ഇടത്തരം വീടും കൊടുത്തിരിക്കുന്നു. വേനൽക്കാലത്ത് ദുരന്തപ്രദേശത്ത് തങ്ങളുടെ സ്ഥലത്ത് തന്നെ താമസിക്കാൻ ഇഷ്ടപ്പെട്ടവർക്ക് മഴക്കാലത്ത് ദുരിതാശ്വാസ ക്യാമ്പുകളിൽ പോകാതെ താമസിക്കാൻ അഞ്ച് സെന്റ് സ്ഥലത്ത് മഴക്കാലവസതികളാണ് ഒരുക്കിയിരിക്കുന്നത്. ഓരോ വീടും വ്യത്യസ്തമായ പ്ലാനുകളിലാണ് നിർമ്മിച്ചിരിക്കുന്നത്. കേവലമൊരു കോളനിപോലെ വീടുകൾ കാണപ്പെടാതിരിക്കാനാണ് അങ്ങനെ പ്ലാനുകൾ തയ്യാറാക്കിയത്. എല്ലാ വീടുകളും ഏറ്റവും ഗുണമേന്മയുള്ള വസ്തുക്കൾ കൊണ്ട് തന്നെയാണ് നിർമ്മിച്ചിരിക്കുന്നത്. വീടുകൾ കിട്ടിയവർ പലരും നിർമ്മാണ വേളയിൽ സ്ഥലത്ത് വന്ന് അവ നേരിൽ കണ്ട് തൃപ്തിപ്പെടുകയും ചെയ്യുന്നുണ്ട്.

ഈ നവംബർ മാസം 27 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് വാഴവറ്റ ഇടവകാതിർത്തിയിൽ പാക്കം എന്ന സ്ഥലത്ത് നിർമ്മാണം പൂർത്തിയായ ആദ്യഘട്ടത്തിലെ 34 വീടുകൾ ബന്ധപ്പെട്ടവർക്ക് കൈമാറും. അങ്ങനെ വീടുകൾ കൈമാറുമ്പോൾ ഓരോ വീട്ടിലേക്കും ആവശ്യമുള്ള ഫർണിച്ചർ, പാത്രങ്ങൾ മുതലായവ കൂടി വാങ്ങി നൽകണമെന്നുണ്ട്. ഇപ്പോൾ ലഭ്യമായ തുകയിൽ നിന്നു അത്തരം കാര്യങ്ങൾക്ക് പണം എടുക്കുന്നത് ശരിയായിരിക്കുകയില്ലല്ലോ. കാരണം ദാതാക്കളുടെ ലക്ഷ്യം അതല്ലായിരുന്നു. മാത്രമല്ല ഇനിയും ശേഷിക്കുന്ന പണം യാതൊരു കാരണവശാലും

തരം മാറ്റി ചെലവഴിക്കാതിരുന്നാൽ മാത്രമേ ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളു.

ഈ സാഹചര്യത്തിൽ ഒരിക്കൽ കൂടി നിങ്ങളുടെ സന്മനസ്സിനെ ആശ്രയിക്കുക മാത്രമേ കരണീയമായിട്ടുള്ളു. 34 വീടുകളുടെ നിർമ്മാണം പൂർത്തിയാകുന്ന ഈ സാഹചര്യവും 15 വീടുകളുടെ നിർമ്മാണം സമീപ ഭാവിയിൽ നടക്കുന്നതും കണക്കിലെടുത്ത് മൊത്തം 49 വീടുകൾക്ക് ആവശ്യമായ വസ്തുക്കൾ മേടിക്കാൻ ആവശ്യമായ തുക നിങ്ങൾ സ്പോൺസർ ചെയ്താൽ നമുക്ക് നിഷ്പ്രയാസം ആവശ്യമുള്ള സാധനങ്ങൾ ലഭ്യമാക്കാം. ഒരു വീടിനാവശ്യമായ കട്ടിലുകൾ, ബെഡ്ഡുകൾ ഊൺ മേശ, കസേരകൾ, ലീവിംഗ് റൂം സെറ്റി, ടീപോയ്, ഗ്യാസ് സ്റ്റൗ തുടങ്ങിയവയ്ക്കായ് ഏകദേശം തൊണ്ണൂറ്റി ഏഴായിരം (Rs. 97000) രൂപയോളം ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്. ഒരു വീടിന് ആവശ്യമായ സാമഗ്രികൾ വാങ്ങാൻ പൂർണ്ണമായോ ഭാഗികമായോ സഹകരിച്ച് ഈ വലിയ ഉദ്യമത്തിൽ നമുക്ക് പങ്കാളികളാകാം. പണം അയക്കേണ്ടത് താഴെപ്പറയുന്ന രീതിയിലാണ്.

**ബാങ്ക് ട്രാൻസ്ഫർ**

**Account Name : Director Wayanad Social Service Society**
**Account No : 0605053000001714**
**Bank : SIB**
**IFSC code : SIBL0000605**
**Branch : Mananthavady**

**ചെക്കുകൾ: Director Wayanad Social Service Society** എന്ന പേരിൽ ചെക്ക് എഴുതി ക്രോസ് ചെയ്ത് മേൽപ്പറഞ്ഞ അക്കൗണ്ടിൽ മാത്രം മാറത്തക്ക രീതിയിൽ **Director Wayanad Social Service Society, Mananthavady 670 645** എന്ന വിലാസത്തിൽ സ്പീഡ് പോസ്റ്റിൽ അയക്കണം.

**യു പി ഐ പേയ്മെന്റ് (ഗൂഗിൾ പേ പോലെയുള്ളത്):**
**+917907105276** എന്ന വാട്ട്സ് ആപ്പ് നമ്പറിൽ ബന്ധപ്പെട്ടാൽ QR Code ആ വാട്സ് ആപ്പ് നമ്പറിലേക്ക് അയച്ചുതരുന്നതാണ്.

**വിദേശത്ത് നിന്ന് Wire transfer / Bank transfer** ചെയ്യുന്നവർ ഇനിപ്പറയുന്ന അകൗണ്ടിലേക്കാണ് അയക്കേണ്ടത്.

**Account Name : Wayanad Social Service Society**
**Bank Name : State Bank of India**
**Account No : 40126887659**
**Branch Name : New Delhi Main Branch**
**IFSC code : SBIN0000691**
**SWIFT Code : SBININBB104**

ക്യാഷ് ആയോ സാധന സാമഗ്രികൾ ആയോ സംഭാവനകൾ സ്വീകരിക്കുന്നതല്ല.

പണം അയക്കുന്നവർ അയച്ചാൽ ഉടൻ തന്നെ ദയവായി **+917907105276** എന്ന വാട്ട്സ് ആപ്പ് നമ്പറിലേക്ക് അയച്ചയാളുടെ മുഴുവൻ പേരും മേൽവിലാസവും അയച്ച തുകയുടെ വിവരവും അയച്ചുകൊടുക്കണം (സംഭാവന നൽകുന്നവർ അവരുടെ ആധാർ കാർഡ്, പാൻകാർഡ് എന്നിവയുടെ പകർപ്പുകളും ദയവായി മേൽപ്പറഞ്ഞ നമ്പറിലേക്ക് അയച്ചുകൊടുക്കാൻ ശ്രദ്ധിക്കുമല്ലോ. കൃത്യമായി തുക കണക്കിൽ രേഖപ്പെടുത്താനും രസീതുകൾ അയച്ച് തരാനും ആദായനികുതി ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്താനും ഈ വിവരങ്ങൾ ആവശ്യമാണ്).

കെ. സി. ബി. സി. ഭാരവാഹികളും ഭവനനിർമ്മാണ പദ്ധതി ഏറ്റെടുത്ത രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരും ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയും പ്രാദേശിക രാഷ്ട്രീയ നേതാക്കളും സംഭാവനകൾ നൽകിയവരുടെ പ്രതിനിധികളും വീടുകൾക്ക് അർഹരായവരും മറ്റും നവംബർ 27 വെള്ളിയാഴ്ച ഉച്ച കഴിഞ്ഞ് നടക്കുന്ന ചടങ്ങിൽ പങ്കെടുക്കുന്നതാണ്.

നിങ്ങളെ എല്ലാവരെയും ഈ ചടങ്ങിലേക്ക് ക്ഷണിക്കണമെന്നുണ്ടെങ്കിലും സ്ഥലപരിമിതി മൂലം പ്രതിനിധികളെ മാത്രമാണ് ഇപ്പോൾ ക്ഷണിക്കുന്നത്. എങ്കിലും ഏതെങ്കിലും സന്ദർഭത്തിൽ വീടുകൾ നിർമ്മിച്ചിരിക്കുന്ന പ്രദേശം സന്ദർശിക്കാൻ ഏവരെയും ക്ഷണിക്കുന്നു.

27-ാം തീയതിയിലെ ചടങ്ങിലേക്ക് മാനന്തവാടി രൂപതയിലെ എല്ലാ വൈദികരെയും ഇടവകയുടെ പ്രതിനിധികളായി

രണ്ട് കൈക്കാരന്മാരെയും സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരേയും മേജർ സുപ്പീരിയർമാർ മാനന്തവാടി രൂപതക്കുള്ളിൽ ഇല്ലാത്തവരുടെ രണ്ട് പ്രതിനിധികളെയും, സംഘടനകളുടെ ഡയറക്ടർമാർ, പ്രസിഡന്റ് അല്ലെങ്കിൽ വൈസ് പ്രസിഡന്റ്, സ്ഥാപനങ്ങളുടെ ഡയറക്ടർമാർ, സ്കൂളുകളുടെയും കോളേജിന്റെയും പ്രിൻസിപ്പൽ അല്ലെങ്കിൽ വൈസ് പ്രിൻസിപ്പൽ അഥവാ ഹെഡ് മാസ്റ്റർ / ഹെഡ്മിസ്ട്രസ് എന്നിവരെയും ഈ ചടങ്ങിലേക്ക് സ്നേഹപൂർവം ക്ഷണിക്കുന്നു. നിങ്ങളുടെ സാന്നിദ്ധ്യം വീടുകൾ കിട്ടുന്നവർക്കും സംഭാവനകൾ കൊടുത്തവർക്കും നിർമ്മാണം ഏറ്റെടുത്ത് നടത്തിയവർക്കും എല്ലാം വലിയൊരു പ്രോത്സാഹനമായിരിക്കും.

പ്രിയപ്പെട്ടവരേ, നമ്മൾ കൂട്ടായി നടത്തിയ ഈ ബൃഹത് പദ്ധതി ക്രൈസ്തവ സ്നേഹത്തിന്റെ പ്രകടമായ മാതൃകയാണ്. നമ്മൾ ചെയ്തത് ഈശോയ്ക്ക് തന്നെയാണ്. ഇക്കാര്യത്തിൽ സഹകരിച്ച എല്ലാവരെയും ഹൃദയപൂർവം അഭിനന്ദിക്കുകയും നിങ്ങൾക്ക് ഒന്നിന് നൂറായി ദൈവം പ്രതിഫലം തരട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് രണ്ടായിരത്തി ഇരുപത്താറാമാണ്ട് ഒക്ടോബർ മാസം ഇരുപതാം തീയതി നൽകപ്പെട്ടത്.

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** ഈ സർക്കുലർ 2026 നവംബർ 8 ഞായറാഴ്ച എല്ലാ ഇടവകപ്പള്ളികളിലും വിശ്വാസിസമൂഹത്തിന് വേണ്ടി വി. കുർബാനയർപ്പിക്കപ്പെടുന്ന മറ്റ് സ്ഥലങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതും ഇടവകയുടെയും സ്ഥാപനങ്ങളുടെയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലേക്ക് ഷെയർ ചെയ്യേണ്ടതുമാണ്.

**1. സ്നേഹസ്മരണ**

നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേൽ അച്ചന്റേയും നവംബർ 12-ാം തീയതി ബഹു. ജോസഫ് ചൂരക്കാ മറ്റം അച്ചന്റേയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഇവരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**2. വൈദിക സമ്മേളനം ( Priests' Conference) 2026 നവംബർ 24**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2026 നവംബർ 24 ചൊവ്വാഴ്ച്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1 മണി വരെ ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്. എല്ലാ വൈദികരെയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു. ഇടവകകളിലെയും സ്ഥാപനങ്ങളിലെയും അന്നേ ദിവസത്തെ പരിപാടികൾ ക്രമീകരിച്ച് ഈ വൈദിക സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. അഭിനന്ദനങ്ങൾ**

മധ്യപ്രദേശിലെ മാൻസരോവർ യൂണിവേഴ്സിറ്റിയിൽ നിന്നും ജേർണലിസത്തിൽ ഡോക്ടറേറ്റ് നേടിയ മാനന്തവാടി രൂപതാംഗവും മീഡിയ മിഷൻ ഡയറക്ടറുമായ ബഹു. ജെസ്റ്റിൻ മുത്താനിക്കാട്ട് അച്ചന് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ നേരുന്നു. അച്ചന്റെ വിവിധ ശുശ്രൂഷ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നേരുകയും ചെയ്യുന്നു.

**4. നസ്രാണി പൈതൃകം നെഞ്ചിലേറ്റുന്ന നസ്രാണി ഫെസ്റ്റ് - നവംബർ 8**

സമുദായ ശക്തീകരണ വർഷാചരണത്തിന്റെ ഭാഗമായി മാനന്തവാടി രൂപതയുടെ കീഴിലുള്ള സീറോമലബാർ സമുദായ അംഗങ്ങളെല്ലാവരും ഒരുമിച്ച് ചേരുന്ന *നസ്രാണി ഫെസ്റ്റ് 2026* ഈ വരുന്ന നവംബർ 8 -ന് ദ്വാരകയിലെ സേക്രഡ് ഹാർട്ട് സ്കൂൾ ഗ്രൗണ്ടിൽ വൈകിട്ട് 6 മണി മുതൽ 10 മണിവരെ നടക്കുകയാണ്.

12 ഫൊറോനകളിൽ നിന്നും നീലഗിരി റീജിയനിൽ നിന്നുമായി 600 ൽപ്പരം കലാകാരന്മാർ ഒന്നിക്കുന്ന നസ്രാണി കലാസന്ധ്യയും അതോടൊപ്പം നസ്രാണി വിഭവങ്ങളുടെ രുചിക്കൂട്ടും നസ്രാണി ഫെസ്റ്റിന്റെ മാത്രം പ്രത്യേകതയാണ്. നമ്മുടെ സമുദായത്തിന്റെ തനിമയും വ്യതിരിക്തതയും സംസ്കാരവും പാരമ്പര്യങ്ങളും രുചി ഭേദങ്ങളുമെല്ലാം വിളിച്ചോതുന്ന മനോഹരമായ ഒരു സംഗമവേദിയാണിത്. സമുദായബോധം ആഴപ്പെടുവാനും മനസ്സിലാക്കാനും തിരിച്ചു പിടിക്കാനും അതിൽ അഭിമാനം കൊള്ളാനുമൊക്കെയുള്ള നല്ലൊരവസരം.

നസ്രാണി ഫെസ്റ്റിന്റെ സംഗമവേദിയിലേക്ക് നിങ്ങളെല്ലാവരെയും ഒത്തിരി സന്തോഷത്തോടും സ്നേഹത്തോടും കൂടി സ്വാഗതം ചെയ്യുന്നു. ഇടവകകളിൽ നിന്നും പരമാവധി ആൾക്കാരെ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ മുൻകൈയ്യെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

# വൈദിക സമിതി റിപ്പോർട്ട് (08/10/2026)

മാനന്തവാടി രൂപത വൈദിക സമിതിയുടെ ഒരു യോഗം 08/10/2026 നു ബിഷപ്സ് ഹൗസിൽ വെച്ച് ചേരുകയുണ്ടായി. ബഹു. സിജേഷ് ചിറയ്ക്കത്തോട്ടത്തിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് എല്ലാവരെയും സ്വാഗതം ചെയ്തു. കൃത്രിമ ബുദ്ധിയുടെ വെല്ലുവിളികൾ വളർന്നുവരുമ്പോൾ മനുഷ്യന്റെ സ്വാതന്ത്രവും ദൈവാശ്രയ ബോധവും നഷ്ടപ്പെടാതിരിക്കാൻ വൈദീകർ ശ്രദ്ധയുള്ളവരാകണമെന്ന് തന്റെ സ്വാഗത വചസ്സുകളിൽ പിതാവ് ഓർമ്മിപ്പിക്കുകയും ചെയ്തു.

**ചർച്ചകൾ, തീരുമാനങ്ങൾ**

1. സമുദായ ശക്തീകരണ വർഷ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ സമുദായ ശക്തീകരണ വർഷ കമ്മിറ്റി ജനറൽ കൺവീനർ ശ്രീ. ജോസ് മാത്യു പുഞ്ചയിൽ അവതരിപ്പിച്ചു. രൂപത, മേഖല, ഇടവക തലങ്ങളിൽ നടത്തപ്പെട്ട വിവിധ പ്രവർത്തനങ്ങൾവഴി ദൈവജനത്തിനിടയിൽ ബോധവത്കരണം സൃഷ്ടിക്കാൻ കഴിഞ്ഞതായി അദ്ദേഹം അഭിപ്രായപ്പെട്ടു. സ്വയം തൊഴിൽ രൂപീകരിക്കുന്നതിലും, രാഷ്ട്രീയ തലങ്ങളിലും നമ്മൾ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ടെന്നും, വചനാധിഷ്ഠിതമായ സമുദായബോധവത്കരണത്തിന് കൂടുതൽ പ്രാധാന്യം നൽകണമെന്നും യോഗം വിലയിരുത്തി. ബോധവൽക്കരണത്തിന്റേതായ ആദ്യ ഘട്ടത്തിൽ കാണിച്ച സഹകരണം തുടർന്നും ഉണ്ടാകണമെന്നും യോഗം വിലയിരുത്തി. ഇടവകകളിൽ നടക്കുന്ന സമുദായ ശക്തീകരണ വർഷ പ്രവർത്തങ്ങളുടെ റിപ്പോർട്ടുകൾ ഓരോ മാസത്തിലും നൽകുവാൻ പരിശ്രമിക്കണമെന്ന് നിർദ്ദേശം വയ്ക്കുകയും ചെയ്തു.

2. രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ പരിശുദ്ധ പിതാവ് മാർ ലെയോ പതിനാലാമൻ മാർപാപ്പയുടെപ്രഥമചാക്രികലേഖനമായ'മാനവമഹത്വം'*(Mangifica Humanitas)* ആസ്പദമാക്കി സമഗ്രമായ അവലോകനം നടത്തി. മനുഷ്യന്റെ അന്തസ്സും മൂല്യവും ഉയർത്തിപ്പിടിക്കാനുള്ള മാർപാപ്പയുടെ ഓർമ്മപ്പെടുത്തലിനെ കാലിക പ്രസക്തമായ ഉദാഹരണങ്ങളിലൂടെ അച്ചൻ അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചകളിൽ ആധുനിക തലമുറ നേരിടുന്ന വെല്ലുവിളികൾ പ്രധാന വിഷയമായി. സാങ്കേ

തികവിദ്യയും സോഷ്യൽ മീഡിയയും തീർക്കുന്ന കൃത്രിമമായ (artificial) ലോകത്ത് ഒതുങ്ങിനിൽക്കാതെ, ജീവിതയാഥാർത്ഥ്യങ്ങളെ (realities) ധൈര്യപൂർവ്വം നേരിടാൻ മനുഷ്യരെ പ്രാപ്തരാക്കേണ്ടതിന്റെ ആവശ്യകത ചർച്ചകളിൽ വിലയിരുത്തപ്പെട്ടു.

3. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ചൂരൽമല പുനഃരധിവാസ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു സംക്ഷിപ്ത വിവരണം നൽകി. ഇതിന്റെ ഭാഗമായി വാഴവറ്റയിൽ പുതുതായി നിർമ്മിക്കുന്ന 34 വീടുകളുടെ വെഞ്ചരിപ്പ് കർമ്മം നവംബർ 27 ന് വൈകുന്നേരം 3.30 ന് നടക്കുമെന്ന് യോഗത്തെ അറിയിച്ചു. തുടർന്ന് വെഞ്ചിരിപ്പ് ചടങ്ങിലെ പങ്കാളിത്തം സംബന്ധിച്ചുള്ള ചർച്ചയിൽ ഓരോ ഇടവകയിൽ നിന്നും ചടങ്ങിൽ പങ്കെടുക്കുന്നതിനായി വികാരിയും 2 കൈക്കാരന്മാരും സന്യാസ ഭവനങ്ങളുടെ സുപ്പീരിയേഴ്സും പങ്കെടുക്കുന്നത് ഉചിതമാണെന്ന് തീരുമാനിക്കുകയും ചെയ്തു.

4. ബഹു. അനൂപ് കാളിയാനിയിൽ അച്ചൻ നവംബർ 8 ന് നടക്കാനിരിക്കുന്ന നസ്രാണി ഫെസ്റ്റിനെക്കുറിച്ചു സംസാരിച്ചു. വിവിധ കമ്മറ്റികളെക്കുറിച്ചും, 600 ൽപ്പരം കലാകാരന്മാരെ ഉൾക്കൊള്ളിച്ചുള്ള നസ്രാണി പാരമ്പര്യം ഉണർത്തുന്ന വിപുലമായ കലാസന്ധ്യയെക്കുറിച്ചും, നസ്രാണി വിഭവങ്ങൾ ഉൾക്കൊള്ളിച്ചുള്ള ഫുഡ് ഫെസ്റ്റിനെക്കുറിച്ചും യോഗത്തെ അറിയിച്ചു. പരിപാടികളുടെ വിജയത്തിനായി വൈദികരുടെയും മുഴുവൻ ഇടവക ജനങ്ങളുടെയും സജീവ സഹകരണവും പിന്തുണയും ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത യോഗം ചർച്ച ചെയ്യുകയും, ഇതിനായുള്ള തുടർ നടപടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

5. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് പഞ്ചാബ് മിഷനിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഒരു വിവരണം നൽകി. കോട്ട് ഇസെഖാനിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ പണികൾ പൂർത്തിയായതായും, ഒക്ടോബർ 20 ന് ഇതിന്റെ വെഞ്ചരിപ്പ് കർമ്മം നടക്കുമെന്നും യോഗത്തെ അറിയിച്ചു.

തുടർന്ന് നടന്ന പൊതു ചർച്ചയിൽ ഫാ. ജെയിംസ് പുത്തൻപറമ്പിൽ, ഫാ. സോണി വാഴകാട്ട്, ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ, ഫാ. സജി പുഞ്ചയിൽ, ഫാ. ജോൺ ചൂരപ്പുഴ, ഫാ. ബാബുമാപ്പുശ്ശേരി തുടങ്ങിയവർ സംസാരിച്ചു. മതബോധന ക്ലാസ്സുകളുമായി ബന്ധപ്പെട്ട് സമുദായ അവബോധത്തിൽ കുട്ടികളെ വളർത്തു

വാൻ ഉള്ള പുതു പദ്ധതികൾ ആവിഷ്ക്കരിക്കുക, ആരംഭിച്ചിരിക്കുന്ന പദ്ധതികൾക്ക് സ്ഥിരതയുണ്ടാവുക, വയോജനങ്ങൾക്കു വേണ്ടിയുള്ള സംരക്ഷണ പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടത്തിന്റെ ആവശ്യകത എന്നിവയെപ്പറ്റിയെല്ലാം ചർച്ച നടന്നു.

'സ്നേഹനിധി' പദ്ധതിയുടെ കവറുകൾ മുൻകൂട്ടി തന്നെ എല്ലാ ഇടവകകളിലും എത്തിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ തീരുമാനമായി. ഈ പദ്ധതിയുടെ വിജയത്തിനായി എല്ലാ ഇടവകകളുടെയും സജീവമായ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തണമെന്നും യോഗം പ്രത്യേകം നിർദ്ദേശിച്ചു.

അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സമാപന സന്ദേശം നൽകി. എല്ലാവരുടെയും സഹകരണത്തിന് നന്ദി പറയുകയും, മാറിവരുന്ന സിവിൽ സമ്പത്തിക നിയമങ്ങളെപറ്റിയും കൂടുതൽ ശ്രദ്ധയുള്ളവരായിരിക്കണം എന്നു ഓർമ്മപ്പെടുത്തുകയും ചെയ്തു.

തുടർന്ന് രൂപതാ സിഞ്ചെല്ലൂസ് ബഹു. ജോസഫ് മുതിരക്കാലായിൽ അച്ചൻ യോഗത്തിനു നന്ദി പറയുകയും അഭിവന്ദ്യ പിതാവിന്റെ ആശീർവ്വാദ പ്രാർത്ഥനയോടെ യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

# മാനന്തവാടി രൂപത
# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് – ഒക്ടോബർ 10

2026 ഒക്ടോബർ 10-ന് മാനന്തവാടി രൂപതയുടെ പാസ്റ്ററൽ കൗൺസിൽ യോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. രാവിലെ 10.30-ന് ശ്രീമതി സിജി വർഗീസ് ഇലഞ്ഞിക്കൽ നയിച്ച ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

**1. അനുശോചനം**

മാനന്തവാടി രൂപതാഗാനം, റേഡിയോ മാറ്റൊലി പ്രാരംഭ ഗാനം, വിശുദ്ധ കുർബാന ഗാനങ്ങൾ എന്നിവ ഉൾപ്പെടെ നിരവധി ഗാനങ്ങൾ രചിച്ച ശ്രീ. ബാബു ഉരുളിയാനിക്കലിനെയും മാനന്തവാടി രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിനെയും യോഗം അനുസ്മരിച്ചു. ഇരുവരുടെയും വിലപ്പെട്ട സംഭാവനകൾ നന്ദിയോടെ സ്മരിക്കുകയും അവരുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

**2. സ്വാഗതം**

മാനന്തവാടി രൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

സമുദായ ശക്തീകരണ വർഷത്തിന്റെ പ്രവർത്തനങ്ങളും സന്ദേശങ്ങളും ഇനിയും എത്തിച്ചേരാത്ത വ്യക്തികളിലേക്കും മേഖലകളിലേക്കും എത്തിക്കേണ്ടതിന്റെ ആവശ്യകത പിതാവ് ഓർമിപ്പിച്ചു. സാമൂഹിക ഭദ്രതയും സമുദായ പുരോഗതിയും വിശ്വാസ ഭദ്രതയിൽ അടിയുറച്ചു കൊണ്ടായിരിക്കണം കൈവരിക്കേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി.

**3. സമുദായ ശക്തീകരണ വർഷം – അർദ്ധവാർഷിക വിലയിരുത്തൽ**

സമുദായ ശക്തീകരണ വർഷത്തിന്റെ അർദ്ധ വാർഷിക പ്രവർത്തന റിപ്പോർട്ട് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും സമുദായ ശക്തീകരണ വർഷാചരണത്തിന്റെ ജനറൽ കൺവീനറുമായ ശ്രീ. ജോസ് മാത്യു പുഞ്ചയിൽ അവതരിപ്പിച്ചു. ഇടവക, ഫൊറോന, കോർ കമ്മിറ്റി, സെൻട്രൽ കമ്മിറ്റി, വൈദിക സമിതി എന്നീ തലങ്ങളിൽ പ്രവർത്തന റിപ്പോർട്ടിനെ ആധാരമാക്കി നടന്ന

വിലയിരുത്തലുകളും അവയിൽ ഉയർന്നുവന്ന പ്രധാന നിർദേശങ്ങളും അദ്ദേഹം സംക്ഷിപ്തമായി അവതരിപ്പിച്ചു.

തുടർന്ന് നടന്ന ചർച്ചയിൽ, ആദ്യ അർദ്ധവാർഷികത്തിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും നടപ്പാക്കാൻ സാധിച്ചതായി പാസ്റ്ററൽ കൗൺസിൽ വിലയിരുത്തി. തുടർന്നുള്ള പ്രവർത്തനങ്ങളിൽ തൊഴിൽ സാധ്യത വർധിപ്പിക്കൽ, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണവും ശക്തീകരണവും, സംരംഭകത്വ പ്രോത്സാഹനം, കുട്ടികളെയും യുവജനങ്ങളെയും കേന്ദ്രീകരിച്ചുള്ള പദ്ധതികൾ, ദീർഘകാലാടിസ്ഥാനത്തിലുള്ള സമുദായ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രത്യേക മുൻഗണന നൽകണമെന്ന് യോഗം നിർദേശിച്ചു.

**4. ചാക്രികലേഖന അവലോകനം**

പരിശുദ്ധ പിതാവ് മാർ ലെയോ പതിനാലാമൻ പാപ്പായുടെ മാനവ മഹത്വം *(Magnifica Humanitas)* എന്ന ചാക്രികലേഖനത്തെ ആധാരമാക്കി മാനന്തവാടി രൂപതാ വികാരി ജനറൽ ബഹു. ഫാ. പോൾ മുണ്ടോളിക്കൽ ക്ലാസ് നയിച്ചു.

വ്യവസായ വിപ്ലവത്തെ തുടർന്നുണ്ടായ സാമൂഹിക മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട *Rerum Novarum* എന്ന ചാക്രിക ലേഖനത്തിന്റെ തുടർച്ചയെന്നോണം, ആധുനിക ലോകത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിതെളിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഉപയോഗം, അതിന്റെ സാധ്യതകൾ, സമൂഹത്തിൽ അതു ചെലുത്തുന്ന സ്വാധീനം, അതുമായി ബന്ധപ്പെട്ട അപകട സാധ്യതകൾ എന്നിവയെക്കുറിച്ച് പുതിയ ചാക്രിക ലേഖനം നൽകുന്ന സന്ദേശങ്ങൾ അദ്ദേഹം ഉദാഹരണസഹിതം വിശദീകരിച്ചു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി മനുഷ്യന് ദൈവത്തിൽ നിന്ന് അകന്ന് ബാബേൽ ഗോപുരത്തിന്റെ മാതൃകയിൽ പുരോഗതി തേടാനും, മറുവശത്ത് നെഹമിയായുടെ പുസ്തകത്തിൽ വിവരിക്കുന്നതുപോലെ ദൈവത്തോടൊപ്പം ജറുസലേം പുനർനിർമിക്കുന്നതിന് സാങ്കേതിക വിദ്യയെ ഉപയോഗിക്കാനും കഴിയുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വ്യാജവാർത്തകളും കൃത്രിമ ഉള്ളടക്കങ്ങളും സൃഷ്ടിച്ച് സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതുവഴി തെറ്റായ സാമൂഹിക ധാര

ണകൾ രൂപപ്പെടുകയും അത് സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യുന്ന സാഹചര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും ക്ലാസിൽ ഓർമിപ്പിച്ചു.

**5. ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ**

ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ തോമാട്ടുചാൽ, പുതിയിടംകുന്ന്, വാഴവറ്റ-പാക്കം, വാഴവറ്റ അത്തിച്ചാൽ എന്നിവിടങ്ങളിലായി 52 വീടുകൾ പൂർത്തീകരിച്ചുവരുന്നതായി പുനഃരധിവാസ കമ്മിറ്റി കൺവീനറും WSSS ഡയറക്ടറുമായ ബഹു. ഫാ. ജിനോജ് പാലത്തടത്തിൽ അറിയിച്ചു.

വാഴവറ്റ-പാക്കത്ത് നിർമിച്ചിട്ടുള്ള 34 വീടുകളുടെ വെഞ്ചിരിപ്പും വാഴവറ്റ അത്തിച്ചാലിൽ നിർമ്മിക്കുന്ന 15 വീടുകളുടെ തറക്കല്ലിടലും 2026 നവംബർ 27-ന് നടക്കുമെന്നും അദ്ദേഹം അറിയിച്ചു.

തുടർന്ന്, ചൂരൽമല ദുരന്തബാധിതരുടെ പുനഃരധിവാസത്തിനായി സ്ഥലം ഏറ്റെടുക്കൽ, രജിസ്ട്രേഷൻ, വീടുകളുടെ നിർമാണം, അനുബന്ധ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ നേരിട്ട ബുദ്ധിമുട്ടുകളും വെല്ലുവിളികളും രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് പാസ്റ്ററൽ കൗൺസിലിന് വിശദീകരിച്ചു.

**6. നസ്രാണി ഫെസ്റ്റ്**

നസ്രാണി ക്രൈസ്തവരുടെ സമ്പന്നമായ പാരമ്പര്യത്തിലേക്ക് വെളിച്ചം വീശുന്നതിനും പുതിയ തലമുറയെ ആ പൈതൃകവുമായി കൂടുതൽ അടുപ്പിക്കുന്നതിനുമായി മാനന്തവാടി രൂപത സംഘടിപ്പിക്കുന്ന ബൃഹത്തായ പദ്ധതിയായ 'നസ്രാണി ഫെസ്റ്റ്' സംബന്ധിച്ച് ഫെസ്റ്റ് കൺവീനർ റവ. ഫാ. ജെസ്റ്റിൻ മുത്താനിക്കാട്ട് വിശദീകരിച്ചു.

2026 നവംബർ 8-ന് വൈകുന്നേരം 6 മുതൽ രാത്രി 10 വരെ ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ മൈതാനത്ത് നടക്കുന്ന പരിപാടിയുടെ വിശദാംശങ്ങളെക്കുറിച്ച് യോഗത്തിൽ ചർച്ച നടന്നു.

രൂപതയിലെ 12 ഫൊറോനകളിൽ നിന്നും നീലഗിരി റീജിയനിൽ നിന്നായി 600 ലേറെ കലാകാരന്മാർ പങ്കെടുക്കുകയും

മാർഗംകളി, റമ്പാൻ പാട്ട്, ചവിട്ടുനാടകം തുടങ്ങിയ തനത് നസ്രാണി കലാരൂപങ്ങൾ അവതരിപ്പിക്കുകയും ചെയ്യും. കൂടാതെ ഏകദേശം 25 സ്റ്റാളുകളിലായി പിടിയുംകോഴിയും, കപ്പ ബിരിയാണി തുടങ്ങിയ നസ്രാണി പാരമ്പര്യ ഭക്ഷണവിഭവങ്ങളും ഒരുക്കും.

സീറോ മലബാർ സഭയുടെ ചരിത്രത്തിലെ തന്നെ ശ്രദ്ധേയവും ബൃഹത്തുമായ നസ്രാണി സംഗമങ്ങളിലൊന്നായി വിഭാവനം ചെയ്തിരിക്കുന്ന ഈ പരിപാടിയിൽ അയ്യായിരത്തിലധികം ആളുകൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏകദേശം 25 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിപുലമായ പദ്ധതിയാണിതെന്നും യോഗത്തിൽ അറിയിച്ചു.

**7. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിനെ അനുസ്മരിച്ച് കവിത**

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിനെ അനുസ്മരിച്ച് ശ്രീ. ജോസ് പുന്നക്കുഴി രചിച്ച കവിത അദ്ദേഹം തന്നെ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ ആലപിച്ചു. പിതാവിന്റെ ജീവിതത്തെയും സേവനങ്ങളെയും ഹൃദയസ്പർശിയായി അവതരിപ്പിച്ച കവിത ഏറെ അർത്ഥവത്തും ഹൃദ്യവുമായിരുന്നു.

**8. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് – പ്രമേയം**

കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ സാമൂഹികസാമ്പത്തിക പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിച്ച് ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ അടിയന്തരമായി നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം മാനന്തവാടി രൂപത പി. ആർ. ഒ. അംഗം ശ്രീ. സാലു അബ്രഹാം മേച്ചേരിൽ അവതരിപ്പിച്ചു.

തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ജോസ് പള്ളത്ത്, ബെന്നി ഇലഞ്ഞിക്കൽ, ജോയി ചാച്ചിറ, ക്രിസ്റ്റി കരിവള്ളിത്തറ, എം. സി. സെബാസ്റ്റ്യൻ, ജോൺസൺ തൊഴുത്തുങ്കൽ, ജോസ് പുന്നക്കുഴി, ഫാ. ജോഫ്രി കളരിക്കൽ, റോബിൻ സാർ, ഗ്രേസി ചിറ്റിലപ്പള്ളി, മേഴ്സി ബെന്നി അമരിക്കാട്ട്, ഒ. ഷെൻസി കുര്യൻ ടീച്ചർ, ബീന കരിമാംകുന്നേൽ തുടങ്ങിയവർ സംസാരിച്ചു.

**9. കുടുംബ സുരക്ഷാ പദ്ധതി**

സമുദായ ശക്തീകരണ വർഷത്തിന്റെ ഭാഗമായി മാനന്തവാടി രൂപത ആവിഷ്കരിച്ചിരിക്കുന്ന കുടുംബ സുരക്ഷാ പദ്ധതിയെക്കുറിച്ച് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ വിശദീകരിച്ചു.

കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രധാനമായും മൂന്ന് മേഖലകളെ കേന്ദ്രീകരിച്ചാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്:

1. തൊഴിൽ ലഭ്യതയും സ്വയംതൊഴിൽ-സംരംഭകത്വ പ്രോത്സാഹനവും
2. എല്ലാവർക്കും പെൻഷൻ പദ്ധതി
3. എല്ലാവർക്കും ഇൻഷുറൻസ് പരിരക്ഷ പദ്ധതി

ഈ മൂന്ന് മേഖലകളിലെയും പ്രവർത്തന സാധ്യതകളെക്കുറിച്ച് യോഗത്തിൽ വിശദമായ ചർച്ച നടന്നു. വയോജനങ്ങളുടെ കൂട്ടായ്മകളും ഗ്രൂപ്പുകളും രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സെൻട്രൽ കമ്മിറ്റിയിലും വൈദിക സമിതിയിലും ഉയർന്നുവന്ന നിർദേശം പാസ്റ്ററൽ കൗൺസിലിലും ചർച്ച ചെയ്യപ്പെട്ടു.

**10. സമാപന സന്ദേശം**

പാസ്റ്ററൽ കൗൺസിലിൽ ഉയർന്നുവന്ന ചർച്ചകളും പ്രമേയങ്ങളും വിവിധ റിപ്പോർട്ടുകളും സംഗ്രഹിച്ചുകൊണ്ട് മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് സമാപന സന്ദേശം നൽകി.

'സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ' എന്ന സുവിശേഷ സന്ദേശത്തിന്റെ പ്രസക്തി ആധുനിക കാലഘട്ടത്തിൽ ഏറെ വലുതാണെന്ന് പിതാവ് ഓർമിപ്പിച്ചു.

ഇന്നത്തെ സമൂഹത്തെ ശക്തമായി സ്വാധീനിക്കുന്ന '3M' - Money, Muscle, Media (പണം, കായികബലം/അധികാരബലം, മാധ്യമം) എന്നീ ശക്തികേന്ദ്രങ്ങളെക്കുറിച്ചും അവ സമൂഹജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും പിതാവ് വിശദീകരിച്ചു. മാറുന്ന സാമൂഹിക സാഹചര്യങ്ങളിൽ വിവേകത്തോടെയും വിശ്വാസബോധത്തോടെയും ഐക്യത്തോടെയും മുന്നോട്ടുപോകേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഓർമിപ്പിച്ചു.

**11. നന്ദിപ്രകാശനം**

യോഗത്തിൽ പങ്കെടുത്ത അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും സന്യസ്തർക്കും പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കും വിവിധ വിഷയങ്ങൾ അവതരിപ്പിക്കുകയും ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും ചെയ്ത എല്ലാവർക്കും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോസ് മാത്യു പുഞ്ചയിൽ നന്ദി അറിയിച്ചു.

സമുദായ ശക്തീകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി എല്ലാവരും ഒറ്റ ടീമായി ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം നന്ദിപ്രസംഗത്തിൽ പ്രത്യേകം ഓർമിപ്പിച്ചു.

രൂപതാഗാനത്തോടെയും രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ ആശീർവാദത്തോടെയും ഉച്ചയ്ക്ക് 2 മണിയോടെ പാസ്റ്ററൽ കൗൺസിൽ യോഗം സമാപിച്ചു.

**ജോസ് മാത്യു പുഞ്ചയിൽ**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

## 2026 ഒക്ടോബർ മാസത്തിലെ കുടുംബ കൂട്ടായ്മകളിലെ പഠനവിഷയം
## രാഷ്ട്രീയവും സമുദായ ശക്തീകരണവും

സമൂഹത്തിന്റെ ഉന്നമനവും വിവിധ സമുദായങ്ങളുടെ നില നിൽപ്പും വളർച്ചയും ഒരു രാജ്യത്തിന്റെ ഭരണഘടനയെയും നിയമ വ്യവസ്ഥയെയും പൊതു നയങ്ങളെയും ഏറെ ആശ്രയിച്ചിരി ക്കുന്നു. നിയമങ്ങൾ നിർമ്മിക്കുന്നതും അവ നടപ്പിലാക്കുന്നതും ഭരണകൂടങ്ങളാണ്. ഭരണകൂടത്തെ നയിക്കുന്നവരുടെ കാഴ്ചപ്പാടു കളും മൂല്യബോധവും മുൻഗണനകളും രാജ്യത്തിന്റെ നയരൂപീകര ണത്തെ സ്വാധീനിക്കുന്നു. അതുകൊണ്ടുതന്നെ രാഷ്ട്രീയം മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളെയും നേരിട്ടോ പരോക്ഷ മായോ ബാധിക്കുന്ന ഒന്നാണ്.

**എന്താണ് രാഷ്ട്രീയം?**

സമൂഹത്തെ നയിക്കുന്നതിനും അധികാരവും വിഭവങ്ങളും നീതിപൂർവം വിനിയോഗിക്കുന്നതിനും പൊതുനന്മ ലക്ഷ്യമാക്കി നിയമങ്ങളും നയങ്ങളും രൂപീകരിക്കുന്നതിനുമുള്ള കലയും ശാസ് ത്രവുമാണ് രാഷ്ട്രീയം. ഗ്രീക്ക് പദമായ 'പോളിസ്' (Polis -നഗര രാഷ്ട്രം) എന്ന വാക്കിൽ നിന്നാണ് 'പൊളിറ്റിക്സ്' (Politics) എന്ന പദം രൂപം കൊണ്ടത്.

മനുഷ്യൻ സ്വഭാവത്താൽ തന്നെ ഒരു സാമൂഹിക രാഷ്ട്രീയ ജീവിയാണെന്ന അരിസ്റ്റോട്ടിലിന്റെ നിരീക്ഷണം പ്രസിദ്ധമാണ്. സമൂഹത്തോടൊപ്പം ജീവിക്കുക, പൊതുകാര്യങ്ങളിൽ പങ്കാളിയാ കുക, പരസ്പര സഹകരണത്തിലൂടെ മെച്ചപ്പെട്ട സാമൂഹികക്രമം രൂപപ്പെടുത്തുക എന്നിവ മനുഷ്യ ജീവിതത്തിന്റെ സ്വാഭാവിക ഭാഗ ങ്ങളാണ്.

അതിനാൽ രാഷ്ട്രീയം കേവലം ഭരണകൂടത്തെയോ അധി കാര മത്സരത്തെയോ മാത്രം സൂചിപ്പിക്കുന്നില്ല. വിഭവങ്ങളുടെ നീതിപൂർവമായ വിതരണം, അധികാരവിനിയോഗം, നിയമനിർ മ്മാണം, മനുഷ്യാവകാശങ്ങളുടെ സംരക്ഷണം, സാമൂഹിക നീതി, തുല്യാവസരം, പൊതു നന്മ എന്നിവയെല്ലാം രാഷ്ട്രീയത്തിന്റെ വിശാലമായ പരിധിയിൽ ഉൾപ്പെടുന്നു.

**രാഷ്ട്രീയത്തെക്കുറിച്ചുള്ള വിവിധ ദർശനങ്ങൾ**

രാഷ്ട്രീയത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും സമീപനങ്ങളും വിവിധ തത്ത്വചിന്തകളിലും പ്രത്യയശാസ്ത്രങ്ങളിലും വ്യത്യസ്തമാണ്.

**1. ക്രൈസ്തവ ദർശനവും രാഷ്ട്രീയവും**

ക്രൈസ്തവ ദർശനത്തിൽ രാഷ്ട്രീയത്തിനും പൊതുജീവിതത്തിനും സുപ്രധാനമായ സ്ഥാനമുണ്ട്. എന്നാൽ അധികാരത്തെക്കാൾ മനുഷ്യന്റെ അന്തസ്സിനും നീതിക്കും പൊതുനന്മയ്ക്കുമാണ് ക്രൈസ്തവ സമീപനം മുൻഗണന നൽകുന്നത്.

'എന്റെ രാജ്യം ഈ ലോകത്തിന്റേതല്ല' (വി. യോഹന്നാൻ 18:36) എന്ന് യേശു വ്യക്തമാക്കുമ്പോഴും ലൗകിക സമൂഹത്തോടുള്ള മനുഷ്യന്റെ ഉത്തരവാദിത്വങ്ങളെ അവിടുന്ന് നിരാകരിക്കുന്നില്ല. 'സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക' എന്ന പ്രബോധനം ഭരണകൂടത്തോടുള്ള പൗരന്റെ ന്യായമായ കടമകളെയും ദൈവത്തോടുള്ള വിശ്വാസപരമായ ഉത്തരവാദിത്വത്തെയും ഓർമ്മിപ്പിക്കുന്നു. അധികാരം ശുശ്രൂഷയ്ക്ക് എന്നതാണ് ക്രൈസ്തവ രാഷ്ട്രീയ ദർശനത്തിന്റെ അടിത്തറ.

വിശക്കുന്നവന് ഭക്ഷണം നൽകുക, ദരിദ്രനെയും ദുർബലനെയും സംരക്ഷിക്കുക, അവഗണിക്കപ്പെട്ടവരോടൊപ്പം നിൽക്കുക, നീതിക്കുവേണ്ടി പ്രവർത്തിക്കുക തുടങ്ങിയവ ക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ കാതലാണ്. വി. മത്തായി 25:31-46 ലെ അന്ത്യ വിധിയെക്കുറിച്ചുള്ള പ്രബോധനം ഇതിന് ശക്തമായ അടിത്തറ നൽകുന്നു.

അതുപോലെ, നിയമങ്ങളുടെയും സാമൂഹിക സംവിധാനങ്ങളുടെയും ആത്യന്തിക ലക്ഷ്യം മനുഷ്യന്റെ നന്മയായിരിക്കണമെന്ന കാഴ്ചപ്പാടും സുവിശേഷം മുന്നോട്ടുവയ്ക്കുന്നു. 'സാബത്ത് മനുഷ്യനുവേണ്ടിയാണ്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല' (മർക്കോസ് 2:27) എന്ന യേശുവിന്റെ വാക്കുകൾ നിയമങ്ങളും സംവിധാനങ്ങളും മനുഷ്യന്റെ അന്തസ്സിനും നന്മയ്ക്കും സേവിക്കേണ്ടവയാണെന്ന അടിസ്ഥാനതത്ത്വത്തിലേക്ക് നമ്മെ നയിക്കുന്നു.

**സഭയും രാഷ്ട്രീയവും**

സഭയുടെ ദൗത്യം ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ഭാഗമായി പ്രവർത്തിക്കുക എന്നതല്ല. മറിച്ച് സത്യം, നീതി, മനുഷ്യാ

ന്തസ്സ്, സമാധാനം, സ്വാതന്ത്ര്യം, ഐക്യദാർഢ്യം, പൊതുനന്മ തുടങ്ങിയ മൂല്യങ്ങളുടെ കാവൽക്കാരിയായി നിലകൊള്ളുക എന്നതാണ്.

കത്തോലിക്കാ സാമൂഹിക പ്രബോധനം (Catholic Social Teaching) വിശ്വാസികളെ പൊതുസമൂഹത്തോട് ഉത്തരവാദിത്വമുള്ളവരാകാനും അനീതിക്കും അഴിമതിക്കും ചൂഷണത്തിനുമെതിരെ നിലകൊള്ളാനും ദരിദ്രരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും അവകാശങ്ങൾ സംരക്ഷിക്കാനും ജനാധിപത്യ പ്രക്രിയകളിൽ ഉത്തരവാദിത്വത്തോടെ പങ്കാളികളാകാനും ആഹ്വാനം ചെയ്യുന്നു.

ഈ മൂല്യങ്ങൾ പൊതുജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടത് സഭാംഗങ്ങളുടെ സുപ്രധാനമായ സാമൂഹിക ഉത്തരവാദിത്വമാണ്.

**മറ്റു പ്രധാന രാഷ്ട്രീയ ദർശനങ്ങൾ**

**2. ഉദാരവാദം (Liberalism)**

വ്യക്തിസ്വാതന്ത്ര്യം, തുല്യത, മനുഷ്യാവകാശങ്ങൾ, നിയമവാഴ്ച, ജനാധിപത്യം എന്നിവയ്ക്കാണ് ഉദാരവാദം പ്രധാന്യം നൽകുന്നത്. ഭരണകൂടത്തിന്റെ അധികാരം നിയമത്തിന് വിധേയവും നിയന്ത്രിതവുമായിരിക്കണമെന്നും വ്യക്തികളുടെ മൗലികാവകാശങ്ങളിൽ അനാവശ്യമായ ഇടപെടൽ ഉണ്ടാകരുതെന്നും ഉദാരവാദം വാദിക്കുന്നു.

**3. മാർക്സിസവും കമ്മ്യൂണിസവും (Marxism and Communism)**

കാൾ മാർക്സിന്റെ ചിന്തയിൽ സാമ്പത്തിക വർഗങ്ങൾ തമ്മിലുള്ള സംഘർഷത്തിന് ചരിത്രപരമായ മാറ്റങ്ങളിൽ നിർണായക സ്ഥാനമുണ്ട്. ഉത്പാദനോപാധികളുടെ ഉടമസ്ഥതയും സാമ്പത്തിക അധികാരവും സമൂഹത്തിലെ അധികാരബന്ധങ്ങളെ നിർണയിക്കുന്നതായി മാർക്സിസം വിലയിരുത്തുന്നു.

വർഗചൂഷണം അവസാനിപ്പിച്ച് സാമ്പത്തിക സാമൂഹിക അസമത്വങ്ങൾ ഇല്ലാതാക്കുകയും വർഗരഹിതമായ ഒരു സമൂഹത്തിലേക്ക് എത്തുകയും ചെയ്യുക എന്നതാണ് മാർക്സിസ്റ്റ് ചിന്തയുടെ അടിസ്ഥാന ലക്ഷ്യങ്ങളിൽ ഒന്ന്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് വിവിധ മാർക്സിസ്റ്റ് പ്രസ്ഥാനങ്ങൾ ചരിത്രത്തിൽ വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്.

**4. ഗാന്ധിയൻ ദർശനം (Gandhian Politics / Sarvodaya)**

ആത്മീയതയെയും ധാർമ്മികതയെയും രാഷ്ട്രീയത്തിൽ നിന്ന് വേർതിരിക്കാനാവില്ലെന്ന് മഹാത്മാഗാന്ധി വിശ്വസിച്ചു. രാഷ്ട്രീയത്തെ ധാർമ്മിക മൂല്യങ്ങളാൽ സമ്പന്നമാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സമീപനം.

സത്യം, അഹിംസ, സർവോദയം എല്ലാവരുടെയും ഉന്നതി ഗ്രാമസ്വരാജ്, അധികാര വികേന്ദ്രീകരണം, ദുർബലരോടുള്ള കരുതൽ എന്നിവ ഗാന്ധിയൻ രാഷ്ട്രീയ ദർശനത്തിന്റെ പ്രധാന അടിസ്ഥാനങ്ങളാണ്.

**5. യാഥാസ്ഥിതികത്വം (Conservatism)**

പരമ്പരാഗത മൂല്യങ്ങൾ, സംസ്കാരം, സാമൂഹിക സ്ഥാപനങ്ങൾ, കുടുംബം, സാമൂഹിക സ്ഥിരത എന്നിവയുടെ സംരക്ഷണത്തിനാണ് യാഥാസ്ഥിതിക രാഷ്ട്രീയം ഊന്നൽ നൽകുന്നത്. പെട്ടെന്നുള്ള സമൂലമായ മാറ്റങ്ങളേക്കാൾ അനുഭവത്തിന്റെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിലുള്ള ക്രമാനുഗതമായ പരിഷ്കാരങ്ങളെയാണ് ഈ സമീപനം പൊതുവെ പിന്തുണയ്ക്കുന്നത്.

**6. പുരോഗമനവാദം**

പുരോഗമനവാദം എന്നത് സമൂഹം നിലവിലുള്ള അവസ്ഥയിൽ നിൽക്കാതെ, കാലാനുസൃതമായ മാറ്റങ്ങളിലൂടെ കൂടുതൽ നീതിയുക്തവും സമത്വപരവും മനുഷ്യ കേന്ദ്രിതവുമായി മുന്നേറണം എന്ന ആശയമാണ്.

വിദ്യാഭ്യാസം, ശാസ്ത്രീയ ചിന്ത, സാമൂഹിക നീതി, തുല്യാവകാശം, ജനാധിപത്യം, മനുഷ്യാവകാശങ്ങൾ തുടങ്ങിയവയ്ക്ക് പുരോഗമനവാദം പൊതുവേ പ്രാധാന്യം നൽകുന്നു. കാലഹരണപ്പെട്ടതോ അനീതി നിലനിർത്തുന്നതോ ആയ സാമൂഹിക ആചാരങ്ങളും വ്യവസ്ഥകളും വിമർശനാത്മകമായി പരിശോധിച്ച് ആവശ്യമായ പരിഷ്കാരങ്ങൾ കൊണ്ടുവരണമെന്നും ഇത് വാദിക്കുന്നു.

അതേസമയം, പുരോഗമനവാദം എന്നത് പാരമ്പര്യത്തെയും മതത്തെയും സംസ്കാരത്തെയും പൂർണമായി തള്ളിക്കളയുക എന്നതല്ല. പാരമ്പര്യത്തിലെ നല്ല മൂല്യങ്ങളെ സംരക്ഷിച്ചുകൊണ്ട്, മനുഷ്യന്റെ അന്തസ്സിനും സമൂഹത്തിന്റെ പൊതുനന്മയ്ക്കും തടസ്സമാകുന്ന ഘടകങ്ങളെ കാലാനുസൃതമായി പരിഷ്കരിക്കുന്ന സമീപനമായും അതിനെ കാണാം.

ഈ വ്യത്യസ്ത ദർശനങ്ങളെ പരിശോധിക്കുമ്പോൾ രാഷ്ട്രീയം കേവലം അധികാരം പിടിച്ചെടുക്കുന്നതിനോ നിലനിർത്തുന്നതിനോ ഉള്ള മാർഗമല്ലെന്ന് വ്യക്തമാകുന്നു. മനുഷ്യന്റെ അന്തസ്സും സ്വാതന്ത്ര്യവും അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് സമൂഹത്തെ നീതിയുടെയും പൊതുനന്മയുടെയും ദിശയിൽ നയിക്കാനുള്ള വലിയൊരു ധാർമ്മിക ഉത്തരവാദിത്വം കൂടിയാണ് രാഷ്ട്രീയം.

അതുകൊണ്ട് നീതിപൂർവ്വവും സമാധാനപരവും മനുഷ്യ കേന്ദ്രിതവുമായ ഒരു സമൂഹത്തിന്റെ സൃഷ്ടിക്കായി ജനാധിപത്യ രാഷ്ട്രീയ പ്രക്രിയകളിൽ ഉത്തരവാദിത്വത്തോടെ ഇടപെടുക എന്നത് ഓരോ പൗരന്റെയും കടമയാണ്.

**സമുദായ ശക്തീകരണവും രാഷ്ട്രീയവും**

ഒരു സമുദായത്തിന്റെ വിശ്വാസപരവും സാംസ്കാരികവുമായ തനിമയും വ്യക്തിത്വവും നിലനിർത്തുന്നതിനും സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ വികസനത്തിന്റെ ഫലങ്ങൾ തുല്യമായി അനുഭവിക്കുന്നതിനും ആവശ്യമായ അവകാശങ്ങളും അവസരങ്ങളും ഉറപ്പാക്കേണ്ടത് ആ സമുദായത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും അനിവാര്യമാണ്.

രാജ്യത്തും സംസ്ഥാനത്തും പ്രാദേശികതലത്തിലും രൂപപ്പെടുന്ന നിയമങ്ങളും നയങ്ങളും ഭരണപരമായ തീരുമാനങ്ങളും സ്വന്തം സമുദായത്തെയും പൊതു സമൂഹത്തെയും എങ്ങനെ ബാധിക്കുന്നുവെന്ന് ജാഗ്രതയോടെ നിരീക്ഷിക്കണം.

ആവശ്യമായ ഘട്ടങ്ങളിൽ ജനാധിപത്യപരവും നിയമാനുസൃതവും സമാധാനപരവുമായ ഇടപെടലുകൾ നടത്തേണ്ടതും സമുദായാംഗങ്ങളുടെ ഉത്തരവാദിത്വമാണ്. ഇവിടെയാണ് രാഷ്ട്രീയ അവബോധം സമുദായ ശക്തീകരണത്തിന്റെ പ്രധാന ഘടകമായി മാറുന്നത്.

**രാഷ്ട്രീയ സാമൂഹിക ഇടപെടലുകളുടെ സാധ്യതകൾ**

സമുദായ ശക്തീകരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന മേഖലകളിൽ കൂടുതൽ ബോധപൂർവമായ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്:

1. ഗ്രാമസഭകളിലും തദ്ദേശ സ്വയംഭരണ സംവിധാനങ്ങളിലും സജീവമായി പങ്കെടുക്കുക. ജനങ്ങളുടെ ജീവിതത്തെ നേരിട്ട് ബാധിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുന്ന അടിസ്ഥാന

ജനാധിപത്യ വേദികളിൽ സാന്നിധ്യവും അഭിപ്രായവും ഉറപ്പാക്കണം.

2. സർക്കാർ പദ്ധതികളും ക്ഷേമപരിപാടികളും മനസ്സിലാക്കി അർഹരായവർക്ക് അവ പ്രയോജനപ്പെടുത്താൻ സഹായിക്കുക. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ മൂലം ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ബോധവത്കരണം നടത്തണം.
3. പൊതുസംവിധാനങ്ങളിൽ പങ്കാളികളാകുകയും നേതൃത്വ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുകയും ചെയ്യുക. തദ്ദേശസ്ഥാപനങ്ങൾ, വിവിധ സമിതികൾ, വികസന സംവിധാനങ്ങൾ, സാമൂഹിക സ്ഥാപനങ്ങൾ എന്നിവയിൽ യോഗ്യരായവർ സജീവമാകണം.
4. നിയമനിർമ്മാണഭരണ സംവിധാനങ്ങളിൽ അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാൻ പരിശ്രമിക്കുക. കഴിവും മൂല്യബോധവും പൊതുസേവന മനോഭാവവുമുള്ളവരെ പൊതുരംഗത്തേക്ക് വളർത്തിക്കൊണ്ടുവരണം.
5. ജനാധിപത്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ മൂല്യാധിഷ്ഠിതമായി പങ്കാളികളാകുക. രാഷ്ട്രീയത്തെ അകലെനിന്ന് വിമർശിക്കുന്നതിൽ മാത്രം ഒതുങ്ങാതെ, ജനാധിപത്യ സംവിധാനങ്ങൾക്കുള്ളിൽ പ്രവർത്തിച്ച് നന്മയും നീതിയും ശക്തിപ്പെടുത്താൻ ശ്രമിക്കണം.
6. നിയമങ്ങളും ചട്ടങ്ങളും പൊതുനയങ്ങളും പഠിക്കുകയും സമുദായത്തെ ബോധവത്കരിക്കുകയും ചെയ്യുക. അവകാശങ്ങളെയും ഉത്തരവാദിത്വങ്ങളെയും കുറിച്ചുള്ള അറിവാണ് ഫലപ്രദമായ സാമൂഹിക ഇടപെടലിന്റെ അടിസ്ഥാനം.
7. സർക്കാർ പദ്ധതികളുടെ നിർവഹണനിരീക്ഷണ സംവിധാനങ്ങളിൽ പങ്കാളികളാകുക. വികസന പദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ്, സാമൂഹിക ഓഡിറ്റ്, നിരീക്ഷണം തുടങ്ങിയ മേഖലകളിൽ ജനപങ്കാളിത്തം ശക്തമാക്കണം.
8. വോട്ടവകാശം ഉറപ്പാക്കുകയും ഉത്തരവാദിത്വത്തോടെ വിനിയോഗിക്കുകയും ചെയ്യുക. വോട്ടർപട്ടികയിൽ പേര് ഉറപ്പാക്കുന്നതു മുതൽ സ്ഥാനാർഥികളുടെ യോഗ്യതയും നിലപാടുകളും വിലയിരുത്തി ബോധപൂർവം വോട്ട് ചെയ്യുന്നതുവരെ ജനാധിപത്യ ഉത്തരവാദിത്വം നിർവഹിക്കണം.
9. സമുദായത്തിന്റെയും പൊതുസമൂഹത്തിന്റെയും ന്യായമായ അവകാശങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നടപടികളോട്

ജനാധിപത്യപരമായി പ്രതികരിക്കുക. പഠനം, സംവാദം, നിവേദനം, നിയമപരമായ മാർഗങ്ങൾ, സമാധാനപരമായ ജനാധിപത്യ ഇടപെടലുകൾ എന്നിവ പ്രയോജനപ്പെടുത്തണം.

**കുടുംബ കൂട്ടായ്മകളുടെ പങ്ക്**

സമുദായ ശക്തീകരണത്തിൽ കുടുംബ കൂട്ടായ്മകൾക്ക് നിർണായകമായ പങ്കുണ്ട്. കുടുംബ കൂട്ടായ്മകളിൽ രാഷ്ട്രീയ പാർട്ടിപരമായ ചേരിതിരിവുകൾ സൃഷ്ടിക്കുന്നതിനു പകരം രാഷ്ട്രീയ അവബോധം, ഭരണഘടനാബോധം, പൗരബോധം, അവകാശ ബോധം, സാമൂഹിക ഉത്തരവാദിത്വം എന്നിവ വളർത്തുകയാണ് വേണ്ടത്.

ഗ്രാമസഭ, പഞ്ചായത്ത്, നഗരസഭ, നിയമസഭ, പാർലമെന്റ് തുടങ്ങിയ ജനാധിപത്യ സംവിധാനങ്ങളുടെ പ്രവർത്തനം, സർക്കാർ പദ്ധതികൾ, പൗരന്റെ അവകാശങ്ങളും കടമകളും, വോട്ടവകാശത്തിന്റെ പ്രാധാന്യം, നിയമനിർമ്മാണ പ്രക്രിയ തുടങ്ങിയ വിഷയങ്ങളിൽ കുടുംബ കൂട്ടായ്മകളിലൂടെ ചർച്ചകളും പഠനങ്ങളും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കാം.

അതോടൊപ്പം പൊതു പ്രവർത്തനത്തിൽ താൽപര്യവും കഴിവും ധാർമ്മികബോധവുമുള്ള സഭാംഗങ്ങളെ കണ്ടെത്തി പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വിവിധ ജനാധിപത്യ ഭരണ സംവിധാനങ്ങളിൽ ഉത്തരവാദിത്വമുള്ള നേതൃത്വത്തിലേക്ക് വളർത്തിക്കൊണ്ടുവരികയും വേണം.

**മൂല്യാധിഷ്ഠിത രാഷ്ട്രീയ നേതൃത്വം**

രാഷ്ട്രീയരംഗത്തെ അഴിമതി, സ്വാർത്ഥത, അധികാരദുരുപയോഗം, വിഭാഗീയത, വിദ്വേഷം തുടങ്ങിയ പ്രവണതകളെക്കുറിച്ച് പുറത്തുനിന്ന് വിമർശിക്കുന്നതുകൊണ്ടുമാത്രം മാറ്റം സാധ്യമാകണമെന്നില്ല. ആത്മീയതയും ധാർമ്മികതയും സാമൂഹിക പ്രതിബദ്ധതയും പൊതുനന്മയോടുള്ള സമർപ്പണവും ഉള്ള വ്യക്തികൾ രാഷ്ട്രീയപൊതുരംഗങ്ങളിലേക്ക് കടന്നുവരേണ്ടതുണ്ട്.

രാഷ്ട്രീയത്തിൽനിന്ന് നല്ല മനുഷ്യർ മാറിനിൽക്കുകയല്ല വേണ്ടത്; നല്ല രാഷ്ട്രീയത്തിനായി മൂല്യബോധമുള്ള മനുഷ്യർ രാഷ്ട്രീയ പൊതുജീവിതത്തിൽ സജീവമായി ഇടപെടുകയാണ് വേണ്ടത്.

അധികാരം ലക്ഷ്യമാക്കുന്ന രാഷ്ട്രീയത്തിൽനിന്ന് സേവനം ലക്ഷ്യമാക്കുന്ന രാഷ്ട്രീയത്തിലേക്കും, വ്യക്തിതാൽപര്യങ്ങളിൽ

നിന്ന് പൊതുനന്മയിലേക്കും, വിഭാഗീയതയിൽനിന്ന് സഹവർത്തിത്വത്തിലേക്കും, അവകാശവാദങ്ങളിൽനിന്ന് നീതിയിലേക്കും രാഷ്ട്രീയ സംസ്കാരം വളരേണ്ടതുണ്ട്.

സമുദായ ശക്തീകരണം മറ്റുള്ളവർക്കെതിരായ ശക്തി സമാഹരണമല്ല. സ്വന്തം വിശ്വാസവും സാംസ്കാരിക തനിമയും അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് പൊതുസമൂഹത്തിന്റെ നന്മയ്ക്കും രാജ്യത്തിന്റെ പുരോഗതിക്കും സംഭാവന നൽകാൻ ഒരു സമൂഹത്തെ പ്രാപ്തമാക്കുന്ന പ്രക്രിയയാണ് അത്.

അതിനാൽ രാഷ്ട്രീയ അവബോധം, ജനാധിപത്യ പങ്കാളിത്തം, മൂല്യാധിഷ്ഠിത നേതൃത്വം, നിയമബോധം, സാമൂഹിക ഉത്തരവാദിത്വം എന്നിവ സമുദായ ശാക്തീകരണത്തിന്റെ അനിവാര്യ ഘടകങ്ങളായി വളർത്തിയെടുക്കണം.

നല്ല സമൂഹത്തിന് നല്ല രാഷ്ട്രീയം ആവശ്യമാണ്; നല്ല രാഷ്ട്രീയത്തിന് മൂല്യബോധമുള്ള മനുഷ്യരുടെ സജീവ പങ്കാളിത്തവും ആവശ്യമാണ്.

**തയ്യാറാക്കിയത്: സമുദായ ശക്തീകരണ വർഷ കോർകമ്മിറ്റി**
**ഫാ. ജോബി മുക്കാട്ടുകാവുങ്കൽ (വൈസ് ചെയർമാൻ)**
**ജോസ് മാത്യു പുഞ്ചയിൽ (ജനറൽ കൺവീനർ)**

**മതാധ്യാപകദിനം, നവംബർ 08**

സഭയുടെ വിശ്വാസ പരിശീലനം സഭയോളം തന്നെ പഴക്ക മുള്ള ശുശ്രൂഷ എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത് (CT). വിശ്വാസ പരിശീലകർ വിശ്വാസ സാക്ഷികളും ദൈവ ഓർമ്മയുടെ സൂക്ഷി പ്പുകാരുമാണ്. വിശ്വാസ രൂപവത്ക്കരണം വിശ്വാസ പരിശീല കരെ അവരുടെ വിശ്വാസപരിശീലന പ്രവർത്തികളുടെ ഒരു പുനർ വിചിന്തനത്തിനും അവരുടെ മാനുഷിക, ക്രൈസ്തവ വളർച്ചക്കും സഹായിക്കുന്നു. സഭ എക്കാലവും വിശ്വാസ പരിശീലകരുടെ കാര്യ ത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. വിശ്വാസത്തിൽ സഞ്ച രിക്കുന്ന പരിശീലകർ ദൈവവുമായുള്ള വ്യക്തിപരമായ ഐക്യം അന്വേഷിക്കുന്നതോടൊപ്പം എല്ലാ കാര്യങ്ങളിലും ദൈവത്തിൽ വിശ്വസിക്കുവാൻ അവർക്ക് സന്നദ്ധതയുണ്ടാകുകയും ചെയ്യുന്നു. ദൈവത്തിൽ വിശ്വസിക്കുക എന്നതിന്റെ അർത്ഥം ജീവിതത്തിന് ഒരു അർത്ഥം ഉണ്ടെന്ന് തിരിച്ചറിയുക കൂടിയാണെന്ന് വി.ജോൺ ഹെൻട്രി ന്യൂമാൻ പറയുന്നു. വിശ്വാസ പരിശീലകർ വിശ്വാസം അറിഞ്ഞ് അതിൽ ആഴപ്പെട്ട് രൂപാന്തരപ്പെടുമ്പോൾ യഥാർത്ഥ ക്രൈസ്തവ സാക്ഷികളാകുന്നു. അങ്ങനെ അവർ ഈശോയുടെ പ്രവാചക ധർമ്മത്തിൽ പങ്കുകാരാകുന്നു (CCC785). സഭയുടെ വളർച്ചയുടെ പാതയിൽ കുടുംബങ്ങളുടെയും വ്യക്തികളുടെയും രൂപികരണത്തിൽ പ്രവാചക ശബ്ദങ്ങളായി ലോകത്തിന്റെ പ്രകാശ മായ യേശുവിനെ അനുകരിച്ച് പ്രശോഭിക്കുന്ന വിശ്വാസപരിശീല കരായ വൈദികർ, സമർപ്പിതർ, അൽമായ സഹോദരങ്ങൾ ഏവ രെയും രൂപത മതബോധനകേന്ദ്രം അഭിനന്ദിക്കുന്നു, ആശംസ കളർപ്പിക്കുന്നു. ദൈവം നിങ്ങളുടെ എല്ലാവരുടെയും മഹനീയ ശുശ്രൂഷകൾക്ക് തക്കപ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 1**

ഈ വർഷത്തെ ആദ്യസെമസ്റ്റർ പരീക്ഷ 2026 നവംബർ 1 ഞായറാഴ്ചയാണ്. എല്ലാ ഇടവകകളിലും നിശ്ചയിച്ചിരിക്കുന്ന

സമയത്തുതന്നെ (11 മണി മുതൽ 1 മണി വരെ) പരീക്ഷ നടത്തുന്നതിനായി ബഹു. വികാരിയച്ചൻമാരും, ഹെഡ്മാസ്റ്റേഴ്സും ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഒക്ടോബർ 28, 31 തീയതികളിൽ രാവിലെ 10 മണി മുതൽ 4:30 വരെ രൂപത മതബോധന കേന്ദ്രം, മാനന്തവാടി സെന്റ് ജോസഫ് ബുക്ക് സ്റ്റാൾ, മണിമൂളി പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിൽ നിന്നും ചോദ്യപേപ്പർ ലഭിക്കും.

**രൂപതാ +2 പ്രതിഭാ സംഗമം 2026**

2026 നവംബർ 21 വൈകുന്നേരം 4 മണി മുതൽ, 22 വൈകുന്നേരം 4 മണി വരെ (ശനി, ഞായർ) ദിവസങ്ങളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ചാണ് രൂപതാ പ്രതിഭാ സംഗമം നടക്കുന്നത്. XII -ാം ക്ലാസിന്റെ പ്രതിഭാസംഗമം മേഖലയിൽ നടത്തി അവിടെ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 4 കുട്ടികളുടെ (2 ആൺ, 2 പെൺ) പേര്, വീട്ടു പേര്, ഇടവക, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ ഒക്ടോബർ 31 നുള്ളിൽ രൂപതാ മതബോധന ഓഫീസിൽ അറിയിക്കേതാണ്.

2026 ഡിസംബർ 26, 27, 28, തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചാണ് സംസ്ഥാന പ്രതിഭാ സംഗമം നടക്കുന്നത്. രൂപതാ പ്രതിഭാ സംഗമത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 4 കുട്ടികളെ (2 ആൺ, 2 പെൺ) ആണ് സംസ്ഥാന പ്രതിഭാ സംഗമത്തിലേക്ക് അയക്കുക.

**Mission Quest (Mission Quiz)**

സീറോ മലബാർ മിഷൻ ഓഫീസും, മതബോധന കമ്മീഷനും സംയുക്തമായി കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തുന്ന ഈ വർഷത്തെ മിഷൻ ക്വിസ്സ് 2026 നവംബർ 8 ശനിയാഴ്ച നടത്തപെടുന്നു. ഓൺലൈൻ ക്വിസ് ആണ്. താല്പര്യമുള്ളവർ ലിങ്ക് വഴി ജോയിൻ ചെയ്ത് ക്വിസിൽ പങ്കെടുക്കാവുന്നതാണ്. ഉയർന്ന മാർക്ക് നേടുന്നവർക്ക് രൂപതാ തലത്തിലും സംസ്ഥാനതലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കും. വിശദ വിവരങ്ങൾ അടങ്ങിയ ലിങ്ക് ഇതിനോടൊപ്പം ചേർക്കുന്നു.

https://www.syromalabarmission.com/inner?ptype=Qjc0WFFtcWdSamRyR08yRlNUQ2xoZz09&pgid=ZVluaFF4QkpqQitPeXEzUUZmbEFRUT09

**H M Conference**

നമ്മുടെ അടുത്ത H M കോൺഫറൻസ് ഡിസംബർ 12 ന് രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്ത

പ്പെടുന്നതാണ്. പ്രധാനദ്ധ്യാപകർ അന്നേ ദിവസം വരുമ്പോൾ കുട്ടികളുടെ ഈ വർഷത്തെ ചോദ്യ പേപ്പറിന്റെ തുക കൊണ്ടു വരേണ്ടതാണ്. ചോദ്യപേപ്പറിന്റെ തുക ഓരോ ഇടവകകളിലും അറിയിക്കുന്നതാണ്.

**ഡിപ്ലോമ രജിസ്ട്രേഷൻ**

ഈ വർഷത്തെ ഡിപ്ലോമ രജിസ്ട്രേഷൻ ഒക്ടോബർ 18 ന് ആരംഭിക്കുന്നതാണ്. നവംബർ 30 ന് രജിസ്ട്രേഷൻ പൂർത്തിയാക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. കുട്ടികളുടെ വിവരങ്ങൾ കൃത്യമായി പൂരിപ്പിച്ച് ഫോട്ടോയും അപ്ലോഡ് ചെയ്യേതാണ്. വിവരങ്ങൾ പൂർണ്ണമായി ഇംഗ്ലീഷിൽ തന്നെ പൂരിപ്പിക്കാൻ ശ്രദ്ധിക്കുക.

**മതാധ്യാപക സംഗമം**

**നടവയൽ**

നടവയൽ മേഖല മതാധ്യാപക സംഗമം "COMUNITA 2026" 'വിശ്വാസത്തിൽ വേരുറച്ച് സേവനത്തിൽ ഒരുമിച്ച്' എന്ന ആപ്തവാക്യവുമായി സെപ്റ്റംബർ 20-ാം തീയതി സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ചെറുകാട്ടൂരിൽ വച്ച് നടത്തപ്പെട്ടു. ട്രെയിനറും രചയിതാവും ആയ ശ്രീ. സജി എം. നരിക്കുഴി ക്ലാസുകൾക്ക് നേതൃത്വം കൊടുത്തു. മതബോധന രൂപതാ ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ ദിവ്യബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് ബൈബിൾ അധിഷ്ഠിതമായ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ ഇടവകൾ തമ്മിലുള്ള മത്സരങ്ങൾ സംഘടിപ്പിച്ചു. ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ മത്സരങ്ങൾക്ക് നേതൃത്വം കൊടുത്തു. 20, 30 വർഷം വിശ്വാസ പരിശീലകരായി സേവനം ചെയ്ത അധ്യാപകരെ മെമെന്റോ നൽകി ആദരിച്ചു. ആർക്കി എപ്പിസ്കോപ്പൽ ചർച്ച് നടവയൽ ആർച്ച് പ്രീസ്റ്റ് ഫാ. വിൻസന്റ് കളപ്പുരയിൽ, വിവിധ ഇടവകകളിലെ വികാരിമാർ സംഗമത്തിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട മേഖല ഡയറക്ടർ ഫാ. ലാൽ പൈനുങ്കൽ അധ്യാപക സംഗമത്തിന് നേതൃത്വം കൊടുത്തു.

**തരിയോട്**

തരിയോട് മേഖലയിലെ മതാധ്യാപകരുടെ സംഗമം ഒക്ടോബർ 11 ഞായറാഴ്ച രാവിലെ 9 മണിമുതൽ 4 മണി വരെ പുതുശ്ശേരിക്കടവ് ക്രിസ്തുരാജ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. രൂപതാ ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ വി. ബലി അർപ്പിച്ച്

സന്ദേശം നൽകി. പാലാ സെന്റ് തോമസ് കോളേജ് അസി. പ്രൊഫ സർ ഡോ. അലക്സ് ജോർജ് ക്ലാസുകൾ നയിച്ചു. ഫൊറോന വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ ജൂബിലേറിയൻസിനെ ആദരിച്ച് മെമെന്റോ നൽകി. മേഖലാ ഡയറക്ടർ ഫാ. റോബിൻ പടിഞ്ഞാറയിൽ സ്വാഗതവും സെക്രട്ടറി വിൻസെന്റ് പാറയിൽ നന്ദിയും പറഞ്ഞു. വേണ്ട ക്രമീകരണങ്ങൾ ചെയ്ത് തന്ന ഫാ. ജിമ്മി മൂലയിൽ, സണ്ണി മെച്ചേരിയിൽ സാറിനും ഹൃദ്യമായ നന്ദി. വിവിധ ഇടവകകളിൽ നിന്നും 140 അധ്യാപകർ പങ്കെടുത്തു.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്



**പ്രിയ മിഷൻലീഗ് അംഗങ്ങളെ,**

കുറച്ചു വർഷത്തേക്ക് മാത്രം ഒരു മിഷനറിയാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മറിച്ച്, സൃഷ്ടിയുടെ ആരംഭം മുതൽ യുഗാന്തം വരെ ഒരു മിഷനറിയായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്ന് പറഞ്ഞ വിശുദ്ധ കൊച്ചുത്രേസ്യയുടെ പ്രേക്ഷിത തീക്ഷ്ണതയെ നെഞ്ചിലേറ്റി കഴിഞ്ഞ ഒരു മാസക്കാലം നമ്മുടെ ശാഖകളിലും മേഖലകളിലും, രൂപതയിലും ഏറ്റവും മനോഹരമായി മിഷൻ മാസ പ്രവർത്തനങ്ങൾ ക്രമീകരിച്ച നിങ്ങൾക്കെല്ലാവർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ഈ പ്രേക്ഷിത തീക്ഷ്ണതയും, താല് പര്യവും എന്നും നിങ്ങളോടൊപ്പം ഉണ്ടാകട്ടെ എന്ന് ആശംസി ക്കുന്നു. അതോടൊപ്പം രൂപതാ കലാ മത്സരങ്ങൾ ഏറ്റവും മനോ ഹരമായ രീതിയിൽ പൂർത്തിയാക്കുവാൻ നമുക്ക് സാധിച്ചു. അതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. നമ്മുടെ രൂപതയിലെ 13 മേഖലകളിൽ നിന്നായി കലാ മത്സരത്തിൽ മാറ്റു രച്ച എല്ലാ പ്രതിഭകളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. സംസ്ഥാ നതല കലാ മത്സരത്തിന് തിരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും വിജ യാശംസകൾ നേരുന്നു.

പ്രിയ മിഷണറിമാരെ, നവംബർ മാസം ആരംഭിക്കുന്നത് സകല വിശുദ്ധരുടെയും തിരുനാളിനോടും, സകല മരിച്ചവരുടെയും ഓർമ്മ ദിനത്തോടും കൂടിയാണല്ലോ. സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള നമ്മുടെ യാത്രയിൽ ഈ വിശുദ്ധരുടെ മാതൃക നമുക്ക് പ്രചോദന മാകട്ടെ. ഒപ്പം നമുക്ക് മുന്നേ നമ്മുടെ കുടുംബങ്ങളിലും, ഇടവ കയിലും വിശ്വാസം ജീവിച്ച, നമ്മുടെ പൂർവികർ ഈ സമുദായ ശക്തീകരണ വർഷത്തിൽ പ്രത്യേകമായി നമ്മുടെ മാതൃകയാ കട്ടെ. എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

**സന്തോഷച്ചൻ**

**വി. കൊച്ചുത്രേസ്യയുടെ തിരുനാൾ**

ഒക്ടോബർ ഒന്നാം തീയതി മിഷൻ ലീഗിന്റെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ആഘോഷിച്ചു.

**സി. എം. എൽ. സ്ഥാപന ദിനം**

ഒക്ടോബർ 3 ന് ചെറുപുഷ്പ മിഷൻലീഗ് സ്ഥാപിതമായിട്ട് 79 വർഷങ്ങൾ പൂർത്തിയാക്കി 80-ാം വർഷത്തിലേക്ക് കടക്കുമ്പോൾ സംഘടനയിലൂടെ ദൈവം തിരുസഭയ്ക്ക് നൽകിയ നന്മകൾക്ക് നന്ദി പറയുകയും കൂടുതൽ തീക്ഷ്ണതയോടെ പ്രേഷിത ചൈതന്യത്തിൽ ആഴപ്പെടാനുള്ള കൃപയാചിക്കുകയും ചെയ്യാം. അന്നേ ദിനം പോസ്റ്റർ തയ്യാറാക്കി ഷെയർ ചെയ്തു. ഒക്ടോബർ 4-ാം തീയതി രൂപതാതല സംഘടനാദിനം ആഘോഷം വാകേരി ശാഖയിൽ വച്ച് നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് സിജിൻ കൂടക്കാട്ട് അധ്യക്ഷനായിരുന്ന യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ യോഗം ഉദ്ഘാടനം ചെയ്തു.

**സംയുക്ത എക്സിക്യൂട്ടീവ്**

രൂപതാ കലാ മത്സരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും ബത്തേരി മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളും ബത്തേരി ശാഖയും ചേർന്ന് മീറ്റിംഗ് നടത്തി.

**ആദരാഞ്ജലികൾ**

മുൻ രൂപതാ പ്രസിഡന്റ് ടോണി ചെമ്പോട്ടിക്കലിന്റെ വല്യമ്മയുടെ നിര്യാണത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ അനുശോചനം അറിയിക്കുകയും ബഹു. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ മൃതസംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

**മിഷൻ വാരാചരണം**

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന സമിതിയും മാനന്തവാടി രൂപതയും സംയുക്തമായി ചുങ്കക്കുന്ന് ശാഖയിൽ വച്ച് മിഷൻ വാരാചരണ ഉദ്ഘാടനം നടത്തി.

**മിഷൻ ഞായർ ആഘോഷവും മിഷൻ വാരാചരണ സമാപനവും**

രൂപതാതല മിഷൻ ഞായർ ആഘോഷവും മിഷൻ വാരാചരണ സമാപനവും മിഷൻ റാലിയും കൽപ്പറ്റ മേഖലയിലെ കളത്തുവയൽ ഇടവകയിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറയുടെ നേതൃത്വത്തിൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**രൂപതാ ബൈബിൾ കലോത്സവം 2026**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കലോത്സവം ഒക്ടോബർ 20-ന് ബത്തേരി അസംപ്ഷൻ ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ടു. അസംപ്ഷൻ ദേവാലയത്തിൽ നിന്നും ദീപശിഖാ പ്രയാണത്തോടെയും പതാക പ്രയാണത്തോടെയും മത്സരങ്ങൾ ആരംഭിച്ചു. രൂപതാ പ്രസിഡന്റ് സിജിൻ കൂടക്കാട്ട് പതാക ഉയർത്തി. തുടർന്ന് നടന്ന ഉദ്ഘാടന ചടങ്ങിന് രൂപതാ ഡയറക്ടർ റവ. ഫാ. സന്തോഷ് ഒറവാറന്തറ സ്വാഗതം ആശംസിച്ചു. മാനന്തവാടി രൂപത വികാരി ജനറാൾ റവ. ഫാ പോൾ മുണ്ടോളിക്കൽ കലോത്സവം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് സജിൻ കൂടക്കാട്ട് സമ്മേളനത്തിന് അധ്യക്ഷം വഹിച്ചു. 13 വേദികളിലായി മത്സരങ്ങൾ ഭംഗിയായി നടത്തപ്പെട്ടു. രൂപതയിലെ 13 മേഖലകളിൽ നിന്നായി 1300 ഓളം മത്സരാർത്ഥികൾ കലോത്സവത്തിൽ പങ്കെടുത്തു.

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കലോത്സവത്തിൽ മേഖലാതലത്തിൽ ഓവറോൾ ചുങ്കക്കുന്ന്, മണിമൂളി, ബത്തേരി എന്നീ മേഖലകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളും ശാഖാതലത്തിൽ ഓവറോൾ കൊട്ടിയൂർ, കല്ലോടി, ചുങ്കക്കുന്ന് എന്നീ ശാഖകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളും കരസ്ഥമാക്കി. ബത്തേരി ഫൊറോനാ വികാരി റവ. ഫാ. തോമസ് മണക്കുന്നേൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും വിജയികളായവർക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും നൽകുകയും ചെയ്തു. സമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് സജിൻ കൂടക്കാട്ട് അധ്യക്ഷത വഹിച്ചു. മിഷൻലീഗ് ദേശീയ വൈസ് ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിലും സംസ്ഥാന പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കലും ആശംസകൾ അറിയിക്കുകയും കലോത്സവ ജനറൽ കൺവീനർ ജോർജ് തെക്കേത്തൊട്ടിയിൽ എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്തു.

**അഭിനന്ദനങ്ങളും നന്ദിയും**

രൂപതാതല ബൈബിൾ കലോത്സവം വളരെ മനോഹരമായി പൂർത്തിയാക്കാൻ നമുക്ക് സാധിച്ചു, എല്ലാ പ്രിയപ്പെട്ടവർക്കും അഭിനന്ദനങ്ങളും നന്ദിയും! ബൈബിൾ കലോത്സവത്തിൽ വിജയികളായവർക്കും ഗ്രേഡ് കരസ്ഥമാക്കിയവർക്കും പങ്കെടുത്ത എല്ലാ പ്രിയപ്പെട്ട മത്സരാർഥികൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ! കുട്ടികളെ പരിശീലിപ്പിച്ച്, മത്സരത്തിനായി കൊണ്ടുവന്ന എല്ലാ

ശാഖാ, മേഖലാ ഭാരവാഹികൾക്കും ബഹു. ശാഖാ, മേഖലാ ഡയറക്ടർമാർക്കും ജോയിന്റ് ഡയറക്ടർമാർക്കും, മത്സരത്തിനായി ഒരുക്കി കൊണ്ടുവന്ന കുട്ടികളുടെ മാതാപിതാക്കൾക്കും, മത്സര ക്രമീകരണങ്ങൾക്കും, ഒരുക്കങ്ങൾക്കുമായി ആദ്യം മുതൽ അവസാനം വരെ രൂപത സമിതിയോടൊപ്പം ചേർന്ന്നിന്ന ബത്തേരി ശാഖ, ബത്തേരി മേഖല എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, രൂപതാ സമിതി ഹൃദയപൂർവം നന്ദി അറിയിക്കുന്നു.

വ്യക്തിഗത ഇനത്തിൽ ഒന്നും, രണ്ടും, സ്ഥാനം കിട്ടിയവരും, കഥാപ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയവരും, ഗ്രൂപ്പ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ടീമും, 2026 നവംബർ 14 രണ്ടാം ശനിയാഴ്ച തലശ്ശേരി അതിരൂപതയിൽ വച്ച് നടക്കുന്ന സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുന്നതിനായി പരിശീലിക്കണം എന്നും ഓർമിപ്പിക്കുന്നു. വിജയവും പങ്കാളിത്തവും ഒരുപോലെ വിലപ്പെട്ടതാണ്. നമ്മുടെ കുഞ്ഞുമിഷനറിമാർ ദൈവം നൽകിയ കഴിവുകൾ വളർത്തി വിശ്വാസത്തിലും വിജ്ഞാനത്തിലും മുന്നേറട്ടെ എന്ന് പ്രാർഥിക്കുന്നു. എല്ലാവർക്കും ഒരിക്കൽക്കൂടി അഭിനന്ദനങ്ങളും നന്ദിയും!

**ഓർമ്മിക്കാൻ**

നവംബർ മാസത്തിലെ പ്രവർത്തനങ്ങൾ

1/11/2026 : സകല വിശുദ്ധരുടെയും തിരുനാൾ

2/11/2026 : സകല മരിച്ചവരുടെയും തിരുനാൾ

4/11/2026 : വിശുദ്ധ ചാൾസ് ബൊറോമിയോയുടെ തിരുനാൾ

14/11/2026 : സംസ്ഥാന കലാമത്സരം, സംസ്ഥാന സന്യസ്ത കലാമേള

22/11/2026 : ക്രിസ്തുവിന്റെ രാജത്വതിരുനാൾ

29/11/2026 : മിഷൻ മാസ റിപ്പോർട്ട് രൂപതയിൽ എത്തിക്കേണ്ട അവസാന ദിനം

**മേഖല വാർത്തകൾ**

**ചുങ്കക്കുന്ന്**

ഒക്ടോബർ 10 ന് മേഖല ബൈബിൾ കലോത്സവം സംഘടിപ്പിച്ചു. ചുങ്കക്കുന്ന്, കൊട്ടിയൂർ, അടയ്ക്കാത്തോട് ശാഖകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. രൂപതാ ബൈബിൾ കലോത്സവത്തിൽ പങ്കെടുക്കുന്നവരുടെ സംഗമവും, ഒരുക്ക ക്ലാസും നടത്തി.

**നീലഗിരി**

ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം നടത്തി. ശാഖാ, മേഖലാ, രൂപതാ ഡയറക്ടേഴ്സിന് ആശംസകൾ അർപ്പിച്ചു. സെപ്റ്റംബർ 14 സർഗ്ഗപുഷ്പം 2026 കലോത്സവം നടത്തി. മത്സരത്തിൽ എല്ലാ ശാഖകളും പങ്കെടുക്കുകയും ഓവറോൾ ഒന്നാം സ്ഥാനം ധർമ്മഗിരിശാഖയും, രണ്ടാം സ്ഥാനം കയ്യൂന്നി ശാഖയും, മൂന്നാം സ്ഥാനം മൺവയൽ ശാഖയും കരസ്ഥമാക്കി. മത്സരത്തിൽ വിജയികളായവർക്ക് അഭിനന്ദനങ്ങൾ അറിയിക്കുകയും രൂപത മത്സരത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തു. ആറാട്ടുപാറ ശാഖയിൽ വച്ച് മിഷൻ മാസ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുകയും *കൈറോസ് 2026* മിഷൻ മാസം ഉദ്ഘാടനം നടത്തുകയും ചെയ്തു.

**ശാഖാ വാർത്തകൾ**

**പാലേമാട്**

മിഷൻമാസം ഉദ്ഘാടനം ചെയ്തു. പതാക ഉയർത്തി, പതാക വന്ദനം നടത്തി. വിശുദ്ധ കൊച്ചു ത്രേസ്യയുടെ രൂപം അലങ്കരിച്ചു. ഗാന്ധിജയന്തി ദിനം പള്ളി പരിസരവും സെമിത്തേരിയും വൃത്തിയാക്കി. അംഗത്വ സ്വീകരണവും അംഗത്വ നവീകരണവും നടത്തി. രോഗീ സന്ദർശനം നടത്തി.

**ഏലപ്പീടിക**

രോഗീസന്ദർശനം നടത്തി. ഗ്രോട്ടോ വൃത്തിയാക്കി. ലോഗോസ് പഠനത്തിന് ഒരുക്കി. വി. കുർബാനയ്ക്ക് കുട്ടികളെ ഒരുക്കി. ലൈബ്രറി വൃത്തിയാക്കി.

**വാഴവറ്റ**

മേഖല സംഘടിപ്പിച്ച ഹാർവെസ്റ്റ് 2026 ൽ വാഴവറ്റ ശാഖയിലെ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു. മേഖലാ കലാമത്സരത്തിൽ ശാഖ നാലാം സ്ഥാനം കരസ്ഥമാക്കി. ഡയറക്ടേഴ്സ് ദിനത്തിൽ ബഹു. ശാഖാ ഡയറക്ടർ ഫാ. കുര്യാക്കോസ് കുന്നത്തിനെ ആദരിച്ചു. മിഷൻ മാസം ആരംഭം ഉദ്ഘാടനം ചെയ്തു. ക്യാൻസർ രോഗികളുടെ ചികിത്സാ സഹായത്തിനായി വീടുകളിൽ കുടുക്ക നൽകി.

**കല്ലോടി**

വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. കുട്ടികൾക്ക് യൂണിറ്റ് അടിസ്ഥാനത്തിൽ ആരാധന, ക്ലാസ്സുകൾ, കളികൾ,

എന്നിവ സംഘടിപ്പിച്ചു. രോഗീ സന്ദർശനം നടത്തി, സഹായം നൽകി. ഡയറക്ടേഴ്സ് ദിനം ആചരിച്ചു. മേഖലാ കലാമത്സരത്തിൽ ഓവറോൾ കിരീടം കരസ്ഥമാക്കി. രൂപതാ സാഹിത്യ മത്സര വിജയികളെയും, മേഖലാ കലാമത്സര വിജയികളെയും അനുമോദിച്ചു. ക്വിസ്സ് മത്സരം നടത്തി.

**മുള്ളൻകൊല്ലി**

സെപ്റ്റംബർ 1 മുതൽ 8 വരെ നടന്ന വി. കുർബാനയിലും ആരാധനയിലും ജപമാലയിലും സി. എം. എൽ. അംഗങ്ങൾ പങ്കെടുത്തു. ശാഖാതലത്തിൽ കലാമത്സരങ്ങൾ നടത്തി. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം നടത്തി. മേഖലാ കലാസാഹിത്യ മത്സരങ്ങളിൽ 3-ാം സ്ഥാനം കരസ്ഥമാക്കി. ഭവനസന്ദർശനം, രോഗീ സന്ദർശനം അഗതിമന്ദിര സന്ദർശനം നടത്തി. പഞ്ചാബ് മിഷന് ധനസഹായം നൽകി.

**പൂളപ്പാടം**

ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേൽ അച്ചന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് അർദ്ധദിന സെമിനാർ നടത്തി. വിതക്കാരന്റെ ഉപമ കവിതയായി രചിച്ച്, ആലപിച്ചു. ധൂർത്ത പുത്രന്റെ ഉപമ വഞ്ചിപ്പാട്ട് രൂപത്തിൽ രചിച്ച് ആലാപനം നടത്തി. മിഷൻ മാസ ഉദ്ഘാടനവും, പ്രവർത്തന മാർഗരേഖ പ്രകാശനവും നടത്തി.

**പയ്യമ്പള്ളി**

പരി. മാതാവിന്റെ പിറവിതിരുനാൾ ആഘോഷിച്ചു. ജപമാല റാലിയിൽ പരി. അമ്മയുടെ വേഷം ധരിച്ച് കുട്ടികൾ പങ്കെടുത്തു. മേഖല കലാസാഹിത്യ മത്സരങ്ങളിൽ പയ്യമ്പള്ളി ശാഖ ഒന്നാം സ്ഥാനം കരസ്ഥമാക്കി. രൂപതാ സാഹിത്യ മത്സരത്തിൽ ചിത്രരചനയിൽ ജോസഫ് കരിമ്പനകുഴി ഒന്നാം സ്ഥാനവും ചെറുകഥയിൽ സജി തന്നാട്ടിൽ രണ്ടാം സ്ഥാനവും ഉപന്യാസത്തിന് ക്രിസ്റ്റീന പൊൻപാറക്കൽ ഒന്നാം സ്ഥാനവും നേടി.

**മാർട്ടിൻനഗർ**

മതബോധന ഞായർ ആചരിച്ചു. രൂപതാ സാഹിത്യ മത്സരത്തിൽ പെൻസിൽ ഡ്രോയിങ്ങിന് സംസ്ഥാന തലത്തിലേക്ക് സെലക്ഷൻ ലഭിച്ചു. മേഖലാ കലാ മത്സരത്തിൽ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു, നാലാം സ്ഥാനം ലഭിച്ചു. വിശേഷപ്പെട്ട ദിനങ്ങളിൽ പോസ്റ്ററുകളും വീഡിയോയും തയ്യാറാക്കി ഗ്രൂപ്പുകളിലേക്ക് അയച്ചു.

**റിപ്പൺ**

മിഷൻ മാസത്തിന് വർണ്ണാഭമായ തുടക്കം കുറിച്ചു. ഇടവക വികാരി ഫാ. ഷിജു ഐക്കരക്കാനായിൽ തിരി തെളിച്ച് മിഷൻ മാസത്തിന് തുടക്കം കുറിച്ചു. *കൊച്ചുവിന്റെ കൊച്ചു മൊഴികൾ* എന്ന പ്രോഗ്രാമിന് തുടക്കം കുറിച്ചു. സി. എം. എൽ. സ്ഥാപക ദിനം വിപുലമായി ആഘോഷിച്ചു. സൺഡേ സ്കൂൾ കുട്ടികളുടെ നേതൃത്വത്തിൽ വചന ട്രീ തയ്യാറാക്കി, പള്ളി അങ്കണത്തിൽ സ്ഥാപിച്ചു.

**ചുങ്കക്കുന്ന്**

10, +2 എ പ്ലസ് ലഭിച്ചവരെ ആദരിച്ചു. മരിയൻ റോസറിവില്ല, സഹനജപമാല, മരിയൻ ഗാനമത്സരം, എന്നിവ നടത്തി. 25 -50 വിവാഹ വാർഷികം ആഘോഷിക്കുന്നവരെ ആദരിച്ചു. മേഖല സാഹിത്യ മത്സര വിജയികളെ ആദരിച്ചു. 40 ദിവസം നീണ്ടുനിന്ന വചനവിചിന്തനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. മിഷൻ മാസ ഉദ്ഘാടനം നടത്തി. പതാക ഉയർത്തൽ, റാലി, വാർത്ത വായന, ബൈക്ക് റാലി, ഛായാ ചിത്ര പ്രയാണം എന്നിവ നടത്തി.

**കൽപ്പറ്റ**

ഡയറക്ടേഴ്സ് ദിനത്തിൽ വൈദികർക്ക് ആശംസകൾ അർപ്പിച്ചു. വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളിൽ വീഡിയോ തയ്യാറാക്കി അയക്കുകയും പ്രാർത്ഥനാ ദിനമായി ആചരിക്കുകയും ചെയ്തു. വന്യമൃഗ ശല്യത്തിനെതിരെ പ്രതിഷേധിച്ചുകൊണ്ട് പോസ്റ്റർ അയച്ചു. ഇടവക മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ആഘോഷിച്ചു. രോഗീ സന്ദർശനം നടത്തി. വി. മത്തായി ശ്ലീഹായുടെ നാമധാരിയായ ജോമിൻ അച്ചനെ ഫീസ്റ്റ് ദിനത്തിൽ ആദരിച്ചു.

**മൺവയൽ**

മേഖലാ കലാമത്സരത്തിൽ ശാഖയ്ക്ക് രണ്ടാം സ്ഥാനവും കലാസാഹിത്യ മത്സരത്തിൽ മൂന്നാം സ്ഥാനവും ലഭിച്ചു. മിഷൻ ലീഗിന്റെ പതാക ഉയർത്തി, മിഷൻ മാസത്തിന് ആരംഭം കുറിച്ചു. പതാക എല്ലാ കുടുംബങ്ങൾക്കും നൽകി. അൾത്താര കുട്ടികൾക്ക് പ്രാക്ടീസ് നടത്തി. ഭവന സന്ദർശനം, രോഗീ സന്ദർശനം, ആശുപത്രി സന്ദർശനം എന്നിവ നടത്തി. തിരുബാലസഖ്യം മത്സരത്തിനുള്ള തയ്യാറെടുപ്പ് ആരംഭിച്ചു.

**മുതിരേരി**

ഭവനസന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. മിഷൻ മാസ ഒരുക്കങ്ങൾ നടത്തി, നോട്ടീസ് തയ്യാറാക്കി അച്ചടിച്ചു, വിളംബര റാലിനടത്തി. ദീപശിഖാ പ്രയാണം, പതാകപ്രയാണം, ഛായാചിത്ര പ്രയാണം എന്നിവ നടത്തി. കൊച്ചുത്രേസ്യയുടെ തിരുനാൾ ദിനത്തിൽ മിഷൻ മാസ ഉദ്ഘാടനം നടത്തി. സംഘടനാ ദിനമാചരിച്ചു. ഓരോ ദിവസവും വ്യത്യസ്ത കർമ്മപരിപാടികളു മായി മിഷൻ മാസ പ്രവർത്തനങ്ങൾ മുന്നേറുന്നു.

**പാടിച്ചിറ**

പരി. അമ്മയുടെ ജനനതിരുനാൾ ആഘോഷിച്ചു. ഡയറ ക്ടർസ് ഡേ ആചരിച്ചു. ഫാ. ജോസഫ് മാലിപ്പറമ്പിൽ ക്വിസ് മത്സരം നടത്തി. മേഖലാ കലാമത്സരത്തിൽ ഒന്നാം സ്ഥാനം നേടി. വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ പോസ്റ്റർ നിർമ്മിച്ചു. പുൽ പ്പള്ളി ഗവൺമെന്റ് ഹോസ്പിറ്റൽ സന്ദർശിച്ചു. രോഗീ സന്ദർശനം നടത്തി. മിഷൻ മാസം ഉദ്ഘാടനം, മിഷൻ ഗേറ്റ് തുറക്കൽ, റാലി, പതാക വന്ദനം, വചന പ്രതിഷ്ഠ എന്നിവ നടത്തി.

**ബോസ്പാറ**

ഡയറക്ടർ അച്ചന് നാമഹേതുകതിരുനാൾ ആശംസകൾ നേർന്നു. ദേവാലയവും പരിസരവും പൊതുസ്ഥലങ്ങളും ശുചീ കരിക്കാൻ 'ശുചിത്വ മിഷൻ' നടത്തി. വി. കൊച്ചുത്രേസ്യായുടെ തിരുനാളും സംഘടനാ ദിനവും ആഘോഷിച്ചു. നവമാലിക പഠന ശിബരവും നവമാലിക ക്വിസും നടത്തി. മാതൃസഭയെ അറിയാം, സ്നേഹിക്കാം, സാക്ഷികളാകാം എന്ന പേരിൽ പത്തു ദിവസം നീണ്ടു നിന്ന സഭാ ചരിത്ര പഠനം സംഘടിപ്പിച്ചു. മിഷൻ വാരാ ചരണ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു.

**തെനേരി**

സാധുക്കളായ സഹോദരങ്ങളെ സഹായിക്കാനായി വസ്ത്ര ശേഖരണം ആരംഭിച്ചു. മിഷൻ മാസ ഉദ്ഘാടനം നടന്നു. പതാക ഉയർത്തി. മിഷൻ റാലി, പതാക പ്രയാണം, ഛായചിത്ര പ്രയാണം, കലണ്ടർ പ്രകാശനം, മിഷൻമാസ നോട്ടീസ് ബോർഡ് എന്നിവ ഉൾപ്പെട്ട പ്രവർത്തനങ്ങൾ നടത്തി. വി. ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ആഘോഷിച്ചു. കുട്ടികൾക്ക് ദൈവവിളിയെ കുറിച്ച് സെമിനാർ നടത്തി. ലഹരിക്കെതിരെ ഒപ്പ് ശേഖരണം നടത്തി, മനുഷ്യ ചങ്ങല തീർത്തു.

**നെടുമ്പാല**

മിഷൻ മാസപ്രവത്തനം തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. പതാക ഉയർത്തി. മിഷൻ മാസ പ്രവർത്തനങ്ങൾ ഉൾപെടുത്തി മാർഗ്ഗരേഖ രൂപപ്പെടുത്തി. ഓരോ ദിവസവും വ്യത്യസ്ത പ്രോഗ്രാമുകൾ ചെയ്യാൻ തീരുമാനിച്ചു.

**ധർമ്മഗിരി**

മിഷൻ മാസം ഉദ്ഘാടനം ചെയ്തു. ശാഖാ പ്രസിഡന്റ് പതാക ഉയർത്തി. സംഘടനാ ദിനത്തോട് അനുബന്ധിച്ച് എല്ലാ സംഘടനാ ഭാരവാഹികളെയും ആദരിച്ചു. മിഷൻ ലീഗിന്റെ നേതൃത്വത്തിൽ ഒക്ടോബർ 3 ന് അമ്മമാർക്കും ഒക്ടോബർ 11 ന് പിതാക്കൻമാർക്കും സെമിനാർ നടത്തി. കുട്ടികൾക്കും അദ്ധ്യാപകർക്കും ബഹു. ജോസ് അമ്മായികുന്നേൽ അച്ചൻ തന്റെ മിഷൻ അനുഭവം പങ്കുവച്ചു. അച്ചനെ പ്രസിഡന്റ് ഷോൾ അണിയിച്ച് ആദരിച്ചു.

**ഒലിവുമല**

മിഷൻ മാസാചരണം ഉദ്ഘാടനത്തിൽ എല്ലാവരും പങ്കുചേർന്നു. കല്പറ്റ മേഖലയുടെ എയ്ഞ്ചൽ മീറ്റിംഗിൽ പങ്കെടുത്തു. മിഷൻ ഗ്രാമം സന്ദർശിച്ചു. സഹായങ്ങൾ നല്കി. വാഴവറ്റയിലെ ജ്യോതിനിവാസ് സന്ദർശിച്ചു.

**പുതിയിടംകുന്ന്**

മാതാവിന്റെ ജനനതിരുനാൾ ആഘോഷിച്ചു. മാതാവിന്റെ പ്രച്ഛന്ന വേഷമത്സരം നടത്തി. ഡയറക്ടേഴ്സ് ഡേ, ശാഖാ ഡയറക്ടർ ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് അച്ചനെ ആദരിച്ചു. വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിൽ കുട്ടികൾക്ക് മത്സരങ്ങൾ നടത്തി.

**ജോൺ പുല്ലാപ്പിള്ളിൽ**
സെക്രട്ടറി

# തിരുബാലസഖ്യം

വിശുദ്ധരുടെ ഓർമകളും തിരുനാളുകളുടെ പുണ്യവും ഹൃദയത്തിൽ നിറച്ച് ഒക്ടോബർ മാസം കടന്നുപോകുകയാണ്. വി. ഫ്രാൻസിസ് അസീസി, വി. കൊച്ചുത്രേസ്യ, വി. മദർ തെരേസ എന്നിവരുടെയും കാവൽമാലാഖമാരുടെയും തിരുനാളുകൾ നാം ഭക്തിപൂർവം ആഘോഷിച്ചു. അവരുടെ ജീവിതത്തിലെ സ്നേഹവും ലാളിത്യവും സേവനവും നമുക്കും ജീവിതത്തിൽ പകർത്താം.

വി. വിൻസന്റ് ഡി പോളിന്റെ തിരുനാളിനോട് അനുബന്ധിച്ച് ഇടവകകളിൽ കുഞ്ഞുങ്ങളും അധ്യാപകരും ചേർന്ന് രോഗീ സന്ദർശനം നടത്തുകയും അതിന്റെ ചിത്രങ്ങൾ ഷെയർ ചെയ്യുകയും ചെയ്തു. വി. വിൻസെന്റ് ഡി പോൾ നാമധാരിയായ ഡയറക്ടർ സന്തോഷ് അച്ചന് കുട്ടികൾ സ്നേഹാശംസകൾ അറിയിക്കുകയും ചെയ്തു. സെപ്റ്റംബർ 28 തീയതി തിരുബാലസഖ്യം ആനിമേറ്റഴ്സിന്റെ ഒരു ഓൺലൈൻ സംഗമം പ്രസിഡന്റ് ജിജോ മംഗലത്തിന്റെ അധ്യക്ഷതയിൽ സംഘടിപ്പിച്ചു. ഡയറക്ടർ സന്തോഷ് അച്ചന്റെയും, ആനിമേറ്റർ സിസ്റ്റർ ആഗ്നസ് മരിയയുടേയും, എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സജീവ പങ്കാളിത്തത്തോടെ നടന്ന സംഗമത്തിൽ 100 ഓളം ശാഖ ആനിമേറ്റഴ്സ് പങ്കെടുക്കുകയും ചെയ്തു. വളരെ മനോഹരമായ ഒരു മോട്ടിവേഷൻ ക്ലാസ് തിരുബാലസഖ്യ ഓർഗനൈസർ ആന്റണി മങ്കടപ്ര സാർ നയിക്കുകയും ചെയ്തു.

**നവംബർ മാസത്തിലെ പ്രവർത്തനങ്ങൾ**

വിശുദ്ധൻ : വി. ചാൾസ് ബൊറോമിയോ (മതാദ്ധ്യാപകരുടെ മധ്യസ്ഥൻ)

തിരുനാൾ : സകല വിശുദ്ധരുടെയും തിരുനാൾ

നിയോഗം : എല്ലാ മരിച്ച വിശ്വാസികൾക്കും വേണ്ടി

സുകൃതജപം : ഈശോയെ നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമെ.

വചനം : ഞാൻ നിങ്ങളോട് പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ് (വി.യോഹന്നാൻ 6: 63).

**പ്രവർത്തനങ്ങൾ**

- സെമിത്തേരി സന്ദർശിക്കുക
- വിശുദ്ധരുടെ ജീവചരിത്ര വീഡിയോകൾ കുട്ടികൾക്ക് കാണിച്ചു കൊടുക്കുക.
- ബൈബിൾ കഥ ആവിഷ്കാരം (Skit): നല്ല സമരിയക്കാരൻ, കാണാതെ പോയ ആട് തുടങ്ങിയ ലളിതമായ ബൈബിൾ കഥകൾ കുട്ടികളെ കൊണ്ട് ഗ്രൂപ്പ് / ക്ലാസ് തലത്തിൽ അവതരിപ്പിക്കുക.

**വിനീത മരിയ മഞ്ഞളി** (സെക്രട്ടറി)

**ഊർജ്ജ 2026 രൂപത അത്‌ലറ്റിക്സ് മത്സരം**

കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ ആവേശോജ്ജ്വലമായ ഊർജ്ജ 2026 രൂപത അത്‌ലറ്റിക്സ് കൽപ്പറ്റ മുണ്ടേരി സ്റ്റേഡിയത്തിൽ വച്ച് നടത്തി. കേരള അത്‌ലറ്റിക്സ് ജോയിന്റ് സെക്രട്ടറി ശ്രീ. ലൂക്ക ഫ്രാൻസിസ് ഊർജ്ജ 2026 കായിക മത്സരം ഉദ്ഘാടനം ചെയ്തു. രൂപതാ കായികമേളയിൽ മണിമൂളി മേഖല ഒന്നാം സ്ഥാനവും തരിയോട് മേഖല രണ്ടാം സ്ഥാനവും ദ്വാരക മേഖല മൂന്നാം സ്ഥാനവും സ്വന്തമാക്കി. മത്സരങ്ങൾക്ക് നേതൃത്വം നൽകിയ രൂപതാ സെക്രട്ടറിയേറ്റംഗങ്ങൾ, സംസ്ഥാന സെനറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ, രൂപതാ സിൻഡിക്കേറ്റ് അംഗങ്ങൾ, മത്സര ക്രമീകരണങ്ങൾ നടത്തിയ ഭാരവാഹികൾ, ഓരോ മേഖലയിലെയും ടീം മാനേജേഴ്സ്, ഡയറക്ടർമാർ, ആനിമേറ്റേഴ്സ് എന്നിവർക്ക് രൂപതാ കുടുംബത്തിന്റെ നന്ദി. വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

**ഓവറോൾ ചാമ്പ്യൻഷിപ്പ്**

പേൾ, ഊർജ്ജ മത്സരങ്ങളുടെ 2026 വർഷത്തെ ഓവറോൾ ചാമ്പ്യൻഷിപ്പ് തരിയോട് മേഖല കരസ്ഥമാക്കി. റണ്ണേഴ്സ് അപ്പ് മണിമൂളി മേഖലയും സെക്കന്റ് റണ്ണേഴ്സ് അപ്പ് ദ്വാരക മേഖലയും കരസ്ഥമാക്കി. സാഹിത്യ കായിക മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

**ഫെയ്ത്ത് ഫെസ്റ്റ് 2026**

കാലഘട്ടത്തിന്റെവെല്ലുവിളികൾക്കിടയിൽപതറാതെ,ക്രിസ്തുവിലുള്ള വിശ്വാസത്തെ കൂടുതൽ ആഴത്തിൽ അനുഭവിക്കാൻ കെ. സി. വൈ. എം. മാനന്തവാടി രൂപത യുവജനങ്ങൾക്കായി ഒരുക്കുന്ന *ഫെയ്ത്ത് ഫെസ്റ്റ് 2026* നവംബർ 14, 15 തീയതികളിൽ (ശനി 9:30 am ഞായർ 4. pm) സുൽത്താൻ ബത്തേരി ശ്രേയസ് സെന്ററിൽ ഒരുക്കുന്നു. എല്ലാ യുവജനങ്ങൾക്കും സ്വാഗതം. രജിസ്ട്രേഷൻ ഫീസ്: 850.

**അമ്മയുടെ കൈപിടിച്ച്**

ജപമാല മാസത്തിന്റെ ഭാഗമായി എല്ലാ ദിവസവും ഇന്നത്തെ ചിന്തയും അനുഗ്രഹവും എന്ന പേരിൽ സോഷ്യൽ മീഡിയയിൽ ചിന്തകൾ പങ്കുവച്ചു.

**പ്രവർത്തന മാസാചരണ വിജയികൾ**

കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ ഓഗസ്റ്റ് മാസ പ്രവർത്തനങ്ങളിൽ രൂപതയിലെ ഏറ്റവും മികച്ച മേഖലയായി തരിയോട് മേഖല തിരഞ്ഞെടുക്കപ്പെട്ടു. രൂപതയിലെ ഏറ്റവും മികച്ച യൂണിറ്റുകളായി കൊട്ടിയൂർ (ഒന്നാം സ്ഥാനം), കമ്മന (രണ്ടാം സ്ഥാനം), പൂക്കോട്ടുംപാടം (മൂന്നാം സ്ഥാനം) തിരഞ്ഞെടുക്കപ്പെട്ടു. ഓഗസ്റ്റ് മാസ പ്രവർത്തനങ്ങളിൽ രൂപതയിലെ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച് തിരഞ്ഞെടുക്കപ്പെട്ട 10 യൂണിറ്റുകൾ ചോക്കാട്, മണിമൂളി, ബത്തേരി, കണിയാരം, തവിഞ്ഞാൽ, ആടികൊല്ലി, അമ്പായത്തോട്, വള്ളിക്കെട്ട്, ചുങ്കക്കുന്ന്, നരിവാലമുണ്ട. മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച മേഖലക്കും യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ.

**അഭിനന്ദനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് മാലിപ്പറമ്പിൽ പുരസ്കാരം നേടിയ മുൻ രൂപത ഡയറക്ടർ ഫാ. ടോമി പുത്തൻപുരക്കലിന് കെ.സി.വൈ. എം. രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. ജപ്പാനിൽ വെച്ച് നടന്ന ഏഷ്യൻ ഗെയിംസ് 2026 റോവിംഗ് മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച് ഇന്ത്യയുടെ അഭിമാനമായി വയനാടൻ മണ്ണിൽ നിന്നും ഉയർന്ന മാനന്തവാടി മേഖല ആലാറ്റിൽ യൂണിറ്റ് അംഗം അലീന ആന്റോയ്ക്ക് അഭിനന്ദനങ്ങൾ.

**നമഹേതുക തിരുനാൾ ആശംസകൾ**

വി. ഫ്രാൻസിസ് അസ്സിസിയെ സ്വർഗീയ മധ്യസ്ഥനായി സ്വീകരിച്ച് നാമഹേതുക തിരുനാൾ നിറവിലായിരിക്കുന്ന ബഹുമാനപ്പെട്ട കെ. സി. വൈ. എം. മാനന്തവാടി രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറക്കും, കെ. സി. വൈ. എം. മാനന്തവാടി രൂപത സിൻഡിക്കേറ്റും കൽപ്പറ്റ മേഖല ഡയറക്ടറുമായ ബഹുമാനപ്പെട്ട ഫാ. വിനോയ് കളപ്പുരക്കലിനും നാമഹേതുക തിരുനാളിന്റെ ആശംസകൾ നേർന്നു.

**ദിനാചരണങ്ങൾ**

വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ, വി. വിൻസന്റ് ഡി പോൾ, ലിസ്യുവിലെ വി. കൊച്ചുത്രേസ്യ, പരിശുദ്ധ ജപമാല രഞ്ജിയുടെ തിരുനാൾ എന്നീ ദിനങ്ങളുടെ ആശംസകൾ നേർന്നു.

**ജന്മദിനാശംസകൾ**

മാനന്തവാടി രൂപതാ സംസ്ഥാന സെനറ്റ് അംഗം എബിൻ മൂഴിയാങ്കൽ, കെ. സി. വൈ. എം. ബത്തേരി മേഖലാ ഡയറക്ടർ ഫാ. അനീഷ് ആലുങ്കൽ എന്നിവർക്ക് ജന്മദിനത്തിന്റെ ആശംസകൾ നേർന്നു

**ആദരാഞ്ജലികൾ**

മുൻ രൂപതാ സെക്രട്ടറി നിഷിത പുതിയാകുന്നതിന്റെ പിതാവ് പി.ജെ മാത്യു പുതിയാകുന്നത്തിനും, പത്മശ്രീ ജേതാവ് ചെറുവയൽ രാമൻ എന്നിവർക്കും ആദരാഞ്ജലികൾ അർപ്പിച്ചു.

**മേഖല വാർത്തകൾ**

**മുള്ളൻകൊല്ലി മേഖല**

കെ. സി. വൈ. എം. മുള്ളൻകൊല്ലി മേഖലയുടെ നേതൃത്വത്തിൽ IGNITE 2K26 എന്ന പേരിൽ ഒക്ടോബർ 10 ന് യുവജനങ്ങൾക്കായി ഒരു ദിവസത്തെ ക്യാമ്പ് പട്ടാണികൂപ്പ് പാരിഷ് ഹാളിൽ വച്ച് സംഘടിപ്പിച്ചു. ശ്രീ. സജിൻ ജോസ് ചാലിൽ, ശ്രീ. ആന്റണി മങ്കടപ്ര എന്നിവർ ക്ലാസുകൾ നയിച്ചു. മേഖലയിലെ 10 യൂണിറ്റുകളിൽ നിന്നായി 60 യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**കൊട്ടിയൂർ**

പരിശുദ്ധ മാതാവിന്റെ ജനനത്തിരുനാളിന്റെ ആദ്യദിനത്തിൽ യൂണിറ്റിലെ യുവജനങ്ങൾ വിശുദ്ധ കുർബാനയിൽ പങ്കുചേർന്നു. മാതാവിന്റെ ജനനത്തിരുനാൾ ദിനത്തിൽ ആശംസകൾ നേർന്നു കൊണ്ട് പോസ്റ്റർ തയ്യാറാക്കി ഇടവക ഗ്രൂപ്പുകളിൽ പങ്കുവെച്ചു. യൂണിറ്റ് പ്രസിഡന്റിന്റെ നേതൃത്വത്തിൽ സിൻഡിക്കേറ്റ് അംഗങ്ങളുടെ യോഗം സംഘടിപ്പിച്ചു. ചുങ്കക്കുന്ന് പാൽ സൊസൈറ്റിയിലേക്ക് പുതിയ ജനറേറ്റർ എത്തിച്ചപ്പോൾ വാർഡ് മെമ്പറുടെ അഭ്യർത്ഥന പ്രകാരം യുവജനങ്ങൾ എത്തിച്ചേർന്ന് സഹായങ്ങൾ ചെയ്തു നൽകി. നീണ്ടുനോക്കി വയോജന വിശ്രമ കേന്ദ്രത്തിന്റെ ഉൾഭാഗം വൃത്തിയാക്കുകയും കസേരകൾ ക്രമീകരിക്കുകയും ചെയ്തു.

**വാഴവറ്റ**

കൽപ്പറ്റ മേഖല സംഘടിപ്പിച്ച 'പേശ്' സാഹിത്യ രചന മത്സരത്തിൽ വാഴവറ്റ യൂണിറ്റിലെ അംഗങ്ങൾ പങ്കെടുത്ത് 52 പോയിന്റുകൾ കരസ്ഥമാക്കി. സെന്റ് ഫ്രാൻസിസ് അസീസി ചുള്ളിയോട് പള്ളിയിൽ സംഘടിപ്പിച്ച വൺ ഡേ കൺവെൻഷനിൽ കെ. സി. വൈ. എം. അംഗങ്ങൾ പങ്കെടുത്തു. നെടുമ്പാല പള്ളിയിൽ സംഘടി

പ്പിച്ച ജപമാല റാലിയിൽ വാഴവറ്റയിൽ നിന്നുള്ള 10 ഓളം അംഗങ്ങൾ പങ്കുചേർന്ന് പ്രാർത്ഥിച്ചു. കൈനാട്ടി ഗവ. ആശുപത്രിയിൽ യുവജനങ്ങൾ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. ഇടവകയിൽ നടന്ന ഓണ പരിപാടികളിൽ യുവജനങ്ങൾ സജീവമായി പങ്കെടുത്ത് മികച്ച നേതൃത്വം നൽകി. യൂണിറ്റ് ഡയറക്ടർ ബഹു. കുര്യാക്കോസ് കുന്നത്തച്ചന്റെ നേതൃത്വത്തിൽ നടന്ന യുവജന സംഗമത്തിൽ ഫാ. ആൽബിൻ TOR സെമിനാർ നയിച്ചു. 45 ൽ അധികം യുവജനങ്ങൾ പങ്കെടുത്തു. സെപ്റ്റംബർ 8 ന് മാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് നടന്ന ജപമാല പ്രാർത്ഥനക്ക് യുവജനങ്ങൾ നേതൃത്വം നൽകി.

**പാതിരിപ്പാടം**

കെ. സി. വൈ. എം. ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടത്തിന്റെ നാമഹേതു തിരുനാൾ ദിനത്തിൽ പ്രസിഡന്റ് ജെറിൻ മുണ്ടച്ചിറ സ്നേഹോപഹാരം നൽകി ആദരിച്ചു.

**പൂക്കോട്ടുംപാടം**

സെപ്റ്റംബർ 8-ന് മാതാവിനെ അലങ്കരിക്കുന്നതിനും നേർച്ച ഭക്ഷണം വിതരണം ചെയ്യുന്നതിനും യുവജനങ്ങൾ നേതൃത്വം നൽകി. യൂണിറ്റ് ഡയറക്ടർ ഫാ. ടോമി പുത്തൻപുരക്കലിന് നാമഹേതുക തിരുനാളിന്റെ ആശംസകൾ നേർന്നു. മാലിപ്പറമ്പിൽ പുരസ്കാരം നേടിയ യൂണിറ്റ് ഡയറക്ടർ ഫാ. ടോമി പുത്തൻപുരക്കലിന് സ്നേഹോപകാരം നൽകി ആദരിച്ചു. കാവൽ മാലാഖയുടെ തിരുനാളിന് ആശംസകൾ നേർന്നു.

**പേരിയ**

ആഗോള മിഷന്റെ മദ്ധ്യസ്ഥയായ വി. കൊച്ചു ത്രേസ്യയുടെ തിരുനാളിൽ കുർബാനയ്ക്ക് ശേഷം വികാരി ഫാ. ജിതിൻ പിച്ചാട്ട് നിലവിളക്ക് തെളിയിച്ച് ഉദ്ഘാടനം ചെയ്തു. യൂണിറ്റിന്റെ നേതൃത്വത്തിൽ മിഷൻ അവബോധ റാലി സംഘടിപ്പിച്ചു. വി. കൊച്ചു ത്രേസ്യയുടെ സന്ദേശം ഉൾക്കൊണ്ട് കെ. സി. വൈ. എം.അംഗങ്ങൾ സെമിത്തേരി ശുചീകരണം നടത്തി. വി. ഫ്രാൻസിസ് അസീസിയുടെ തിരുനാളിൽ ഇടവകയിൽ നിന്നുള്ള വൈദികസമർപ്പിതരുടെ മാതാപിതാക്കളെ ആദരിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ പൂന്തോട്ട നിർമ്മാണം, ഭവന സന്ദർശനം, കപ്പേള വൃത്തിയാക്കൽ, അൾത്താര അലങ്കരിക്കൽ, പള്ളി വൃത്തിയാക്കൽ എന്നിവ നടത്തി. ജപമാല മാസത്തിൽ കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ 10 കുടുംബങ്ങളിൽ ജപമാലയും തിരുസ്വരൂപ അലങ്കാരവും

നടത്തി. മിഷൻ ഫണ്ടിലേക്ക് കൂപ്പൺ വിതരണം നടത്തി തുക ശേഖരിച്ചു. ആദ്യവെള്ളിയിലെ ആരാധനയിലും കുർബാനയിലും സജീവമായി പങ്കെടുത്ത്, കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ ലഘുഭക്ഷണം വിതരണം ചെയ്തു. ഇടവകയിലെ രോഗികളെ സന്ദർശിക്കുകയും മൃതസംസ്കാര ശുശ്രൂഷകൾക്കും സൈൻ ബോർഡ് ശുചീകരണത്തിനും നേതൃത്വം നൽകി. ഇടവകയിലെ സിസ്റ്റേഴ്സിനെ ആദരിച്ചു.

**ദീപ്തിഗിരി**

എമ്മാവൂസ് വില്ല സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ ഭവന സന്ദർശനം നടത്തി. സെപ്റ്റംബർ 8 നോട് അനുബന്ധിച്ചുള്ള ജപമാല, വിശുദ്ധ കുർബാന എന്നിവക്ക് നേതൃത്വം നൽകി.

**കരിമാനി**

പരിശുദ്ധ അമ്മയോട് ചേർന്ന് യൂണിറ്റിലെ കുടുബങ്ങളെ സമർപ്പിച്ച് 10 നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലി കാഴ്ച്ചവെച്ചു. വി. മദർ തെരേസയുടെ തിരുന്നാൾ, അദ്ധ്യാപക ദിനം അന്നേ ദിവസം എല്ലാ അദ്ധ്യാപകർക്ക് ആശംസകൾ നേർന്നു. ദൈവമാതാവിന്റെ ജനനതിരുനാൾ ദിനത്തിൽ നടന്ന ജപമാലയിലും വി. കുർബാനയിലും യുവജനങ്ങൾ നേതൃത്വം കൊടുത്തു. മേരിനാമധാരികളെ ആദരിച്ചു. വി. ലാസലൈറ്റ് മാതാവിനെ കുറിച്ചുള്ള ചരിത്രം ഗ്രൂപ്പിൽ ഷെയർ ചെയ്തു. രോഗീസന്ദർശനം നടത്തി. പാറത്തോട്ടം ശാന്തികേന്ദ്രത്തിൽ അമ്മമാരെ സന്ദർശിച്ച് അവർക്ക് സാരികൾ വിതരണം ചെയ്തു. കൾച്ചറൽ പ്രോഗ്രാം നടത്തി.

**കയ്യൂന്നി**

പരിശുദ്ധ അമ്മയുടെ ജനന തിരുനാൾദിനത്തിൽ 8 ദിവസം പള്ളിയിൽ മുടങ്ങാതെ വരുന്നവരിൽ നിന്ന് Lucky ജോസഫ്, മേരി എന്നിവരെ തിരഞ്ഞെടുത്തു. പരിശുദ്ധ അമ്മയ്ക്ക് ലഭിച്ച സമ്മാനം അഗതിമന്ദിരങ്ങൾക്കു നൽകി. പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി അധ്യാപക ദിനത്തിൽ എല്ലാ അധ്യാപകരെയും ആദരിച്ച് മൈമന്റോ നൽകി. വിളക്കന്നൂർ ദിവ്യകാരുണ്യ തീർത്ഥാടനം നടത്തി. ലോഗോസ് പരീക്ഷ സുഗമമായ നടക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തു. വി. വിൻസന്റ് ഡി പോളിന്റെ തിരുനാൾ ദിനത്തിൽ, അംഗങ്ങൾക്ക് ആശംസകൾ നേർന്നു.

**ദിവ്യ പീറ്റർ പാട്ടശ്ശേരിയിൽ**
ജനറൽ സെക്രട്ടറി

**വിവാഹ ഒരുക്ക കോഴ്സ്**

ഒക്ടോബർ മാസം 9 മുതൽ 11 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 114 പേർ പങ്കെടുത്തു. ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നവംബർ 13, 14, 15 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെടുന്നു. ഡിസംബർ മാസത്തിലെ കോഴ്സ് 11, 12, 13 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചും 19, 20, 21 തീയതികളിൽ മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിൽ വച്ചും ആയിരിക്കും.

**രൂപതാ വാർത്തകൾ**

**മാതൃവേദി എക്സലൻസ് അവാർഡ്**

ആധ്യാത്മിക, ജീവകാരുണ്യ, സാമൂഹിക, സാംസ്കാരിക, സംഘടനാ തലങ്ങളിൽ 2025 വർഷത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ പരിഗണിച്ച് മാനന്തവാടി രൂപത മാതൃവേദി, സീറോ മലബാർ സഭ ഗ്ലോബൽ മാതൃവേദിയുടെ എക്സലൻസ് അവാർഡിന് അർഹമായി. കേരളത്തിനകത്തും പുറത്തുമായി വ്യാപിച്ചു കിടക്കുന്ന സീറോ മലബാർ സഭയിലെ 35 രൂപതകളുടെ പ്രവർത്തനം വിലയിരുത്തിയാണ് മാനന്തവാടി രൂപതയെ മികച്ച രൂപതകളിലൊന്നായി തെരഞ്ഞെടുത്തത്. ചെന്നൈയിലെ ഹൊസൂർ രൂപതാ കേന്ദ്രത്തിൽ വച്ച് നടന്ന ഗ്ലോബൽ മാതൃവേദി ജനറൽ ബോഡി യോഗത്തിൽ വച്ച് ബിഷപ്പ് മാർ സെബാസ്റ്റ്യൻ പോഴോലിപറമ്പിലിൽ നിന്ന് മാനന്തവാടി രൂപത ഭരണസമിതി അംഗങ്ങൾ പുരസ്കാരം ഏറ്റുവാങ്ങി. മാതൃവേദിയുടെ പ്രവർത്തനങ്ങളെ വിവിധ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും കൂടുതൽ ഫലപ്രദമായി എത്തിക്കുന്നതിനായി റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനം നൽകി ഒരുക്കുക എന്ന ലക്ഷ്യത്തോടെ റിസോഴ്സ് പേഴ്സൺ ട്രെയിനിങ് സംഘടിപ്പിച്ചു. ട്രെയിനിങ്ങിന് ഫാ. ഇമ്മാനുവൽ വടക്കേൽ, ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി, ശ്രീമതി മേഴ്സി അമരികാട്ട് എന്നിവർ നേതൃത്വം നൽകി. സമുദായ ശക്തികരണ വർഷാചരണത്തിന്റെ പ്രവർത്തന

ങ്ങൾ വിലയിരുത്തുന്നതിനായി സെപ്റ്റംബർ 23 ന് ചേർന്ന സെൻട്രൽ കമ്മിറ്റി യോഗത്തിൽ മാതൃവേദി രൂപതാ ഡയറക്ടർ ഫാ. ഇമ്മാനുവൽ വടക്കേൽ, പ്രസിഡന്റ് ശ്രീമതി മേഴ്സി അമരികാട്ട്, സെക്രട്ടറി മോളി പുഞ്ചയിൽ എന്നിവർ പങ്കെടുത്തു. സെപ്റ്റംബർ 22 ന് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

**മരിയൻ സിംഗിൾസ്**

കഴിഞ്ഞ 16 വർഷക്കാലം മരിയൻ സിംഗിൾസ് കൂട്ടായ്മയെ നെഞ്ചോട് ചേർത്ത് ആധ്യാത്മികമായും ഭൗതികമായും നയിച്ച പ്രിയപ്പെട്ട മരീനാമ്മക്ക് സ്നേഹപൂർവ്വം നന്ദി പറയുന്നു. ഒപ്പം പുതിയ പ്രവർത്തന മേഖലയിലേക്ക് കടന്നു വന്നിരിക്കുന്ന സിസ്റ്റർ അനിലിറ്റ് SH നെ കൂട്ടായ്മയിലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി**

എട്ടുനോമ്പ് ഭക്തിപൂർവ്വം ആചരിച്ചു. നോമ്പിലെ ഓരോ ദിവസവും ഒരു യൂണിറ്റിന്റെ സന്ദേശവും മറ്റൊരു യൂണിറ്റിന്റെ മരിയൻഗാനവും ചേർന്ന വീഡിയോ തയ്യാറാക്കി മേഖലാ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. അധ്യാപക ദിനത്തിൽ മാതൃവേദി അംഗങ്ങളായിരുന്ന വിരമിച്ച അധ്യാപികമാരെ സന്ദർശിച്ച് ആശംസകൾ നേർന്നു. കുടുംബ സമാധാനം നിയോഗമാക്കി ചെയിൻ റോസറി ചൊല്ലി. അഗതിമന്ദിരങ്ങളിലും ആതുരാലയങ്ങളിലും കഴിയുന്നവരെ സമർപ്പിച്ച കാരുണ്യ ആരാധന നടത്തി. വിവാഹം നടക്കാത്ത യുവജനങ്ങളെ നിയോഗം ആക്കി എല്ലാ വെള്ളിയാഴ്ചകളിലും ഉപവാസ പ്രാർത്ഥന നടത്തി.

**നടവയൽ**

മാതാവിന്റെ ജനനത്തിരുനാളിന്റെ ഭാഗമായി യൂണിറ്റുകളിൽ പരിശുദ്ധ അമ്മയുടെ നാമധാരികളെ ആദരിക്കുകയും നേർച്ച കാഴ്ചകൾ സമർപ്പിക്കുകയും ചെയ്തു. സെപ്റ്റംബർ 5 അധ്യാപക ദിനത്തിൽ മേഖലയിലെയും യൂണിറ്റിലെയും അധ്യാപകരെ ആദരിച്ചു. വിശുദ്ധനെ പരിചയപ്പെടുത്തൽ നടവയൽ യൂണിറ്റ് സന്ദേശം നൽകുകയും ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുകയും ചെയ്തു.

**ശാഖാ വാർത്തകൾ**

**പനംഞ്ചിറ**

മാതാവിന്റെ ജനനത്തിരുനാളിനായി പ്രാർഥിച്ച് ഒരുങ്ങി. ജപമാലയിലും നൊവേനയിലും കുർബ്ബാനയിലും ഭക്തിപൂർവ്വം പങ്കെടുത്തു. എട്ടാം തിയ്യതി മാതൃദിനമായി ആചരിച്ചു അമ്മമാർ കാഴ്ച്ച സമർപ്പണം നടത്തുകയും മാതാവിന് സാരി സമർപ്പിക്കുകയും ചെയ്തു. നേർച്ചഭക്ഷണം തയ്യാറാക്കാൻ സഹായിച്ചു. കോൺവെന്റിൽ വെച്ച് നടത്തിയ ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**വാഴവറ്റ**

എട്ടുനോമ്പ് ഭക്തിപൂർവ്വം ആചരിച്ചു. എട്ടാം തീയതി അമ്മമാർ എല്ലാവരും തന്നെ യൂണിഫോം സാരി ധരിച്ച് കാഴ്ച സമർപ്പണം നടത്തുകയും വിശുദ്ധ കുർബാനയിലെ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. അധ്യാപക ദിനത്തിൽ ഇടവകയിലെ മുഴുവൻ അധ്യാപകരുടെയും ഫോട്ടോയും വിവരങ്ങളും ഉൾപ്പെടെ വീഡിയോ നിർമ്മിച്ച ഇടവക ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. മേഖലാതലത്തിൽ നടത്തിയ ലഹരി വിരുദ്ധ കൊളാഷ് മത്സരത്തിൽ റിൻസി മുല്ലക്കൊടിയിൽ ഒന്നാം സ്ഥാനത്തിന് അർഹയായി.

**തോമാട്ടുചാൽ**

മാതാവിന്റെ ജനനത്തിരുനാളിന് ഒരുക്കമായി എട്ടു നോമ്പെടുത്ത് വിശുദ്ധ കുർബാനയിലും ജപമാലയിലും അമ്മമാർ പങ്കെടുത്തു കാഴ്ച സമർപ്പണം നടത്തി. ഇടവകയിലെ ഒരു കുടുംബത്തിന് രോഗീ സഹായം നൽകി. അധ്യാപക ദിനം ആഘോഷിച്ചു. ഞായറാഴ്ച മാതൃവേദി ജനറൽ ബോഡിയോഗം നടന്നു. മേഖല ആനിമേറ്റർ സിസ്റ്റർ ലിസ അലക്സ് SKD ക്ലാസ് എടുത്തു. *അമ്മമാർക്ക് കുടുംബ ജീവിതത്തിലുള്ള പ്രാധാന്യം* എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു ക്ലാസ്. ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും വായിച്ചു തുടർന്ന് നടന്ന വിശുദ്ധ കുർബാനയിൽ അമ്മമാർ നേതൃത്വം നൽകി. അന്നേദിവസം നടന്ന കാഴ്ച വെപ്പ് പഞ്ചാബ് മിഷന് നൽകി.

**പാടിച്ചിറ**

അധ്യാപക ദിനത്തിൽ ഇടവകയിലെ ടീച്ചേഴ്സായ എല്ലാ അമ്മമാർക്കും ആശംസകളയച്ചു. വേളാങ്കണ്ണി മാതാവിന്റെ തിരു

നാളിനോട് അനുബന്ധിച്ച് കുർബാനയും, നൊവേനയും ഇവർക്ക് വേണ്ടി നിയോഗം വെച്ച് ചൊല്ലിച്ചു. മേഖലയുടെ നിർദ്ദേശമനുസരിച്ച് ഒന്നര മിനിറ്റ് ദൈർഘ്യമുള്ള മരിയൻ വായ്പാട്ട് ആലപിച്ച് മേഖല യ്ക്കു നൽകി. എട്ടു നോമ്പിനോടനുബന്ധിച്ച് അമ്മമാർ ഭക്ഷണമു ണ്ടാക്കാനും വിളമ്പാനും സഹായിച്ചു. രോഗീസഹായമായി 1000 രൂപ ഒരാൾക്ക് നൽകി. ഭവന സന്ദർശനവും രോഗീ സന്ദർശനവും നടത്തി.

**വാളേരി**

എട്ടു ദിവസം പള്ളിയിൽ വന്ന അമ്മമാരിൽ നിന്നും ഒരമ്മയെ നറുക്കിട്ടെടുത്ത് ലക്കി മേരി നൽകി. എട്ടാം ദിവസം അൾത്താര അലങ്കരിക്കുന്നതിനും, പള്ളിയും, പരിസരവും വൃത്തിയാക്കുന്ന തിനും നേർച്ച ഭക്ഷണം ഉണ്ടാക്കുന്നതിനും അമ്മമാർ സഹായിച്ചു. എല്ലാ അമ്മമാരും കാഴ്ച സമർപ്പണം നടത്തി കിട്ടിയ തുക സെമി നാരി ഫണ്ട് നൽകി. കിടപ്പു രോഗികളെ സന്ദർശിച്ച് അവർക്കു വേണ്ടി പ്രാർത്ഥിച്ചു. ആശുപത്രിയിൽ ഭക്ഷണം ഉണ്ടാക്കുന്നതിന് സഹായിച്ചു.

**ഒഴുക്കൻമൂല**

മാതാവിന്റെ ജനനത്തിരുനാളിന് ഒരുങ്ങുന്നതിനുവേണ്ടി അമ്മമാർ നോമ്പ് എടുക്കുകയും എട്ടു ദിവസം വിശുദ്ധ കുർബാന യിൽ സംബന്ധിക്കുകയും ചെയ്തു. അധ്യാപക ദിനത്തിൽ ഇടവ കയിലെ എല്ലാ അധ്യാപകരെയും അഭിനന്ദിച്ചുകൊണ്ട് വീഡിയോ ഉണ്ടാക്കുകയും മാതൃവേദി ഗ്രൂപ്പുകളിലും ഇടവക ഗ്രൂപ്പിലും സർക്കു ലേറ്റ് ചെയ്യുകയും ചെയ്തു. മാസത്തിലെ മൂന്നാം ഞായറാഴ്ച അമ്മ മാർ മാനന്തവാടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗി കൾക്ക് കഞ്ഞി വെച്ചുകൊടുക്കാൻ വേണ്ടി പോവുകയും അവിടെ വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. മാസ ക്കുറി നടത്തി ആയിരം രൂപ മാതൃവേദിക്ക് സംഭാവന നൽകി.

**കാരക്കാമല**

എട്ടുനോമ്പ് ആചരണത്തിന്റെ ഭാഗമായി സെപ്റ്റംബർ 1 മുതൽ 8 വരെ തീയതികളിൽ അമ്മമാർ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും എല്ലാ ദിവസവും ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തുകയും സെപ്റ്റംബർ എട്ടിന് അഖണ്ഡ ജപമാല യ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. രോഗീ സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്ന് പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

**മൺവയൽ**

സെപ്റ്റംബർ 1 മുതൽ 8 വരെ എല്ലാ അമ്മമാരും നോമ്പാച രിച്ചു. എല്ലാ ദിവസവും വി. ബലിയിലും ആരാധനയിലും ജപമാ ലയിലും നോവേനയിലും പങ്കെടുത്തു. മാതാവിന്റെ ജനനതിരു നാൾദിനം മാതൃദിനം ആചരിച്ചു. അമ്മമാർ കാഴ്ച സമർപ്പണം നടത്തി. വിവിധ നിയോഗങ്ങൾ സമർപ്പിച്ചു പ്രാർത്ഥിച്ചു. രോഗീ സന്ദർശനം നടത്തി ഓപ്പറേഷന് വിധേയനായ വ്യക്തിക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തി. ക്യാൻസർ രോഗിക്ക് 15000 രൂപ അമ്മ മാർ സമാഹരിച്ചു നലകി. വചനം എഴുത്ത് മത്സരം നടത്തി.

**കൊമ്മയാട്**

അധ്യാപകദിനത്തിൽ അധ്യാപകരെ ആദരിച്ചു. വി. മദർ തെരേസയുടെ തിരുനാൾ ദിനത്തിൽ സമിരിറ്റൻ ഭവൻ സന്ദർശിച്ചു. മാതൃദിനത്തിൽ എക്സികൃൂട്ടീവ് അംഗങ്ങളെ ആദരിച്ചു. വി. പാദ്രേ പിയോയുടെ തിരുനാൾ ദിനത്തിൽ വിയാനി ഭവനിലെ വൈദീ കരെ സന്ദർശിച്ചു. ദിവ്യകാരുണ്യ ആരാധന, രോഗീ സന്ദർശനം എന്നിവ നടത്തി.

**കുറുമ്പാല**

സെപ്റ്റംബർ ഒന്നുമുതൽ എട്ടുവരെയുള്ള ദിവസങ്ങളിൽ പരിശുദ്ധ അമ്മയെയെക്കുറിച്ചുള്ള സന്ദേശം വിവിധ വ്യക്തികൾ പങ്കുവയ്ക്കുകയും വീഡിയോ ആയി വിവിധ ഗ്രുപ്പുകളിൽ പോസ്റ്റ് ചെയ്യുകയും ചെയ്തു. എട്ടാം തീയതി 216 അമ്മമാർ കാഴ്ച സമർ പ്പണം നടത്തി 27180 രൂപ മാതൃവേദിക്കായി ലഭിച്ചു. മേഖല സമാഹ രിച്ച സെമിനാരി ഫണ്ടിലേക്ക് 4000 രൂപ ഇടവക വിഹിതം നൽകി. രോഗാവസ്ഥയിൽ ആയിരിക്കുന്ന ജോർജ് പൊടിപ്പാറയെയും, തെയ്യാമ്മ കൊച്ചുകുളത്തിങ്കലിനെയും സന്ദർശിച്ചു പ്രാർത്ഥിച്ചു. വിൻസന്റ് ഡി പോളിന്റെ തിരുനാൾ ദിനത്തിൽ സംഘടനാ പ്രവർ ത്തകർക്ക് ആശംസകൾ അർപ്പിച്ചു. മാനന്തവാടി മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ഭക്ഷണം കൊടുക്കുന്ന ശുശ്രൂഷക രുടെ കൂടെ ഒരു ദിവസം ചെലവഴിച്ചു. വാർഡിലുള്ള രോഗികളെ കണ്ട് സംസാരിച്ചു. സമർപ്പിതരുടെ മാതാപിതാക്കളെ ആദരിച്ചു.

**പറളിക്കുന്ന്**

8 നോമ്പിന് ഒരുക്കമായി എല്ലാ ദിവസവും ദിവ്യബലിയിൽ അമ്മമാരുടെ പങ്കാളിത്തം ഉണ്ടായിരുന്നു. മാതാവിന്റെ ജനനത്തിരു ന്നാളിനോട് അനുബന്ധിച്ച് മേരി നാമധാരികളെ ആദരിക്കുകയും

നേർച്ചയായി അമ്മമാരുടെ നേതൃത്വത്തിൽ ഉണ്ണിയപ്പം നൽകുകയും ചെയ്തു. അധ്യാപക ദിനത്തിൽ യൂണിറ്റിലെ അധ്യാപകരെ ആദരിച്ചു. വി. മദർ തെരേസ, വി. വിൻസന്റ് ഡി പോൾ എന്നിവരെ പരിചയപ്പെടുത്തുന്ന വീഡിയോ ഗ്രൂപ്പിൽ ഷെയർ ചെയ്തു. വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ സന്ദേശം നൽകി. വീട്ടിൽ ഒരു പച്ചക്കറി തോട്ടം 'നിറവ്' എന്ന പേരിൽ യൂണിറ്റിൽ എല്ലാ വീടുകളിലേക്കും പച്ചക്കറി വിത്തുകൾ നൽകി.

**ദ്വാരക**

അധ്യാപക ദിനത്തിൽ വിശുദ്ധ കുർബാനയ്ക്കുശേഷം അധ്യാപകരെ പൂക്കളും ഉപഹാരങ്ങളും നൽകി ആദരിച്ചു. ഉച്ചയ്ക്കുശേഷം റിട്ടയർ അധ്യാപകരുടെ ഒരു സംഗമം സംഘടിപ്പിക്കുകയും അവർക്കുവേണ്ടി ആരാധന നടത്തുകയും ചെയ്തു. തുടർന്ന് അവർ തമ്മിലുള്ള സംവാദവും അനുഭവങ്ങൾ പങ്കുവെക്കലും കാപ്പി സൽക്കാരം നടത്തുകയും പാരിതോഷികങ്ങൾ നൽകി അവരെ ആദരിക്കുകയും ചെയ്തു. മാതാവിന്റെ ജനനത്തിരുനാൾ ദിവസം അമ്മമാർ മാതാവിന്റെ രൂപം അലങ്കരിക്കുകയും ജപമാല ചൊല്ലുകയും ചെയ്തു. തുടർന്ന് നടന്ന വിശുദ്ധ കുർബാനയിൽ അമ്മമാർ നേതൃതം വഹിക്കുകയും അന്നേദിവസം നേർച്ച ഭക്ഷണം തയ്യാറാക്കാനും വിളമ്പാനും സഹായിച്ചു. മത്തായി ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ ഇടവക വികാരിയെ ആദരിച്ചു. മാസാവസാന വെള്ളിയാഴ്ച തകരുന്ന കുടുംബങ്ങൾക്ക് വേണ്ടിയും നല്ല കാലാവസ്ഥ ലഭിക്കുന്നതിന് വേണ്ടിയും ദിവ്യകാരുണ്യ ആരാധന നടത്തി.

**ദീപ്തിഗിരി**

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ ആഘോഷമായി കൊണ്ടാടി. 8 ദിവസവും പള്ളിയിൽ പോവുകയും ആഘോഷമായി വാർഡുതലത്തിൽ ജപമാല ചൊല്ലുകയും കാഴ്ച്ച സമർപ്പണം നടത്തുകയും ചെയ്തു. സെപ്റ്റംബർ 8 ന് ഇടവകയിലെ ജനങ്ങൾക്ക് അമ്മമാരുടെ നേതൃത്വത്തിൽ സ്നേഹ വിരുന്ന് നല്കി. അമ്മമാർ എമ്മാവൂസ് വില്ല സന്ദർശിക്കുകയും ഒരു നേരത്തെ ഭക്ഷണത്തിനുള്ള പണം നല്കുകയും ചെയ്തു. സെമിനാരി ഫണ്ട് മേഖലയെ ഏൽപ്പിച്ചു. രോഗീസന്ദർശനം നടത്തി.

**ആലാറ്റിൽ**

എട്ടുനോമ്പിൽ എട്ടു ദിവസം അമ്മമാർ നോമ്പെടുത്തു. വി. കുർബാനയിൽ സംബന്ധിച്ചു പ്രാർത്ഥിച്ചു. നടവയൽ ഓസാനം

ഭവൻ എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശിക്കുകയും അവശ്യ സാധനങ്ങൾ നൽകുകയും ചെയ്തു. യൂണിറ്റുതല തിരഞ്ഞെടുപ്പു നടത്തി. സ്നേഹാലയ സന്ദർശനം നടത്തി.

**സീതാമൗണ്ട്**

അധ്യാപക ദിനത്തിൽ ഇടവകയിലുള്ള അദ്ധ്യാപകരെ ആദരിച്ചു. മിഷൻലീഗ് കലാമത്സരത്തിൽ മാതൃവേദി അംഗങ്ങൾ പങ്കെടുത്തു. ഇടവകയിലുള്ള അസുഖബാധിതയായ കുട്ടിയെ സന്ദർശിച്ചു മാതൃവേദിയുടെ പേരിലുള്ള ധനസഹായം നൽകി.

**കബനിഗിരി**

എല്ലാ മാതൃവേദി അംഗങ്ങളും പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിനായി കുമ്പസാരിച്ച് ഒരുങ്ങി. അധ്യാപക ദിനത്തിൽ, എല്ലാ അധ്യാപകരെയും മേരി നാമധാരികളെയും ആദരിച്ചു. രോഗീസന്ദർശനം നടത്തി. പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് സഹായം നൽകി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിനത്തിൽ ഇടവകയിൽ സേവനം ചെയ്യുന്ന എല്ലാ വിൻസന്റ് ഡി പോൾ പ്രവർത്തകരെയും ആദരിച്ചു. ഇടവകയിൽ നടത്തിയ *ബേഥ്സൈദാ 2026* സംഗമത്തിൽ സഹകരിച്ചു (മുതിർന്നവരുടെയുംരോഗികളുടെയും സംഗമം). സെപ്റ്റംബർ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും പള്ളിയും പരിസരങ്ങളും സിമിത്തേരിയും വൃത്തിയാക്കി.

**പാതിരിപ്പാടം**

സെപ്റ്റംബർ 1 മുതൽ 8 വരെ ഇടവകയിലെ അമ്മമാർ മാതാവിന്റെ പിറവി തിരുനാളിന് ഒരുക്കമായി നോമ്പ് എടുക്കുകയും ജപമാലയ്ക്ക് നേതൃത്വം കൊടുക്കുകയും വിശുദ്ധ കുർബാനയിലും നൊവേനയിലും പങ്കെടുക്കുകയും ചെയ്തു. അമ്മമാർ കാഴ്ച സമർപ്പണം നടത്തി. ഇടവകയിലെ അധ്യാപകരെ ആദരിച്ചു, ഗ്രൂപ്പുകളിൽ പോസ്റ്ററുകൾ പങ്കുവെച്ചു. പ്രായമായ അമ്മമാരെ വീടുകളിൽ പോയി ആദരിച്ചു. ജപമാല മാസത്തിന് ഒരുക്കമായി മാതൃവേദി അമ്മമാർ മാതാവിന്റെ ഗ്രോട്ടോയും, ദേവാലയവും, അലങ്കരിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ &**
**ഫാ. ബിനു വടക്കേൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സ്നേഹമുള്ള വിൻസൻഷ്യൻ സഹോദരരെ,

ക്രിസ്തുവിന്റെ സ്നേഹവും കരുണയും എളിയവരിലേക്ക് എത്തിക്കുക എന്ന പരിശുദ്ധമായ ദൗത്യത്തിൽ അടിയുറച്ചു പ്രവർത്തിക്കുന്ന സംഘടനയാണ് സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി.

'എന്റെ ഈ ചെറിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്' എന്ന ക്രിസ്തുനാഥന്റെ അരുളപ്പാടാണ് വിൻസെൻഷ്യൻ ശുശ്രൂഷകളുടെ ആണിക്കല്ല്. വയനാടിന്റെയും സമീപ പ്രദേശങ്ങളുടെയും നാനാഭാഗങ്ങളിൽ പ്രയാസമനുഭവിക്കുന്ന പാർശ്വവത്കരിക്കപ്പെട്ടവർക്കും രോഗികൾക്കും നിർധനർക്കും താങ്ങും തണലുമായി നിൽക്കാൻ നമ്മുടെ രൂപതയിലെ പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരീസഹോദരന്മാർക്ക് സാധിക്കുന്നു എന്നത് ദൈവകൃപയുടെ അടയാളമാണ്.

നമ്മുടെ ഓരോ ഇടവകയിലെയും കോൺഫറൻസുകൾ വഴി നടപ്പിലാക്കുന്ന കാരുണ്യ പ്രവർത്തനങ്ങൾ ദൈവരാജ്യത്തിന്റെ സജീവ സാക്ഷ്യമാണ്. എളിയവരുടെ കണ്ണീരൊപ്പാനും, അവർക്ക് അടിയന്തിര സഹായങ്ങളും ആശ്വാസവും എത്തിക്കാനും നൽകുന്ന സഹകരണങ്ങൾക്ക് എല്ലാവരോടും ഞങ്ങൾക്ക് ആഴമായ നന്ദിയുണ്ട്. സഭയുടെ കാരുണ്യമുഖമായി മാറി, കൂടുതൽ പ്രതിബദ്ധതയോടെ സേവനം ചെയ്യാൻ എല്ലാവർക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്. പരിശുദ്ധ അമ്മയുടെയും നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും മാധ്യസ്ഥ്യം നമുക്ക് തുണയായിരിക്കട്ടെ. സെപ്റ്റംബർ 27-ന് വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ സെൻട്രൽ കൗൺസിലും ഏരിയ കൗൺസിലുകളും കോൺഫൻസുകളും സമുചിതമായി ആഘോഷിച്ചു.

**സി സി യോഗങ്ങൾ**

10/10/2026 ന് നടവയൽ ഓസാനം ഭവനിൽ വച്ച്, മാനന്തവാടി സെൻട്രൽ കൗൺസിൽ യോഗം നടന്നു. സി സി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ അധ്യക്ഷത വഹിച്ചു. 12/09/2026 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന സി സി വാർഷികത്തെ വൻ വിജയ

മാക്കി തീർത്ത എല്ലാ വർക്കും സിസി സെക്രട്ടറി ബ്രദർ ജോസുകുട്ടി ചാത്തമല നന്ദി അറിയിച്ചു. കോൺഫറൻസ് പ്രവർത്തനങ്ങളെ വിപുലമാക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ടി 2027 കോൺഫറൻസ് പ്രവർത്തന നവീകരണ വർഷമായി ആചരിക്കുവാൻ യോഗം ഐക്യകണ്ഠേന തീരുമാനിച്ചു. 24/10/2026 ന് സി സി വനിത എക്സിക്യൂട്ടീവ് മീറ്റിംഗ് ഓസാനം ഭവനിൽ വച്ച് കൂടുന്ന കാര്യം സി സി വനിതാ പ്രതിനിധി സിസ്റ്റർ ഹണി മരിയ ഷാജി യോഗത്തെ അറിയിച്ചു. എല്ലാ എസികളിൽ നിന്നും 2 വനിതാ പ്രതിനിധികളെ എങ്കിലും യോഗത്തിൽ പങ്കെടുപ്പിക്കണമെന്ന് യോഗം തീരുമാനിച്ചു. മാനന്തവാടി സിസി യൂത്ത് സംഗമത്തിൽ എല്ലാ കോൺഫറൻസുകളിൽ നിന്നും രണ്ട് പ്രതിനിധികളെ എങ്കിലും പങ്കെടുപ്പിക്കണമെന്ന് സി സി യൂത്ത് കോഡിനേറ്റർ ബ്രദർ ജയ്സൺ വടക്കേകുടിയിൽ എല്ലാ എ സി പ്രസിഡണ്ട് മാരോടും അഭ്യർത്ഥിച്ചു.

**ലിറ്റിൽ ഫ്ളവർ കോൺഫറൻസ് കമ്മന**

27/9/2026 ഞായറാഴ്ച പയ്യമ്പള്ളി എ സിയുടെ കീഴിലുള്ള കമ്മന ലിറ്റിൽ ഫ്ളവർ ചർച്ചിൽ വിശുദ്ധ വിൻസന്റ് ഡിപ്പോളിന്റെ തിരുനാൾ സാഘോഷം നടത്തപ്പെട്ടു. ഇടവക വികാരി റവ. ഫാ. മനു അറയ്ക്കപ്പറമ്പിൽ തിരുനാൾ കുർബാനയും ലദീഞ്ഞും ചൊല്ലി പ്രാർത്ഥിച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആവശ്യകത തിരുനാൾ സന്ദേശത്തിൽ അദ്ദേഹം ഊന്നി പറഞ്ഞു. വിശുദ്ധ കുർബാനയ്ക്കു ശേഷം പള്ളിയിൽ വിശുദ്ധ വിൻസെന്റ് ഡി പോളിനെ കുറിച്ച് കൊട്ടിയൂർ എ സി പ്രസിഡന്റ് സിസ്റ്റർ പ്രിയ തടങ്ങഴിയിൽ പ്രസംഗിച്ചു. സി സി പ്രസിഡണ്ട് ബ്രദർ ഷൈജൻ തടങ്ങഴിയിൽ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിച്ചു. തുടർന്ന് ലിറ്റിൽ ഫ്ളവർ കോൺഫറൻസ് എന്ന പേരിൽ പുതിയ കോൺഫറൻസ് രൂപീകരിച്ചു. ബ്രദർ മാനുവൽ കുന്നത്തുകുഴിയെ പ്രസിഡന്റ് ആയി തിരഞ്ഞെടുത്തു.എക്സിക്യൂട്ടീവ് അംഗങ്ങളെയും തിരഞ്ഞെടുത്തു. ബ്രദർ മാനുവൽ കുന്നത്തുകുഴി നന്ദി അർപ്പിച്ച് സംസാരിച്ചു. ബഹുമാനപ്പെട്ട മനു അറയ്ക്കപ്പറമ്പിൽ അച്ചന്റെ പ്രോത്സാഹനത്തിനും സ്നേഹത്തിനും നന്ദി അറിയിക്കുന്നു.

പയ്യമ്പള്ളി എ സിയുടെ കീഴിലുള്ള ആറാട്ടുതറ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും, സെന്റ് തോമസ് ചർച്ചും സംയുക്തമായി സംഘടിപ്പിച്ച ഹൃദയ സംഗമം 2026, 17/ 10 /26 ന് നട

ത്തപ്പെട്ടു. 70 വയസ്സിന് മുകളിലുള്ള 73 വയോജനങ്ങളുടെ ആദരിക്കൽ ചടങ്ങ് ആറാട്ടുത, സെന്റ് തോമസ് ചർച്ച് ഹോളിൽ നടത്തി. യോഗത്തിൽ കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ തോമസ്സ് ദേവസ്യ അധ്യക്ഷത വഹിച്ചു. ഇടവക വികാരി റവ. ഫാ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ ഉത്ഘാടനവും അനുഗ്രഹ പ്രഭാഷണവും നടത്തി. 80 വയസ്സിന് മുകളിൽ ഉള്ള 15 വയോജനങ്ങളെ പൊന്നാട അണിയിച്ച് ആദരിച്ചു. തുടർന്ന് സിസ്റ്റർ പ്രിയ ഷൈജൻ (കൊട്ടിയൂർ ഏരിയ കൗൺസിൽ പ്രസിഡന്റ്), ശ്രീ. ജോർജ്ജ് ആക്കാന്തിരി (രൂപതാ റിസോഴ്സ് പേഴ്സൺ) എന്നിവർ ക്ലാസ്സ് എടുത്തു. ശ്രീ. മാത്യു ചെറുകര (ഇടവക പ്രതിനിധി) ആശംസകൾ അർപ്പിച്ചു. ബ്രദർ ദേവസ്യ എ. എളപ്പുപാറ സ്വാഗതവും റിപ്പോർട്ടും അവതരിപ്പിച്ചു. ബ്രദർ ഷാജി കേദാരം നന്ദി പറഞ്ഞു. ഉച്ചയ്ക്ക് ഒരു മണിക്ക് സ്നേഹവിരുന്നോട് കൂടിയാണ് 'ഹൃദയസംഗമം' അവസാനിച്ചത്.

**പാടിച്ചിറ എ സി**

11/10/2026 ന് പാടിച്ചിറ എ സി യോഗം ചേർന്നു. ബഹുമാനപ്പെട്ട സജി പുഞ്ചയിൽ അച്ചൻ യോഗം ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു. കോൺഫറൻസ് അംഗങ്ങൾ നടവയൽ ഓസാനം ഭവൻ, എമ്മാവൂസ് വില്ല തോണിച്ചാൽ എന്നീ സ്നേഹ ഭവനങ്ങൾ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു, മരക്കടവ് സെന്റ് കാതറൈൻസ് കോൺഫ്രൻസ് അംഗങ്ങൾ സ്നേഹഭവനങ്ങൾ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. 110 ഭവനങ്ങളിൽ രോഗീ സന്ദർശനവും, 17 ഭവനങ്ങളിൽ സൗഹൃദ സന്ദർശനവും നടത്തി. 4 പേർക്ക് ചികിത്സാ സഹായവും, മൂന്നുപേർക്ക് ഭവന നിർമ്മാണ സഹായവും, 3 സാധു കുടുംബങ്ങൾക്ക് സാമ്പത്തിക സഹായവും, രണ്ടു പേർക്ക് വിദ്യാഭ്യാസ സഹായവും നൽകി.

വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ എല്ലാ ഇടവകകളിലും ആഘോഷപൂർവ്വം കൊണ്ടാടി. ദിവ്യബലി മധ്യേ കാഴ്ച സമർപ്പണം, പ്രതിജ്ഞ പുതുക്കൽ എല്ലാവരും നിർവ്വഹിച്ചു. ഉണ്ണിയപ്പം, ഹലുവ, മിഠായി എന്നീ ലഘു ഭക്ഷണങ്ങൾ വിതരണം ചെയ്തു. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിനത്തിൽ കോൺഫ്രൻസ് അംഗങ്ങൾ കിടപ്പുരോഗികൾ, പരസഹായം കൂടാതെ നടക്കാൻ പറ്റാത്തവർ, വീൽചെയറിൽ ആയിരിക്കുന്നവർ, വൃദ്ധർ എന്നിങ്ങനെ 70 ഓളം പേരെ പള്ളിയിൽ കൊണ്ടുവന്ന് കുമ്പസാരം,

കുർബ്ബാന എന്നീ കൂദാശകൾ സ്വീകരിക്കുന്നതിന് അവരെ സഹായിക്കുകയും സ്നേഹവിരുന്നും സമ്മാനങ്ങളും നൽകി തിരികെ ഭവനത്തിൽ കൊണ്ടുചെന്നാക്കുകയും ചെയ്തു.

**കൊട്ടിയൂർ ഏരിയ കൗൺസിൽ**

18/10/2026 ന് എ സി പ്രസിഡന്റ് സിസ്റ്റർ പ്രിയ തടങ്ങഴിയുടെ അധ്യക്ഷതയിൽ, ചുങ്കക്കുന്ന് കോൺഫ്രൻസ് ഓഫീസിൽ വച്ച് എ സി യോഗം ചേർന്നു. കോൺഫ്രൻസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. കേളകം ഇടവകയിൽ പുതിയ കോൺഫറൻസ് സ്ഥാപിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ചർച്ച ചെയ്തു. കോൺഫറൻസുകൾ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ എ സി പ്രസിഡന്റും ബോർഡ് അംഗങ്ങളും കോൺഫറൻസുകൾ സന്ദർശിക്കാൻ തീരുമാനിച്ചു. അർദ്ധ വാർഷിക റിപ്പോർട്ട് വിതരണം ചെയ്തു. സെപ്റ്റംബർ 27 ന് വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ എല്ലാ കോൺഫറൻസുകളും സമുചിതമായി ആഘോഷിച്ചു. കാഴ്ച സമർപ്പണവും പ്രതിജ്ഞ പുതുക്കലും നടത്തി. വിൻസൻഷ്യൻ സഹോദരങ്ങൾ പള്ളിയിൽ വന്ന എല്ലാവർക്കും മധുരപലഹാരങ്ങൾ വിതരണം ചെയ്തു. രോഗീ സന്ദർശനവും ഭവന സന്ദർശനവും നടത്തി. തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**ഓസാനം ഭവൻ**

മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ കാരുണ്യത്തിന്റെ മുഖമാണ് ഓസാനം ഭവൻ. രോഗികളും പാർശ്വവൽക്കരിക്കപ്പെട്ട വരുമായ 75 ഓളം അപ്പച്ചൻമാർക്ക് സ്നേഹവും സാന്ത്വനവും പരിഗണനയും നൽകിക്കൊണ്ടിരിക്കുന്ന എല്ലാ വിൻസെൻഷ്യൻ സഹോദരന്മാർക്കും സ്റ്റാഫ് അംഗങ്ങൾക്കും ഓസാനം ബോർഡ് അംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ഓസാനം ഭവൻ സന്ദർശനങ്ങൾ**

സെന്റ് സെബാസ്റ്റ്യൻ കോൺഫ്രൻസ് പാടിച്ചിറ എ സി, ആലാറ്റിൽ മാതൃവേദി, വിളമ്പുകണ്ടം കോൺഫറൻസ്, St. മേരീസ് കോൺഫ്രൻസ് പറളിക്കുന്ന് ചുണ്ടക്കര എസി, St. മേരീസ് കോൺഫ്രൻസ് നെടുംമ്പാല, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മരകാവ്, സെന്റ് അൽഫോൻസ കോൺഫ്രൻസ് ചുള്ളിയാന, ചുണ്ടക്കര എ സി, എന്നിവയിൽ നിന്നുള്ള അംഗങ്ങൾ ഓസാനം ഭവൻ

സന്ദർശിക്കുകയും സംഭാവനകളും, സാധനങ്ങളും നൽകുകയും ചെയ്തു.

വയനാട് ജില്ല ഹോമിയോ മെഡിക്കൽ ടീം അംഗങ്ങൾ ഓസാനം ഭവൻ സന്ദർശിക്കുകയും, ആരോഗ്യ ബോധവൽക്കരണ ക്ലാസും, മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുകയും ചെയ്തു.

അസോസിയേഷൻ ഓഫ് ഓർഫനേജസ് ആൻഡ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻ കേരള, വയനാട് ജില്ലാ സമ്മേളനം സെപ്റ്റംബർ 23-ാം തീയതി സ്നേഹഭവൻ കൽപ്പറ്റയിൽ വച്ച് നടന്നു. ഓസാനം ഭവന്റെ പ്രതിനിധിയായി, സെക്രട്ടറി ബ്ര. ജോർജ്ജ് പറമ്പിൽ പങ്കെടുത്തു.

**സെന്റ് വിൻസെന്റ് ഡിപോൾ ദിനം**

27/10/2026 ന് 7:30 AM-ന് റവ. ഫാ. ബെന്നി M S (ലാസലറ്റ് ആശ്രമം) വി. കുർബാന അർപ്പിച്ചു. വി. കുർബാനയ്ക്കുശേഷം നൊവേന ചൊല്ലി പ്രാർത്ഥിച്ചു.

**അന്താരാഷ്ട്ര വയോജനദിനം**

ഒക്ടോബർ 1-ന് അന്താരാഷ്ട്ര വയോജനദിനത്തിന്റെ ഭാഗമായി മീനങ്ങാടിയിൽ വച്ച് നടന്ന പ്രോഗ്രാമിൽ 3 അപ്പച്ചൻമാരും, മാനേജർ ബ്രദർ റോയി ലൂയിസും സംബന്ധിച്ചു.

ശ്രീനാരായണ സ്കൂൾ പൂതാടി, HSS വാകേരി എന്നീ സ്കൂളുകളിലെ കുട്ടികളും, അധ്യാപകരും അപ്പച്ചൻമാർക്ക് വേണ്ടി വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**ബ്രദർ ഷൈജൻ തടങ്ങഴിയിൽ**
സി. സി. പ്രസിഡന്റ്

**ദുരന്തങ്ങളെ നേരിടാൻ മുന്നൊരുക്കവും കൂട്ടായ പ്രവർത്തനവും അനിവാര്യം: ഡോ. വി. ആർ. ഹരിദാസ്**

കാലാവസ്ഥാ വ്യതിയാനവും പ്രകൃതിദുരന്തങ്ങളും ഉയർത്തുന്ന വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിന് സർക്കാർ സംവിധാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പ്രാദേശിക സമൂഹങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനം അനിവാര്യമാണെന്ന് കാരിത്താസ് ഇന്ത്യ നാഷണൽ പ്രോജക്ട് കോ-ഓർഡിനേറ്റർ ഡോ. വി. ആർ. ഹരിദാസ് പറഞ്ഞു.

പ്രകൃതി ദുരന്ത സാഹചര്യങ്ങളെ ഫലപ്രദമായി നേരിടുന്നതിനും പ്രാദേശികതലത്തിൽ അടിയന്തര പ്രതികരണ ശേഷി ശക്തിപ്പെടുത്തുന്നതിനുമായി കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS) നടപ്പാക്കിവരുന്ന 'സേഫ് വിതിൻ' (SAFE WITHIN) പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച എമർജൻസി റെസ്പോൺസ് ടീം (ERT) പരിശീലന പരിപാടിയിൽ നേതൃത്വം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് പുറമെ ബത്തേരി ശ്രേയസ്, കോഴിക്കോട് ജീവന, താമരശ്ശേരി COD എന്നീ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയാണ് കാരിത്താസ് ഇന്ത്യയുടെ പിന്തുണയിൽ ജില്ലയിൽ 'സേഫ് വിതിൻ' പദ്ധതി നടപ്പാക്കി വരുന്നത്.

ദുരന്ത സാധ്യതകൾ കുറയ്ക്കുക, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങളെ നേരിടാനുള്ള സമൂഹത്തിന്റെ പ്രതിരോധ ശേഷി വർധിപ്പിക്കുക, അടിയന്തര സാഹചര്യങ്ങളിൽ വേഗത്തിലും കാര്യക്ഷമമായും പ്രതികരിക്കാനുള്ള പ്രാദേശിക സംവിധാനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇതിന്റെ ഭാഗമായി സംഘടിപ്പിച്ച പരിശീലനത്തിൽ വയനാട് ജില്ലയിലെ ദുരന്ത സാധ്യതകൾ, ദുരന്ത നിവാരണ സംവിധാനത്തിന്റെ പ്രവർത്തനം, മുന്നറിയിപ്പ് സംവിധാനങ്ങൾ, ദുരന്ത മുന്നൊ

രുക്കം, അടിയന്തര പ്രതികരണം, രക്ഷാ പ്രവർത്തനം, വിവിധ ഏജൻസികളുടെ ഏകോപനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു.

പ്രകൃതി ദുരന്തസാധ്യത കൂടുതലുള്ള വയനാട് പോലുള്ള പ്രദേശങ്ങളിൽ സമൂഹാധിഷ്ഠിത ദുരന്ത സാധ്യതാ ലഘൂകരണത്തിനും പ്രാദേശിക തലത്തിലുള്ള ദുരന്ത മുന്നൊരുക്കത്തിനും കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ടെന്നും പരിശീലനത്തിൽ അഭിപ്രായപ്പെട്ടു. ദുരന്ത സമയത്ത് സർക്കാർ സംവിധാനങ്ങളോടൊപ്പം പ്രാദേശിക സമൂഹങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും കാര്യക്ഷമമായി ഇടപെടാൻ കഴിയുന്ന തരത്തിൽ പരിശീലനം ലഭിച്ച അടിയന്തര പ്രതികരണ സംഘങ്ങൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി.

കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അബീഷ് ആന്റണിയുടെ നേതൃത്വത്തിൽ എമർജൻസി റെസ്പോൺസ് ടീമിന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ദുരന്ത സാഹചര്യങ്ങളിൽ ഉത്തരവാദിത്വങ്ങൾ വ്യക്തമായി നിർവചിക്കുക, ആശയ വിനിമയ സംവിധാനം ശക്തിപ്പെടുത്തുക, പ്രാദേശിക വിഭവങ്ങൾ ഏകോപിപ്പിക്കുക, അടിയന്തര ഇടപെടലുകൾ വേഗത്തിലാക്കുക തുടങ്ങിയ കാര്യങ്ങൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി.

ചുള്ളിയാന ഇടവക വികാരി റവ. ഫാ. സെബാസ്റ്റ്യൻ എലവനപാറ അധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ റവ. ഫാ. ജോണി കുന്നത്ത് പരിപാടി ഉദ്ഘാടനം ചെയ്തു. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോസഫ് പുല്ലുമാരി, കേരള സോഷ്യൽ സർവീസ് ഫോറം കോ-ഓർഡിനേറ്റർ സാജോ ജോയ് എന്നിവർ ആശംസകൾ നേർന്നു. സേഫ് വിതിൻ പ്രോജക്ട് കോ-ഓർഡിനേറ്റർമാരായ കെ. പി. ഷാജി (ശ്രേയസ്, ബത്തേരി), ക്രിസ്റ്റീന റോസ് ജി. (CDO, താമരശ്ശേരി), ആഷ്ലി നെൽസൺ (ജീവന,കോഴിക്കോട്), ബി-ഫ്രെിംഗ് കോ-ഓർഡിനേറ്റർമാരായ സിസ്റ്റർ ഷൈനി പി. ജി, സിസ്റ്റർ ലില്ലി മാത്യു എന്നിവരും പരിപാടിയിൽ സംസാരിച്ചു.

**വീലീഡ് പദ്ധതിയുടെ ഭാഗമായി സംരംഭകത്വ പരിശീലന പരിപാടി നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) കേരള

സ് റ്റേറ്റ് അസോസിയേഷൻ ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (കസാഫി) എന്നിവയുടെ സാമ്പത്തിക സഹായത്തോടെ വീലീഡ് പദ്ധതിയുടെ ഭാഗമായി വിവിധതരം കേക്കുകൾ നിർമ്മിക്കുന്നതിൽ സംരഭകത്വ പരിശീലന പരിപാടി നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ പി. എ. ജോസിന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം നിർവഹിച്ചു. കസാഫി ജില്ലാ കോഡിനേറ്റർ നിമ്മി അഗസ്റ്റിൻ പദ്ധതി വിശദീകരണം നടത്തി. ഫഗ്മിത സി. പരിശീലനത്തിന് നേതൃത്വം നൽകി. പരിശീലനത്തിന് ശേഷം ഇവ വ്യാവസായിക രീതിയിൽ ഉല്പാദിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) കേരള സ്റ്റേറ്റ് അസോസിയേഷൻ ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (കസാഫി) എന്നിവർ ഒരുക്കും. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കസാഫി കോഓർഡിനേറ്റർ അരുൺ എസ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രൊജക്റ്റ് കോ-ഓർഡിനേറ്റർമാരായ ചിഞ്ചു മരിയ പീറ്റർ, ജാൻസി ജിജോ, ആലീസ് സിസിൽ, ബിൻസി വർഗീസ്, ജിനിഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**പുലിക്കാട് നീർത്തട സംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി നബാർഡ് കേരള റീജിയണൽ ടീം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS), നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ എടവക ഗ്രാമപഞ്ചായത്തിലെ പുലിക്കാട് നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നബാർഡ് കേരള റീജിയണൽ ഓഫീസിലെ അസിസ്റ്റന്റ് മാനേജർ മനോജ് എൻ. എസ്, കൺസൾട്ടന്റ് പി. ശ്രീ. ബാലാജി എന്നിവർ പദ്ധതി പ്രദേശം സന്ദർശിച്ചു.

സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മിറ്റി അംഗങ്ങളുമായി വിശദമായ ചർച്ച നടത്തുകയും പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളും പ്രവർത്തന റിപ്പോർട്ടുകളും പരിശോധിക്കുകയും ചെയ്തു.

പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ സംരക്ഷണ പ്രവർത്തനങ്ങൾ നേരിട്ട് സന്ദർശിച്ച് അവയുടെ പുരോഗതിയും പ്രയോജനങ്ങളും സംഘം വിലയിരുത്തി.

നീരുറവകളുടെ പുനരുജ്ജീവനം, കിണർ റീചാർജിങ്, മുട്ടക്കോഴി വളർത്തൽ, മണ്ണ് കയ്യാല നിർമ്മാണം, നീർക്കുഴി നിർമ്മാണം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ സംഘം നേരിട്ട് കണ്ടു മനസ്സിലാക്കി. പ്രകൃതി വിഭവ സംരക്ഷണത്തിനും ജലലഭ്യത വർധിപ്പിക്കുന്നതിനും കർഷകരുടെയും ഗ്രാമീണ കുടുംബങ്ങളുടെയും ഉപജീവന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ സന്ദർശനത്തിൽ വിശദമായി വിലയിരുത്തി.

നീർത്തട സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി, പ്രദേശത്തെ ജനപങ്കാളിത്തം, പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചും സന്ദർശനത്തിൽ ആശയവിനിമയം നടത്തി. ജലസ്രോതസ്സുകളുടെ സംരക്ഷണവും സുസ്ഥിരമായ പ്രകൃതി വിഭവ പരിപാലനവും ഉറപ്പാക്കുന്നതിൽ ഇത്തരം പദ്ധതികളുടെ പ്രാധാന്യം സന്ദർശനം എടുത്തുകാട്ടി.

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ജോയിന്റ് ഡയറക്ടർ റവ. ഫാ. ജോണി കുന്നത്ത്, പ്രോഗ്രാം ഓഫീസർ ജോസ് പി. എ., പ്രോജക്റ്റ് കോ ഓർഡിനേറ്റർമാരായ റോബിൻ ജോസഫ്, ദീപു ജോസഫ്, ലേഡി സോഷ്യൽ വർക്കർ ജാൻസി ജിജോ, നീർത്തട കമ്മിറ്റി അംഗങ്ങളായ വർഗീസ് കിഴക്കേപറമ്പിൽ, സിനോജ് പി. ജെ. എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

**വീലീഡ് പദ്ധതിയുടെ ഭാഗമായി കൂൺകൃഷിയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു**

സ്ത്രീകൾക്ക് സ്വയംതൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് വരുമാനം വർധിപ്പിക്കുന്നതിനും ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വീലീഡ് പദ്ധതിയുടെ ഭാഗമായി കൂൺകൃഷിയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നടന്ന പരിശീലന പരിപാടി സ്ത്രീകളുടെ നേതൃത്വത്തിലുള്ള വരുമാനദായക സംരംഭങ്ങൾക്ക് പുതിയ

സാധ്യതകൾ തുറന്നു കൊടുക്കുന്നതായി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ റവ. ഫാ. ജോണി കുന്നത്തിന്റെ അധ്യക്ഷതയിൽ നടന്ന പരിപാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. വീലീഡ് പദ്ധതി ജില്ലാ കോ-ഓർഡിനേറ്റർ നിമ്മി അഗസ്റ്റിൻ പദ്ധതി വിശദീകരണം നടത്തി. നടവയലിൽ വ്യാവസായികാടിസ്ഥാനത്തിൽ കൂൺ കൃഷി നടത്തുന്ന മിനി പി. എൽ. പരിശീലനത്തിന് നേതൃത്വം നൽകി. കൂൺ കൃഷിയുടെ സാധ്യതകൾ, കൂൺ ഉത്പാദനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, വിത്ത്/സ്പോൺ തിരഞ്ഞെടുക്കൽ, കൃഷിരീതി, പരിപാലനം, രോഗനിയന്ത്രണം, വിളവെടുപ്പ്, മൂല്യ വർധിത ഉത്പന്നങ്ങളുടെ സാധ്യതകൾ, പാക്കിംഗ്, വിപണനം തുടങ്ങിയ വിവിധ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകി. വീട്ടുതലത്തിൽ കൂൺ ഉത്പാദനം ആരംഭിക്കുന്നതിനൊപ്പം സ്വാശ്രയ സംഘങ്ങളുടെ നേതൃത്വത്തിൽ കൂട്ടായ സംരംഭങ്ങൾ രൂപീകരിച്ച് ഉത്പാദനവും വിപണനവും നടത്തുന്നതിനും അതുവഴി സ്ഥിര മായ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനുമാണ് പരിശീലനം ലക്ഷ്യമിടുന്നത്.

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീ സർ ജോസ് പി. എ, കസാഫി കോ-ഓർഡിനേറ്റർ അരുൺ എസ്, പ്രോജക്ട് കോ-ഓർഡിനേറ്റർമാരായ ചിഞ്ചു മരിയ പീറ്റർ, ജാൻസി ജിജോ, ആലീസ് സിസിൽ, ബിൻസി വർഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സർ ട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പരിശീലനത്തിൽ പങ്കെടു ത്തവർക്ക് കൂൺ കൃഷിയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭി ക്കുന്നതിനാവശ്യമായ സാങ്കേതിക മാർഗനിർദേശവും സംരംഭകത്വ പിന്തുണയും വായ്പാ സൗകര്യങ്ങളിലേക്കുള്ള സഹായവും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ലഭ്യ മാക്കും.

സ്ത്രീകളുടെ കഴിവുകളെ വരുമാന ദായക സംരംഭങ്ങളാക്കി മാറ്റുകയും കുടുംബങ്ങളുടെ സാമ്പത്തിക സുരക്ഷ ശക്തിപ്പെടു ത്തുകയും പ്രാദേശികതലത്തിൽ ചെറുകിട സംരംഭങ്ങൾക്ക് പ്രോത്സാ

ഹനം നൽകുകയും ചെയ്യുന്നതിലൂടെ സുസ്ഥിര ഉപജീവന മാർഗങ്ങൾ സൃഷ്ടിക്കുകയാണ് വിലീഡ് പദ്ധതിയുടെ ലക്ഷ്യം.

**ദുരന്തങ്ങളെ നേരിടാൻ ആദ്യം സുരക്ഷിതമാകേണ്ടത് വീടുകൾ: ലൂക്കാ ഫ്രാൻസിസ്**

ദുരന്ത സന്നദ്ധതയുടെ ആദ്യപാഠങ്ങൾ ഓരോ വീടുകളിൽ നിന്നും ആരംഭിക്കണമെന്നും സുരക്ഷാ ശീലങ്ങൾ കുടുംബ ജീവിതത്തിന്റെ ഭാഗമാക്കണമെന്നും വയനാട് സ്പോർട്സ് & ഗെയിംസ് അഡ്വഞ്ചർ അക്കാദമി സെക്രട്ടറി ലൂക്കാ ഫ്രാൻസിസ് അഭിപ്രായപ്പെട്ടു.

അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ ഭാഗമായി തൃശ്ശിലേരി സെന്റ് ജോർജ് പള്ളിയിൽ SWS യൂണിറ്റ് അംഗങ്ങൾക്കായി സംഘടിപ്പിച്ച ബോധവത്കരണ ക്ലാസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ദുരന്ത സന്നദ്ധത ആരംഭിക്കുന്നത് വീട്ടിൽ നിന്നാണ് എന്ന വിഷയത്തിൽ സേഫ് വിതിൻ - ചൂരൽമല & വിലങ്ങാട് പദ്ധതിയുടെ ഭാഗമായി കാരിത്താസ് ഇന്ത്യയുടെ പിന്തുണയോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി(WSSS) ആണ് പരിപാടി സംഘടിപ്പിച്ചത്.

ദുരന്തങ്ങളെ പൂർണമായി തടയാൻ എല്ലായ്പ്പോഴും സാധിക്കണമെന്നില്ലെങ്കിലും സുരക്ഷാ മുന്നറിയിപ്പുകൾ കൃത്യമായി മനസ്സിലാക്കുകയും അവ പാലിക്കുകയും മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ ദുരന്തങ്ങളുടെ ആഘാതം ഗണ്യമായി കുറയ്ക്കാൻ കഴിയുമെന്ന് ലൂക്കാ ഫ്രാൻസിസ് പറഞ്ഞു. വലിയ ദുരന്തങ്ങൾക്കുള്ള തയ്യാറെടുപ്പിനൊപ്പം വീടുകളിലും പരിസരങ്ങളിലും ഉണ്ടാകാവുന്ന ചെറിയ അപകടസാധ്യതകൾ തിരിച്ചറിയുന്നതിനും കുടുംബങ്ങൾ പ്രാധാന്യം നൽകണം. സമയോചിതമായ ഇടപെടലുകളും സുരക്ഷാ മുൻകരുതലുകളും ജീവനും സ്വത്തിനും ഉണ്ടാകുന്ന നഷ്ടങ്ങൾ കുറയ്ക്കാൻ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വൈദ്യുതി അപകടങ്ങൾ, ഗ്യാസ് ഉപയോഗത്തിലെയും അടുക്കളയിലെയും സുരക്ഷ, വഴുതി വീഴൽ, കുട്ടികളുടെ സുരക്ഷ, വീടിന് ചുറ്റുമുള്ള മരങ്ങളും പരിസരവും സൃഷ്ടിക്കുന്ന അപകട സാധ്യതകൾ, അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ എന്നിവ ക്ലാസിൽ വിശദമായി പ്രതിപാദിച്ചു. വിവിധ

വിഷയങ്ങളുമായി ബന്ധപ്പെട്ട അനുഭവങ്ങളും അദ്ദേഹം പങ്കു വെച്ചു. അടിയന്തര സാഹചര്യങ്ങളിൽ പരിഭ്രാന്തരാകാതെ പ്രവർത്തിക്കാനും അപകട സാധ്യതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് പ്രതിരോധ നടപടികൾ സ്വീകരിക്കാനും കുടുംബാംഗങ്ങൾ പരിശീലിക്കേണ്ടതിന്റെ ആവശ്യകതയും ക്ലാസ് ഓർമിപ്പിച്ചു. സേഫ് വിതിൻ പദ്ധതിയുടെ കോർഡിനേറ്റർ ഡെൽന മേരി ജെയ്സൺ അധ്യക്ഷത വഹിച്ചു. വയനാട് സ്പോർട്സ് & ഗെയിംസ് അഡ്വഞ്ചർ അക്കാദമി സെക്രട്ടറി ലൂക്കാ ഫ്രാൻസിസ് പരിപാടി ഉദ്ഘാടനം ചെയ്യുകയും ബോധവത്കരണ ക്ലാസ് നയിക്കുകയും ചെയ്തു. പരിപാടിയിൽ ബിഫ്രെൻഡിംഗ് കോർഡിനേറ്റർ സിസ്റ്റർ ഷൈനി പി. ജി, റീജിയണൽ കോർഡിനേറ്റർ സിസ്റ്റർ ലില്ലി മാത്യു എന്നിവർ സംസാരിച്ചു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗുകൾ സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ (SWS) നേതൃത്വത്തിൽ കൊട്ടിയൂർ, ഏലപ്പീടിക, വെള്ളൂന്നി, ചുങ്കക്കുന്ന്, നിരവിൽപുഴ, കുഞ്ഞോം, വഞ്ഞോട്, തോണിച്ചാൽ, പാൽചുരം, ജൂഡ്സ്മൗണ്ട്, അമ്പായത്തോട്, കണിയാരം, ചെറുകാട്ടൂർ, ദ്വാരക, പയ്യമ്പള്ളി, അരിഞ്ചേർമല, പടമല, ആറാട്ടുതറ, എടയൂർക്കുന്ന്, തൃശ്ശിലേരി, കമ്മന, ഒണ്ടയങ്ങാടി, ചെന്നലോട്, യവനാർകുളം, ശശിമല, നടവയൽ മംഗലശ്ശേരി, മൊതക്കര, കോട്ടത്തറ, കാരക്കാമല, തലപ്പുഴ, പ്രശാന്തഗിരി, ചുള്ളിയാന എന്നിവിടങ്ങളിൽ സോഷ്യൽ വെൽഫെയർ സൊസൈറ്റി (SWS) മീറ്റിംഗുകൾ സംഘടിപ്പിച്ചു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ജോണി കുന്നത്ത്, SWS കോഡിനേറ്റർ ചിഞ്ചു മരിയ പീറ്റർ, മാടക്കുന്ന് വികാരി റവ. ഫാ. ടൈമക്കിൾ വടക്കേമുളഞ്ഞിനാൽ, ചെറുകാട്ടൂർ വികാരി റവ. ഫാ.ജെയ്സ് ചെട്ടിയാശ്ശേരി, കമ്മന വികാരി. ഫാ. ഇമ്മാനുവേൽ അറക്കപ്പറമ്പിൽ, നിരവിൽപ്പുഴ വികാരി റവ. ഫാ. സജി പാലിയത്തിൽ, തോണിച്ചാൽ വികാരി റവ. ഫാ. ബിജോ കറുകപ്പിള്ളി, ഒണ്ടയങ്ങാടി വികാരി റവ. ഫാ. ജോർജ് മൈലാടൂർ, ദ്വാരക വികാരി റവ. ഫാ. ജോണി മലയിൽ, കണിയാരം അസിസ്റ്റന്റ് വികാരി റവ. ഫാ. ജൂഡ് എന്നിവരും SWS റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗീസ്, ജിനി ഷിനു,

ലിജ കുര്യാക്കോസ് എന്നിവരും മീറ്റിംഗുകൾക്ക് നേതൃത്വം നൽകി.

**പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധ പദ്ധതികളും സേവനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർധനയ്ക്കുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക, ആവശ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ തോണിച്ചാൽ, കാപ്പുംകുന്ന്, എടത്തന, കബനിഗിരി, എടയൂർകുന്ന് എന്നീ പ്രദേശങ്ങളിൽ പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പ് നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു**

സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കുറുക്കന്മൂല, തോണിച്ചാൽ, പട്ടാണികൂപ്പ് എന്നീ പ്രദേശങ്ങളിൽ സോപ്പ് നിർമ്മാണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. പരിശീലനത്തിലൂടെ പങ്കെടുത്തവർക്ക് ഗുണമേന്മയുള്ള ഉൽപ്പന്ന നിർമ്മാണത്തിനാവശ്യമായ സാങ്കേതിക അറിവും പ്രായോഗിക പരിശീലനവും നൽകി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

**സേഫ് വ്യക്തിഗത പെൻഷൻ പദ്ധതി**

- 35 വയസ്സു മുതൽ 70 വയസ്സുവരെ പ്രായപരിധിയിലുള്ള വ്യക്തികൾക്കായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ 2026 നവംബർ മുതൽ 2026 മാർച്ച് വരെയാണ് ചേരേണ്ട സമയപരിധി.
- മറ്റേതെങ്കിലും പെൻഷൻ ലഭിക്കുന്നവരോ അർഹതയുള്ളവരോ ഉൾപ്പെടെ ആർക്കും ഈ പദ്ധതിയിൽ അംഗങ്ങളാകാം.
- ആധാർ കോപ്പി, ബാങ്ക് അക്കൗണ്ട് കോപ്പി എന്നിവയാണ് ആവശ്യമായ രേഖകൾ.
- പ്രതിമാസ പെൻഷൻ, ഡത്ത് കവറേജ്, സറർ ആനുകൂല്യം എന്നിവ ഉൾകൊള്ളുന്നതാണ് ഈ പദ്ധതി.
- വാർഷിക പ്രീമിയം 30000 വും 50000 വും ഉണ്ട്. ഇതിൽ ഒന്ന് തെരഞ്ഞെടുക്കണം. പ്രീമിയം തുക ചെക്ക് ആയിട്ടാണ് നൽകേണ്ടത്.
- 35 മുതൽ 58 വയസ്സ് വരെ പ്രായമുള്ളവർ 12 വർഷവും അതിനു മുകളിലുള്ളവർ 10 വർഷവും പ്രീമിയം അടയ്ക്കണം.

ഈ പദ്ധതിയെക്കുറിച്ച് എല്ലാ കുടുംബങ്ങളേയും അറിയിക്കുന്നതിന് കോർഡിനേറ്റർമാർ വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**നൈസ്: സംരംഭകരുടെ സംഘടന**

CBCI ലേബർ കമ്മീഷൻ നെറ്റ് വർക്ക് ഓഫ് ഇന്ത്യൻ ക്രിസ്റ്റ്യൻ എന്റർപ്രെണർ (NICE) എന്ന സംഘടനക്ക് രൂപം നല്കി. KCBC ലേബർ കമ്മീഷന്റെ നേതൃത്വത്തിൽ കേരള ഘടകം രൂപീകൃതമായി. ഇതിനായി ചേർന്ന സമ്മേളനത്തിൽ, ഫാ. ജോൺ ചൂരപ്പുഴയിൽ, ഫാ. രെജീഷ് കറുത്തേടം, സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ പങ്കെടുത്തു. ബിസിനസ് നെറ്റ് വർക്ക്, തൊഴിൽ സാഹചര്യം സൃഷ്ടിക്കൽ, സംരംഭകത്വ പ്രോത്സാഹനം എന്നിവയാണ് ഇതിലൂടെ ലക്ഷ്യം വെയ്ക്കുന്നത്.

ഇതിന്റെ ഭാഗമായി രൂപതയിലെ സംരംഭകരുടെ കൂട്ടായ്മ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. മികച്ച സംരംഭകത്വം നടത്തുന്ന നമ്മുടെ സമുദായ അംഗങ്ങൾ ഉണ്ടെങ്കിൽ അവരുടെ വിവരം കെ.

എൽ. എം. ഓഫീസിലോ ഡയറക്ടറെയോ അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു.

**സീനിയർ സിറ്റിസൺ ഫോറം**

കേരള സർക്കാർ വയോജന സംരക്ഷണത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കുകയും നിയമസഭയിൽ ബിൽ അവതരിപ്പിച്ചതും ഇതിനോടകം എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ? അറുപത് വയസ്സ് കഴിഞ്ഞവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്ന ധാരാളം പദ്ധതികൾ സർക്കാർ രൂപം നല്കി വരുന്നു. ഇതിന്റെ പ്രയോജനം നമ്മുടെ സമുദായംഗങ്ങൾക്ക് ലഭ്യമാകണമെങ്കിൽ ഇടവകാതലത്തിൽ നാം സജ്ജമാകേതുണ്ട്. ഇതിനായി സീനിയർ സിറ്റിസൺ ഫോറം രൂപീകരിക്കാൻ ശ്രദ്ധിക്കണം. കൂടുതൽ വിവരങ്ങൾ ബഹു. വികാരിയച്ചൻമാരേയും, കോഡിനേറ്റർമാരേയും അറിയിക്കുന്നതാണ്.

**പാരീഷ് സെമിനാർ**

ജീവസ് & കെ. എൽ. എം. സാമൂഹ്യ സുരക്ഷാ പദ്ധതികളെക്കുറിച്ച്, മൗണ്ട് കാർമ്മൽ ചർച്ച് തലപ്പുഴ, സെന്റ് സെബാസ്റ്റ്യൻ ചർച്ച് പാടിച്ചിറ എന്നിവിടങ്ങളിൽ സെമിനാർ നടന്നു. രണ്ടു സ്ഥലത്തും രൂപതാ ഡയറക്ടർ ക്ലാസ്സ് നയിച്ചു. തലപ്പുഴയിൽ വികാരി ഫാ. ജോയി, സി. എം. ഐ. ഉദ്ഘാടനം ചെയ്തു. പാരിഷ് കോഡിനേറ്റർ റോബിൻ പാറയിൽ നേതൃത്വം നല്കി. പാടിച്ചിറയിൽ വികാരി ഫാ. സജി ഇളയിടത്ത് ഉദ്ഘാടനം ചെയ്തു.

**രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഫൊറോന കോഡിനേറ്റർമാരുടേയും എക്സിക്യൂട്ടീവ് അംഗങ്ങളുടേയും സംയുക്തയോഗം സെപ്റ്റംബർ 26 ന് രൂപതാ ഓഫീസിൽ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നല്കുകയും ചെയ്തു. നവംബർ 30 നു മുമ്പ് പാരീഷ് കോഡിനേറ്റർമാരുടെ മീറ്റിംങ്ങ് ഫൊറോനാ തലത്തിൽ കൂടുന്നതിന് തീരുമാനമെടുത്തു. ഫൊറോനാ കോഡിനേറ്റർമാർ ഇതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**ക്ഷേമനിധി**

തയ്യൽ തൊഴിലാളി ക്ഷേമനിധിയുടെ പുതിയ രജിസ്ട്രേഷൻ 05-10-2026 ന് ജില്ലാ ക്ഷേമനിധി ഓഫീസ് കൽപ്പറ്റയിൽ നടന്നു. 13 പേർ അന്നേ ദിവസം അംഗത്വം എടുത്തു. 95 പേരുടെ മെമ്പർഷിപ്പ് പുതുക്കൽ ഈ മാസം നടത്തി.

**ഡാറ്റാ അപ്ഡേറ്റിംഗ്**

ക്ഷേമനിധി രജിസ്റ്റർ, എക്സൽ ഫയലിൽ നിലവിൽ അംഗത്വമെടുത്തവരുടെ ഡാറ്റാ അപ്ഡേറ്റിംഗ് നടന്നു കൊണ്ടിരിക്കുന്നു. മെമ്പർ പ്രൊഫൈൽ ഡാറ്റാ അപ്ഡേറ്റിംഗ്, പുതുക്കൽ ഡാറ്റ (ബാങ്ക് പാസ്ബുക്ക്, ഫോൺ നമ്പർ, ഫോട്ടോ, ഒപ്പ്) എന്നിവ ആവശ്യമാണ്. അംശാദായം അടയ്ക്കൽ ക്ഷേമനിധി സൈറ്റിൽ നേരിട്ട് ചെയ്യുന്നു. ചെറുകിട തോട്ടം തൊഴിലാളികളുടെ പുതുക്കലും അംശാദായ അടയ്ക്കലും നടന്നു.

**പെൻഷൻ മസ്റ്ററിംഗ്**

പെൻഷൻ ലഭിക്കുന്ന 58 തൊഴിലാളികളുടെ ബയോമെട്രിക് മസ്റ്ററിംഗ് പൂർത്തിയായി.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് പെൻഷൻ പദ്ധതിയായ സ്വാവലംബനിൽ ചേർന്ന് 60 വയസ്സ് പൂർത്തിയായ 06 പേർക്ക് ഈ മാസം റിട്ടയർമെന്റ് ആനുകൂല്യം ലഭിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. SAFP - FDP 6 Year Plan തയ്യാറാക്കൽ**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ട് NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ എല്ലാ കുടുംബങ്ങളെയും സന്ദർശിച്ച് അടുത്ത 6 വർഷത്തേക്ക് അവർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെകുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്ന ജോലികൾ പ്രോജക്ട് കോഡിനേറ്റർ ശ്രീമതി ടിൻസിയുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. നാളിതുവരെ 222 ഭവനങ്ങൾ സന്ദർശിച്ച് 6 വർഷത്തേക്കുള്ള പ്ലാൻ തയ്യാറാക്കി.

**2. SAFPI - Drinking Water Project**

സേവ് എ ഫാമിലി പ്രോഗ്രാം ഇന്ത്യയുടെ ഭാഗമായി NDS ന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് ആവശ്യമായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങൾ, NDS പ്രോജക്ട് കോഡിനേറ്റർ ജോഷിയുടെ നേതൃത്വത്തിൽ ആരംഭിച്ചു.

**3. SAFPI – Health & Hygiene Project 2026-2027**

സേവ് എ ഫാമിലി പ്രോഗ്രാം ഇന്ത്യയുടെ ഭാഗമായി NDS ന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഹെൽത്ത് & ഹൈജീൻ പദ്ധതിയുടെ ഭാഗമായി അനുയോജ്യരായ 100 ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള വിവരശേഖരണം നടത്തുകയും, ആദ്യത്തെ 50 പേരുടെ പേരുവിവരങ്ങൾ ഓഫീസിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ബാക്കി ഉള്ളവരുടെ വിവരശേഖരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**4. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസ്**

NDS ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പെയിൻ & പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾ 2026 ഒക്ടോബർ മാസം 14, 16, 17 തിയ്യതികളിലായി പാട്ടവയൽ, ബെക്കി, കയ്യൂന്നി എന്നീ പ്രദേശ

ങ്ങ ളിൽ പോയി പാലിയേറ്റിവ് കെയർ ശുശ്രൂഷകൾ ചെയ്തു. സ്ഥിരമായി ബി. പി. യുടെ ഗുളികൾ കഴിക്കുന്ന രോഗികൾക്ക് ഒരുമാസത്തേക്ക് മരുന്നു നല്കി. 5 രോഗികൾക്ക് Catheterization ചെയ്തു. രണ്ട് ക്യാൻസർ രോഗികൾക്ക് ഡ്രസ്സിംഗ് ചെയ്തു. കൂടാതെ ഡ്രസ്സിങ്ങ് മെറ്റീരിയൽസ്, ഓയിൽമെന്റ് എന്നിവ വിതരണം ചെയ്യു കയും ചെയ്തു. പെരുമ്പള്ളി പ്രദേശത്ത് ഡ്രസ്സുകൾ വിതരണം ചെയ്തു. കിടപ്പു രോഗിയായ ഒരു വ്യക്തിക്ക് ആവശ്യമായ സഹായ ങ്ങൾ ചെയ്തു കൊടുത്തു. Ryles Tubes feeding പഠിപ്പിച്ചു കൊടുത്തു.

**5. BSW വിദ്യാർത്ഥികളുടെ ഫീൽഡ് വിസിറ്റ് & ട്രയിനിംഗ്**

ഗൂഡല്ലൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ BSW വിദ്യാർത്ഥികളായ ജെനിൻ ജോസഫ്, അഭിജിത്ത് എന്നിവർ പാട്ടവയൽ അമല ഹോസ്പിറ്റലിൽനിന്നും ഇന്റേൺഷിപ്പ് ട്രയി നിംഗും, ഫീൽഡ് വിസിറ്റും പൂർത്തിയാക്കി. വിജയകരമായി പരി ശീലനം പൂർത്തിയാക്കിയ അവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**6. SAFP Zoom മീറ്റിംഗ്**

SAFPI ഹെൽത്ത് & ഹൈജീൻ പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഡയറക്ടർ ഫാ. ആന്റണി വട്ടപ്പറമ്പിൽ, ഫാ. മാർഷൽ മേലാപ്പള്ളി, പ്രോജക്ട് മാനേജർ ജയകൃഷ്ണൻ, NDS എക്സിക്യൂ ട്ടീവ് ഡയറക്ടർ ഫാ. നിഷ്വിൻ തേൻപള്ളിൽ, പ്രോജക്ട് കോഡിനേ റ്റർ ജോഷി എന്നിവർ മീറ്റിംഗിൽ പങ്കെടുക്കുകയും പ്രോജക്ട് നട ത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു

**7. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**കൽപ്ര**

യൂണിറ്റ് കർമ്മ സമിതിയും, ഗ്രൂപ്പുകളുടെ ഇവാലുവേഷൻ മീറ്റിംങ്ങും സംയുക്തമായി യൂണിറ്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. എല്ലാ ഗ്രൂപ്പുകളും മീറ്റിംഗിൽ പങ്കെടുക്കുകയും അവ രുടെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ പാസാക്കുകയും ചെയ്തു. അദ്ധ്യാപകദിനാചരണം നടത്തി. വയോ ജനദിനത്തിൽ പഴൂർ വൃദ്ധസദനം സന്ദർശിച്ചു.

**ബോസ്പാറ**

ഗാന്ധിജയന്തിയോട് അനുബന്ധിച്ച് കൃപ ഗ്രൂപ്പംഗങ്ങൾ കരി ക്കനകൊല്ലി റോഡ് സൈഡ് വൃത്തിയാക്കി. പ്രതീക്ഷ ഗ്രൂപ്പംഗങ്ങൾ

സെന്റ് മേരീസ് വാർഡിലെ ഗ്രോട്ടോ വൃത്തിയാക്കി. ബോസ്പാറ യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. യൂണിറ്റ് ഫണ്ട് ശേഖരണാർത്ഥം ചിട്ടി നടത്തുന്നു. SIGWE കറിമസാലകളുടെ വില്പന നടത്തി. ഗ്രൂപ്പംഗങ്ങളുടെ നേതൃത്വത്തിൽ രോഗീസന്ദർശനം നടത്തി. പുതിയ അംഗങ്ങളെ ക്രഡിറ്റ് യൂണിയനിൽ ചേർത്തു.

**വിമലഗിരി**

വിമലഗിരി യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. എല്ലാ ഗ്രൂപ്പുകളും മീറ്റിംഗിൽ പങ്കെടുക്കുകയും അവരുടെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുകയും അവ അർഹരായവർക്ക് വിതരണം ചെയ്യുകയും ചെയ്തു. രോഗീ സന്ദർശനവും ആശുപത്രി സന്ദർശനവും നടത്തി.

**കയ്യൂന്നി**

NDS കയ്യൂന്നി യൂണിറ്റിന്റെ കമ്മറ്റിയും ഇവാലുവേഷൻ മീറ്റിംഗുംനടത്തി. എല്ലാ ഗ്രൂപ്പുകളും മീറ്റിംഗിൽ പങ്കെടുക്കുകയും അവരുടെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. കൃപ ഗ്രൂപ്പംഗങ്ങൾ രോഗീസന്ദർശനം നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, ലോൺ തിരിച്ചടവ് കൃത്യമായി നടത്തുകയും ചെയ്തു.

**ധർമ്മഗിരി**

യൂണിറ്റ് കർമ്മസമിതിയും, ഗ്രൂപ്പുകളുടെ ഇവാലുവേഷൻ മീറ്റിംഗും സംയുക്തമായി യൂണിറ്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. എല്ലാ ഗ്രൂപ്പുകളും മീറ്റിംഗിൽ പങ്കെടുക്കുകയും അവരുടെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ പാസാക്കുകയും ചെയ്തു.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
മാനേജിംങ്ങ് ഡയറക്ടർ
നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി

**ഫാ. നിഷ്വിൻ ടി. തോമസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി




**ഗ്ലോബൽ പതാക പ്രയാണത്തിന് സ്വീകരണം**

കത്തോലിക്ക കോൺഗ്രസ് മൂന്നാമത് ഗ്ലോബൽ സമ്മേളന ത്തിന്റെ ഭാഗമായി വിവിധ രാജ്യങ്ങളിലൂടെ പ്രയാണം ചെയ്ത കത്തോലിക്കാ കോൺഗ്രസിന്റെ പതാകയ്ക്ക് മാനന്തവാടി രൂപത യിൽ ഉജ്ജ്വല സ്വീകരണം നൽകി. ഇറ്റലിയിലെ റോമിൽ വച്ച് നടക്കുന്ന സമ്മേളന നഗരിയിൽ ഉയർത്താനുള്ള പതാകക്കാണ് സ്വീകരണം നൽകിയത്. ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസ് കുട്ടി ഒഴുകയിൽ, വൈസ് പ്രസിഡന്റ് ബെന്നി ആന്റണി തുടങ്ങി യവരാണ് പതാകയുമായി മാനന്തവാടി രൂപതയിൽ എത്തി ചേർ ന്നത്. മാനന്തവാടി രൂപതയിലെ സ്വീകരണം ചെന്നലോട് ഇടവ കയിൽ വച്ചാണ് നൽകിയത്. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തു ങ്കൽ, രൂപതാ ട്രഷറർ സജി ഫിലിപ്പ്, വൈസ് പ്രസിഡന്റ് സാജു പുലിക്കോട്ടിൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് ഡോ. കെ. പി. സാജു കൊല്ലപ്പള്ളി, ഗ്ലോബൽ വനിത ഫോറം കൺവീനർ അഡ്വ. ഗ്ലാഡിസ് ചെറിയാൻ, രൂപതാ സെക്രട്ടറി സജി ഇരട്ടമുണ്ടക്കൽ, മോളി മാമൂട്ടിൽ, മാത്യു ചൊമ്പാല, ജോർജ് ചെന്നലോട് എന്നിവ രുടെ നേതൃത്വത്തിൽ നൂറുകണക്കിനാളുകൾ സ്വീകരണസമ്മേള നത്തിൽ പങ്കെടുത്തു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടു കാവുങ്കൽ പതാക ഏറ്റുവാങ്ങി.

**കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമ്മേളനം**

കത്തോലിക്ക കോൺഗ്രസിന്റെ മൂന്നാമത് ഗ്ലോബൽ സമ്മേളനം ഇറ്റലിയിലെ റോമിൽ വച്ച് 2026 ഒക്ടോബർ 19 മുതൽ 23 വരെ നടക്കുന്നു. നാൽപതു രാജ്യങ്ങളിൽ നിന്നായി 215 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. പരിശുദ്ധ പിതാവ് ലെയോ പതി നാലാമൻ മാർപാപ്പ സമ്മേളനത്തിൽ പങ്കെടുക്കുന്നവരെ അഭി സംബോധന ചെയ്ത് സംസാരിക്കും. സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ 15 ഓളം ബിഷപ്പുമാരും കേരളത്തിലെ മൂന്ന് മന്ത്രിമാരും ചീഫ് വിപ്പും വിവിധ മേഖലകളിൽ പ്രഗൽഭരായ വ്യക്തികളും സമ്മേളനത്തിൽ പങ്കെടുക്കും. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപത

പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് ഡോ. കെ. പി. സാജു കൊല്ലപ്പള്ളി, ഗ്ലോബൽ വനിതാ ഫോറം കൺവീനർ അഡ്വ. ഗ്ലാഡീസ് ചെറിയാൻ, സെക്രട്ടറി മോളി മാമൂട്ടിൽ, സെലിൻ തൊഴുത്തുങ്കൽ എന്നിവർ പങ്കെടുക്കും. സമ്മേളനത്തിന്റെ ഭാഗമായി പ്രതിനിധികൾ അസീസിയിലും വത്തിക്കാനിലും സന്ദർശനം നടത്തും.

**മുള്ളൻകൊല്ലി ഫൊറോന**

കത്തോലിക്ക കോൺഗ്രസ് മുള്ളൻകൊല്ലി ഫൊറോന ഭാരവാഹികളുടെ യോഗം ആടിക്കൊല്ലി പള്ളിയിൽ വച്ച് ഫൊറോനാ പ്രസിഡന്റ് സുനിൽ പാലമറ്റത്തിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ സെക്രട്ടറി ജോർജ്, ഇടവകയിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. മുള്ളൻകൊല്ലി പഞ്ചായത്തിൽ ആരംഭിക്കുന്ന ക്വോറികളുടെ പ്രവർത്തനം തടയണമെന്ന് യോഗം പഞ്ചായത്തിനോട് ആവശ്യപ്പെട്ടു.

**ചുങ്കക്കുന്ന്**

കത്തോലിക്ക കോൺഗ്രസ് ചുങ്കക്കുന്ന് ഫൊറോന സമിതിയുടെ യോഗം ചുങ്കക്കുന്ന് പള്ളിയിൽ വച്ച് ചേരുകയുണ്ടായി. ഫൊറോനാ പ്രസിഡന്റ് മാത്യു കൊച്ചുതറയിൽ അധ്യക്ഷത വഹിച്ചു. ഫൊറോനാ സെക്രട്ടറി ജോൺസ്, രൂപതാ പ്രതിനിധികൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പ്രസംഗിച്ചു. ഇ. എസ്. എ. യിൽ ഉള്ള ആശങ്കകൾ പങ്കുവെച്ചു. ഫൊറോനയുടെ നേതൃത്വത്തിൽ 2026 നവംബർ 14-ന് നേതൃസംഗമവും കൺവെൻഷനും ചേരുവാൻ തീരുമാനിച്ചു.

**ബത്തേരി ഫൊറോന**

കത്തോലിക്ക കോൺഗ്രസ് ബത്തേരി ഫൊറോന കമ്മിറ്റിയുടെ യോഗം അസംപ്ഷൻ പള്ളിയിൽ വച്ച് ചേരുകയുണ്ടായി. പ്രസിഡന്റ് ഡേവി മങ്കുഴ അധ്യക്ഷത വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ജേക്കബ് ബത്തേരി ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി ചാൾസ് വടശ്ശേരി, രൂപതാ വൈസ് പ്രസിഡന്റ് സാജു പുലിക്കോട്ടിൽ, രൂപതാ സെക്രട്ടറി തോമസ് പട്ടമന, മോളി മാമൂട്ടിൽ, ജോയി പുളിക്കൽ, ജോസ് വടക്കനാട് എന്നിവർ പ്രസംഗിച്ചു. വയനാട് മെഡിക്കൽ കോളേജ് പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ രീതിയിൽ ഉചിതമായ സ്ഥലത്ത് എത്രയും വേഗം പൂർത്തിയാക്കണമെന്ന് യോഗം അവശ്യപ്പെട്ടു.

**നിലമ്പൂർ ഫൊറോന**

കത്തോലിക്കാ കോൺഗ്രസ് നിലമ്പൂർ ഫൊറോനാ കമ്മറ്റി യുടെ നേതൃത്വത്തിൽ ഇ. എസ്. എ. യുടെ പരിധിയിൽ നിന്ന് ജനവാസ മേഖലകളെയും, കൃഷിയിടങ്ങളേയും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, വയനാട് എം. പി. ശ്രീമതി പ്രിയങ്ക ഗാന്ധിക്ക് നിവേദനം നൽകുകയും ചർച്ച നടത്തുകയും ചെയ്തു. ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ, ഫൊറോനാ ഡയറക്ടർ ഫാ. ടോമി പുത്തൻപുരയിൽ, മേഖലാ പ്രസിഡന്റ് ഫ്രാൻസിസ് എന്നിവർ നേതൃത്വം നൽകി.

**ഇടിവണ്ണ**

കത്തോലിക്കാ കോൺഗ്രസ് ഇടിവണ്ണ യൂണിറ്റിന്റെ നേതൃത്വ ത്തിൽ ഇ. എസ്. എ. പരിധിയിൽ നിന്ന് ജനവാസ മേഖലകളെയും കൃഷിയിടങ്ങളിലും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വില്ലേജ് ഓഫീസിന്റെ മുന്നിൽ പ്രതിഷേധ സംഘടിപ്പിച്ചു യൂണിറ്റ് ഡയ റക്ടർ ഫൊറോനാ പ്രസിഡന്റ് എന്നിവർ നേതൃത്വം നൽകി.

**പൂക്കോട്ടുംപാടം**

കത്തോലിക്ക കോൺഗ്രസ് പൂക്കോട്ടുംപാടം യൂണിറ്റിന്റെ നേതൃത്വത്തിൽ സാമൂഹ്യ പ്രവർത്തനത്തിനും ജീവകാരുണ്യ പ്രവർത്തനത്തിനുമായി ഫണ്ട് ശേഖരണം ലക്ഷ്യമാക്കി ബിരിയാണി ച ല ഞ്ച് നടത്തി. യൂണിറ്റ് ഭാരവാഹികൾ യൂണിറ്റ് ഡയറക്ടർ എന്നിവർ നേതൃത്വം നൽകി

**പറളിക്കുന്ന്**

കത്തോലിക്ക കോൺഗ്രസിന്റെ യൂണിറ്റ് പറളിക്കുന്ന് ഇട വകയിൽ രൂപീകരിച്ചു. ഇടവക വികാരി നേതൃത്വം നൽകി.

**കരിമാനി**

കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് കരിമാനി ഇടവക യിൽ ആരംഭിച്ചു. ഇടവക വികാരി സെമിനാർ ഉദ്ഘാടനം ചെയ്തു. മാനന്തവാടി ഫൊറോന പ്രസിഡന്റും രൂപതാ പ്രവർത്തക സമിതി അംഗവുമായ റോബി താണിക്കുന്നേൽ സെമിനാറിന് നേതൃത്വം നൽകി.

ഭാരവഹികളായി ബിജു കപ്പലുമാക്കൽ (പ്ര.) ജെസി കവ ളനാൽ (വൈസ് പ്ര.) സെബാസ്റ്റ്യൻ വള്ളിക്കാവുങ്കൽ (സെക്ര.) ഡോണ മങ്കുഴി (ജോ. സെക്ര) അനീഷ് കപ്പലുമാക്കൽ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകളും പരിശീലനവും സംഘടിപ്പിച്ചു**

വൊഫയുടെ വാർഷിക പൊതുയോഗ തീരുമാനങ്ങൾ കർഷകരിലേക്ക് എത്തിക്കുന്നതിനായി RFC തലത്തിലും തുടർന്ന് VFC തലത്തിലും കർഷക യോഗങ്ങൾ സംഘടിപ്പിച്ചു. ഇടവക, നെന്മേനി, വെങ്ങപ്പള്ളി, കൽപ്പറ്റ, വെള്ളമുണ്ട, തൊണ്ടർനാട്, വൈത്തിരി, നൂൽപ്പുഴ, അമ്പലവയൽ, ചേരങ്കോട്, നെല്ലാക്കോട്ട എന്നിവിടങ്ങളിൽ വച്ച് യോഗം നടന്നു. യോഗങ്ങളിൽ പങ്കെടുത്ത കർഷകർക്ക് NPOP എട്ടാം പതിപ്പ് ഫയർട്രേഡ് മാനദണ്ഡങ്ങൾ എന്നിവയെ ആസ്പദമാക്കി അവബോധം നൽകുകയും ചെയ്തു.

**സ്റ്റാഫ് ട്രെയിനിങ് നടത്തി**

പുൽപ്പള്ളി, മുള്ളൻകൊല്ലി, വെങ്ങപ്പള്ളി, വെള്ളമുണ്ട, തൊണ്ടർനാട്, ഇടവക, പൂതാടി, മാനന്തവാടി റീജിയനുകളിലെ ICS സ്റ്റാഫുകൾക്ക് NPOP സ്റ്റാൻഡേർഡ് എട്ടാം പതിപ്പ്, ട്രെയ്സ് നെറ്റ് എന്നിവയെപ്പറ്റി പരിശീലനം നൽകി.

**ഓർഗാനിക് ഓഡിറ്റുകൾ നടന്നു**

മുട്ടിൽ, പൊഴുതന എന്നിവിടങ്ങളിലെ കർഷക ഗ്രൂപ്പുകളിൽ (ICS) സർട്ടിഫിക്കേഷൻ പുതുക്കുന്നതിനായുള്ള പരിശോധനകൾ നടന്നു. ആന്ധ്രാപ്രദേശ് ആസ്ഥാനമായുള്ള സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും ശ്രീ. സുഹൈൽ ഷേക്ക് ഓഡിറ്റുകൾ നടത്തി. പ്രവർത്തനങ്ങൾ വിലയിരുത്തി.

**സിഗ്വി സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

**സിഗ്വി ബസാർ**

സിഗ്വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദ്യേശത്തോടെയാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. എഴുപത്തി അഞ്ചിലധികം കേന്ദ്രങ്ങളിൽ നിലവിൽ സിഗ്വി ബസാർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**സിഗ്‌വി ഉൽപ്പന്നങ്ങളുടെ വിപണനം- താമരശ്ശേരി, മാണ്ഡ്യ രൂപതകളിൽ**

സിഗ്‌വി ഉൽപ്പന്നങ്ങളുടെ വിപണനം താമരശ്ശേരി, മാണ്ഡ്യ രൂപതകളിൽ വിവിധഇടവകകളിൽ ആരംഭിച്ചു. ഇതിലൂടെ കൂടുതൽ ഉപഭോക്താക്കളിലേക്ക് സിഗ്‌വി ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായി.

**ക്രിസ്മസ് കേക്ക് ഉൽപ്പാദനത്തിനുള്ള ഒരുക്കങ്ങൾ**

ക്രിസ്തുമസ് സീസണിലെ കേക്ക് ഉൽപ്പാദനത്തിനായുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായി ഫ്രൂട്ട് മിക്സിംഗ് ആരംഭിച്ചു. ഗുണമേന്മയുള്ള ക്രിസ്തുമസ് കേക്കുകളുടെ സമയബന്ധിതമായ ഉൽപ്പാദനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**സംഭരണം**

സെപ്റ്റംബർ മാസം അമ്പലവയൽ, നെന്മേനി, മാനന്തവാടി, പൂതാടി, കല്പറ്റ, ഗൂഡല്ലൂർ പഞ്ചായത്തുകളിൽ നിന്നും കാപ്പി സംഭരിച്ചു.

**സംസ്കരണം, വിപണനം**

കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കശുവണ്ടി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയ്ക്ക് മികച്ച വിപണി കണ്ടെത്താൻ സാധിച്ചു. ചൈനയിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**'ജീവിതം ശോഭനമാക്കാൻ' പുസ്തകപ്രകാശനം**

ഹയർ സെക്കന്ററി സ്കൂൾ മുൻ പ്രിൻസിപ്പലും പ്രമുഖ എഴുത്തുകാരനുമായ ഫാ. അഗസ്റ്റിൻ പുന്നശേരി എം. സി. ബി. എസ്. രചിച്ച 'ജീവിതം ശോഭനമാക്കാൻ' എന്ന പുതിയ പുസ്തകം പ്രകാശനം ചെയ്തു. റേഡിയോ മാറ്റൊലിയിൽ വച്ച് നടന്ന ചടങ്ങിൽ വയനാട് ജില്ലാ മുൻ എ. ഡി. എം. അഗസ്റ്റിൻ എം. ജെ., റിട്ട. റവന്യൂ ഇൻസ്പെക്ടർ ഷാജി മേമടത്തിലിന് പുസ്തകത്തിന്റെ ആദ്യപ്രതി നൽകിയാണ് പ്രകാശനം നിർവ്വഹിച്ചത്. ഫാ. അഗസ്റ്റിൻ പുന്നശേരിയുടെ പതിമൂന്നാമത് പുസ്തകമാണിത്. റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തുവരുന്ന 'സച്ചിന്തനം' എന്ന പരിപാടിയിലൂടെ അദ്ദേഹം അവതരിപ്പിച്ച 41 ശ്രദ്ധേയമായ എപ്പിസോഡുകളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. ചടങ്ങിൽ റേഡിയോ മാറ്റൊലി സീനിയർ കൺസൾട്ടന്റ് ഫാ. ബിജോ കറുകപ്പള്ളി, ജില്ലാ ലൈബ്രറി കൗൺസിൽ അംഗം ഷാജൻ ജോസ്, എക്സ്പേർട്ട് വൊളണ്ടിയർമാരായ കെ. കെ. ചന്ദ്രശേഖരൻ, ജോസ് കുരിശിങ്കൽ, സഞ്ചാര സാഹിത്യകാരനും റേഡിയോ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസറുമായ ബിജു പോൾ കാരക്കാമല തുടങ്ങിയവർ പങ്കെടുത്തു.

**ഡോ. ഫാ. ജെസ്റ്റിൻ മാത്യുവിന് അനുമോദനം**

ദുരന്ത നിവാരണത്തിൽ കമ്മ്യൂണിറ്റി റേഡിയോകളുടെ പങ്ക് എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ ഫാ. ജെസ്റ്റിൻ മാത്യുവിനെ അനുമോദിച്ചു. റേഡിയോ മാറ്റൊലിയിൽ വച്ച് നടന്ന ചടങ്ങിൽ ജില്ലാ ലൈബ്രറി കൗൺസിൽ അംഗം ഷാജൻ ജോസ് അദ്ദേഹത്തെ പൊന്നാടയണിയിച്ച് ആദരിച്ചു. വയനാട് ജില്ലാ മുൻ എ. ഡി. എം. അഗസ്റ്റിൻ എം. ജെ. ഉപഹാരം സമർപ്പിച്ചു. മധ്യപ്രദേശിലെ മാനസരോവർ സർവ്വകലാശാലയിൽ നിന്നാണ് ഫാ. ജെസ്റ്റിൻ തന്റെ ഗവേഷണം പൂർത്തിയാക്കിയത്. റേഡിയോ മാറ്റൊലിയുടെ പ്രോഗ്രാം ഡയറക്ടറായി സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം, കാഞ്ഞിരപ്പള്ളിയിലെ റേഡിയോ 90-യുടെ തുടക്ക കാലത്തെ അമരക്കാരിലൊരാൾ കൂടിയാണ്. ചടങ്ങിൽ റേഡിയോ

മാറ്റൊലി സീനിയർ കൺസൾട്ടന്റ് ഫാ. ബിജോ കറുകപ്പള്ളി, റിട്ട. റവന്യൂ ഇൻസ്പെക്ടർ ഷാജി മേമടം, എക്സ്പേർട്ട് വൊളണ്ടിയർമാരായ കെ. കെ. ചന്ദ്രശേഖരൻ, ജോസ് കുരിശിങ്കൽ, സഞ്ചാര സാഹിത്യകാരനും റേഡിയോ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസറുമായ ബിജു പോൾ കാരക്കാമല തുടങ്ങിയവർ സംസാരിച്ചു.

**മാറ്റൊലി ക്ലബ്ബ് ഉദ്ഘാടനം ചെയ്തു**

വിദ്യാർത്ഥികളിൽ മാധ്യമ അവബോധം വളർത്തുന്നതിനും സർഗ്ഗശേഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി പടിഞ്ഞാറത്തറ എ. യു. പി. സ്കൂളിൽ മാറ്റൊലി ക്ലബ്ബ് പ്രവർത്തനം ആരംഭിച്ചു. സെപ്റ്റംബർ 18 ന് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രധാനാധ്യാപിക എ. എസ്. അനില ക്ലബ്ബിന്റെ ഉദ്ഘാടനം നിർവഹിച്ചു. കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പ്രക്ഷേപണ മേഖലയെ അടുത്തുപരിചയപ്പെടാനും, റേഡിയോയിൽ കലാപരിപാടികൾ അവതരിപ്പിക്കാനും ഇതിലൂടെ അംഗങ്ങൾക്ക് അവസരം ലഭിക്കും. ശബ്ദമാധ്യമത്തിന്റെ പ്രാധാന്യം പുതുതലമുറയെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യവും ക്ലബ്ബിനുണ്ട്. സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് ഓഗസ്റ്റ് 1 മുതൽ 15 വരെ പ്രക്ഷേപണം ചെയ്ത 'സമരസ്മൃതികൾ' എന്ന പരിപാടിയിൽ പങ്കെടുത്ത ക്ലബ്ബ് അംഗങ്ങൾക്ക് ചടങ്ങിൽ ഉപഹാരങ്ങൾ നല്കി. ശ്രോതാക്കളുടെ കൂട്ടായ്മയായ 'മാറ്റൊലിക്കൂട്ടം' ആണ് സമ്മാനങ്ങൾ ഒരുക്കിയത്. ക്ലബ്ബ് കോ-ഓർഡിനേറ്റർ വിദ്യ വി. എസ്. ആശംസാപ്രസംഗം നടത്തി. റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ബിവാൾഡിൻ, ഫാ. ടോണി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**തത്സമയ ഫോൺ ഇൻ പരിപാടി**

ദേശീയ ആയുർവേദ ദിനാചരണത്തിന്റെ ഭാഗമായി സെപ്റ്റംബർ 23 ന് തത്സമയ ഫോൺ ഇൻ ക്വിസ് പ്രോഗ്രാം സംഘടിപ്പിച്ചു. പ്രോഗ്രാമിൽ പങ്കെടുത്ത് ശരിയുത്തരം പറഞ്ഞവരിൽ നിന്നും നറുക്കെടുപ്പിലൂടെ 3 പേരെ തിരഞ്ഞെടുത്തു. വിജയികളായ ലീന അമ്പുകുത്തി, ജോർജ്ജ് നമ്പിക്കൊല്ലി, ഹരിദാസ് പാലക്കാട് എന്നിവർക്ക് ആയുർവേദവകുപ്പ് സമ്മാനങ്ങൾ വിതരണം ചെയ്തു.

ദേശീയ ആയുർവേദ ദിനാചരണത്തിന്റെ ഭാഗമായി സെപ്റ്റംബർ 24 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു.

പി. സി. ഓ. ഡി. എന്ന വിഷയത്തിൽ അമ്പലവയൽ സഹ്യ ആയുർ വേദ ഹോസ്പിറ്റലിലെ ഡോ. സാജിത ഷറഫുദ്ദീൻ ശ്രോതാ ക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ഗ്രാമമാറ്റൊലി**

ചീരാലിൽ രാഗ് രംഗ് ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 26 ന് ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. ജോഫ്രി പോൾ, അസിറ്റന്റ് ഡയറക്ടർമാരായ ഫാ. ബിവാൾഡിൻ, ഫാ. ടോണി, പ്രോഗ്രാം പ്രൊഡ്യൂസേഴ്സ് എന്നിവരുടെ നേതൃത്വത്തിൽ വിവിധങ്ങളായ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു.

**പഠനസന്ദർശനം**

കണ്ണൂർ പിലാത്തറ സെന്റ് ജോസഫ്സ് കോളേജിലെ എം. എസ്. ഡബ്ല്യൂ. വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി സെപ് റ്റംബർ 19 നും കടമേരി RAC ഹയർസെക്കറിയിലെ വിദ്യാർത്ഥി കൾ സെപ്റ്റംബർ 21 നും മാറ്റൊലി സന്ദർശിച്ചു. കൊല്ലം വള്ളി ക്കാവ് അമൃത വിശ്വവിദ്യാപീഠം എം. എസ്. ഡബ്ല്യൂ. വിദ്യാർ ത്ഥികൾ ഒക്ടോബർ 10 നും, കോഴിക്കോട് കൊടുവള്ളി കെ. എം. ഓ. ആർട്സ് ആന്റ് സയൻസ് വിദ്യാർത്ഥികൾ ഒക്ടോബർ 16 നും മാറ്റൊലി സന്ദർശിച്ചു.

**ആദരാഞ്ജലികൾ**

ഒക്ടോബർ 14 ന് അന്തരിച്ച പത്മശ്രീ ചെറുവയൽ രാമന്റെ ഭൗതീകശരീരം സന്ദർശിച്ച് റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയ റക്ടർ ഡോ. ഫാ. ജോഫ്രി പോൾ, അസിറ്റന്റ് ഡയറക്ടർ ഫാ. ടോണി, റെനീഷ് ജോർജ്ജ് എന്നിവർ ആദരാഞ്ജലികൾ അർപ്പിച്ചു. റേഡിയോ മാറ്റൊലി എക്സ്പെർട്ട് വോളിയർ ബൈജു പുളിഞ്ഞാലിന്റെ പിതാവിന്റെ ഭൗതീകശരീരം റേഡിയോ മാറ്റൊലി സീനിയർ കൺസൾട്ടന്റ് ഫാ. ബിജോ കറുകപ്പള്ളി, സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. ജോഫ്രി പോൾ എന്നിവർ സന്ദർശിച്ച് ആദരാഞ്ജലികൾ അർപ്പിക്കുകയും, അസിറ്റന്റ് ഡയറക്ടർ ഫാ. ബിവാൾഡിൻ, എക്സ്പെർട്ട് വോളിയർമാരായ ജോസ് കുരിശിങ്കൽ, കെ. കെ. ചന്ദ്രശേഖരൻ, റെനീഷ് ആര്യപ്പള്ളി എന്നിവർ സംസ്കാര ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു.

**ഫാ. ടോണി ഏലംകുന്നേൽ**
അസി. ഡയറക്ടർ റേഡിയോ മാറ്റൊലി

**Departments / Clubs – Activities**

- The Department of Mathematics organized a Mental Health Awareness Programme for first-year Mathematics students on 10 September 2026.

1. The Department of Commerce organized a Mental Health Awareness Programme for first-year Commerce students on 11 September 2026.

- The Department of Hindi organized a Hindi Divas flash mob on 14 September 2026.
- The Department of Physics organized an invited talk titled "Where Can Physics Take You?" on 15 September 2026.
- The PG Department of Computer Science organized CHRYS-ALIS, an IT Fest for higher secondary school students, on 23 September 2026.
- The Commerce Club, in association with the ED Club, organized "She Leads: Business Women's Day" on 22 September 2026.
- The Department of Physics organized a Mental Health Awareness Programme for Physics students on 17 September 2026.
- The Department of Zoology, in association with the Jeevani Centre for Wellbeing, organized a Mental Health Awareness Programme for first-year Zoology students on 25 September 2026.
- NSS organized NSS Day celebrations on 23 September 2026.
- The Department of Mathematics, in association with IQAC, organized "From Campus to Career: An Alumni Interaction and Finishing School Programme" on 23 September 2026.
- The Department of Functional English organized "Campus to Public Service: A Finishing School Programme" on 23 September 2026.

- The Department of Zoology, in association with IQAC, organized "Unlocking Career Pathways in Zoology: Exploring Opportunities Beyond Graduation," a finishing school programme, on 28 September 2026.
- The Departments of Mathematics and Physics, in association with IQAC, organized a seminar titled "Research Beyond Borders: Methodology and Global Opportunities" on 28 September 2026.
- The Department of Zoology, in association with IQAC, organized a programme titled "Exploring Spider Diversity: Taxonomy, Ecology and Conservation" on 30 September 2026.
- The Department of Functional English, in association with IQAC, organized an International Translation Day programme on 30 September 2026.
- The Department of Physics, in association with KSEB, organized a Power Quiz on 30 September 2026.
- The Department of Data Science and Logistics organized a mental health awareness session titled "Mindful Minds, Healthier Lives" for first-year Mathematics students on 1 October 2026.
- The NCC Army Wing organized a NASHA MUKT BHARAT ABHIYAN anti-drug pledge ceremony on 1 October 2026.
- NSS organized an Anganwadi cleaning drive on 2 October 2026.
- The NCC Naval Unit organized a Gandhi Jayanti cleaning campaign on 2 October 2026.
- The NCC Army Wing organized a Gandhi Jayanti Mass Swachhta Campaign on 2 October 2026.
- The NCC Army Wing organized a NASHA MUKT BHARAT ABHIYAN anti-drug poster-making competition on 3 October 2026.
- The Department of Social Science (Economics), in association with IQAC, organized "Savings for a Secure Future," a financial literacy outreach programme for rural employment workers under VB-G RAM G, on 8 October 2026.
- The Department of Functional English, in association with IQAC,

organized "Navigating CUET & NET: Strategies for Success," a finishing school programme, on 9 October 2026.

- The Department of Functional English, in association with IQAC, organized "Functional English: Opportunities and Possibilities," an academic and career orientation programme, on 9 October 2026.
- The Department of History, in association with the Tourism Club and IQAC, organized a talk titled "Culture, Roots and Routes: Exploring Ethnic Tourism in North-East India" on 15 October 2026.
- The Institution's Innovation Council and the Student Service Centre jointly organized Kalam's Innovation Challenge for all students of the college on 15 October 2026.
- The Department of Mathematics organized a life skills training programme on 15 October 2026.

**Faculty Achievements**

- Dr. Jisha T. E., Associate Professor, PG & Research Department of Computer Science, has been recognized as a Research Supervisor by Kannur University.
- Dr. Sijo A. K., Assistant Professor in Physics in collaboration with international researchers, published the following research articles.

1. First-principles insights into interfacial charge transfer and built-in electric field in BiFeO3/TiO2 heterostructures for photovoltaic and photocatalytic applications. Materials Chemistry and Physics: Sustainability and Energy (Elsevier)
2. Molecular Interaction and Optical Properties of the Acetic Acid–Benzene System: Dielectric Spectroscopy and First-Principles Study, Fuel (Elsevier), IF-7.8, Q1

- Mr. Gokul M. A., faculty member of the Department of Political Science, presented a paper at the international conference "Beyond Dividing Line: Comparative Insights into Cross-Border Cooperation Worldwide," held in Almaty, Kazakhstan, from 23 to 26 September 2026.

**Students' / Alumni Achievements**

- Mr. Sravan Krishna, an alumnus of the B.Sc. Mathematics programme (2008–2011) and Chief Reporter at Asianet News, received the G. V. Raja Media Award for his report on Sanju Sebastian.
- Faris Moideen C. and Siddhaanth M. P. (II B.Sc. Computer Science) secured second prize at KALPANA–IKS Ideathon 2026, organized by Devagiri College, Kozhikode.
- K. S. Surya and Jomisha Sebastian of the Department of Zoology secured first place in the research project presentation competition organized for college students at the Biodiversity Congress conducted by the State Biodiversity Board.
- POC John Kevin Mathew was selected for the PRE-IGC-RDC 2026 Kartavya Path Contingent.
- NC1 Shyam Niketh K. was selected for the PRE-IGC-RDC 2026 Prime Minister's Rally Contingent.
- Abhishek V. K. and Dariya K. Job successfully completed a five-day Experience Learning Programme (ELP) at General Hospital, Kalpetta.
- CDT Akash Anand successfully completed the Andhra Pradesh Trekking Expedition.
- CDT Amal Shaji was selected for the Army Attachment Camp at 4/8 Gorkha Rifles, Bengaluru.
- CDT Muhammad Danish K. V. was selected for the Army Attachment Camp at 4/8 Gorkha Rifles, Bengaluru.
- LCPL Rehan Reji Varghese and Rosleena Binu successfully completed a five-day Experience Learning Programme (ELP) at General Hospital, Kalpetta.
- LC Alan John (B.Sc. Computer Science) successfully completed the All India Trekking Expedition at AP Rek-1, Tirupati, Andhra Pradesh.
- During the Wildlife Week celebrations, CDT Madav M. won the pencil drawing and watercolour painting competition.

**Prof. Dr. Thomas Monoth**
Principal

**ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലനം**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റും സംയുക്തമായി ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലനം സംഘടിപ്പിച്ചു. ആശുപത്രിയിലെ കോൺഫറൻസ് ഹാളിൽ നടന്ന പരിശീലനത്തിൽ ഒൻപത് പേർ പങ്കെടുത്തു. അടിയന്തര സാഹചര്യങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനുള്ള പ്രാഥമിക ചികിത്സാ രീതികളെക്കുറിച്ച് പരിശീലനം നൽകി.

**ഇന്റഗ്രേറ്റഡ് ഇമ്മ്യൂണിറ്റി ഹെൽത്ത് ആൻഡ് മെന്റൽ വെൽനെസ് ക്യാമ്പ്**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും നദി ഫൗണ്ടേഷനും സംയുക്തമായി പേരിയ ചിറക്കൊല്ലി അങ്കണവാടിയിൽ ഇന്റഗ്രേറ്റഡ് ഇമ്മ്യൂണിറ്റി ഹെൽത്ത് ആൻഡ് മെന്റൽ വെൽനെസ് ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ ജനറൽ മെഡിസിൻ വിഭാഗത്തിന്റെ സേവനവും സൗജന്യ രക്തപരിശോധനയും ലഭ്യമാക്കി. ക്യാമ്പിൽ ആകെ 42 പേർ പങ്കെടുത്തു. ഇതിൽ 36 പേർ രക്തപരിശോധനയ്ക്ക് വിധേയരായി.

**ആരോഗ്യമാനസിക ക്ഷേമ ക്യാമ്പ്, തലപ്പുഴ**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും നദി ഫൗണ്ടേഷനും സംയുക്തമായി തലപ്പുഴ ചുങ്കം മുനച്ചിരുൾ ഇസ്ലാം മദ്രസയിൽ ആരോഗ്യമാനസിക ക്ഷേമ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ ജനറൽ മെഡിസിൻ വിഭാഗത്തിന്റെ സേവനത്തോടൊപ്പം സൗജന്യ രക്തപരിശോധനയും ലഭ്യമാക്കി. ക്യാമ്പിൽ 63 പേർ പങ്കെടുത്തു. ഇതിൽ 58 പേർ രക്തപരിശോധന നടത്തി.

**ആരോഗ്യമാനസിക ക്ഷേമ ക്യാമ്പ്, വാളാട്**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും നദി ഫൗണ്ടേഷനും സംയുക്തമായി വാളാട് കേളുക്കുട്ടി സ്മാരക കമ്മ്യൂണിറ്റി ഹാളിൽ ആരോഗ്യമാനസിക ക്ഷേമ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ ജനറൽ മെഡിസിൻ വിഭാഗത്തിന്റെ സേവനവും സൗജന്യ രക്തപരിശോധനയും ലഭ്യമാക്കി. ക്യാമ്പിൽ 36 പേർ പങ്കെടുത്തു. പങ്കെടുത്ത എല്ലാവരും രക്തപരിശോധന നടത്തി.

**ഫാ. മനോജ് കവലക്കാടൻ** (ഡയറക്ടർ)

മാനന്തവാടി ഉപജില്ലാതല കായികമേളയിൽ ഒന്നാം സ്ഥാനവും വയനാട് ജില്ലാതല കായികമേളയിൽ രണ്ടാം സ്ഥാനവുമെന്ന ചരിത്ര നേട്ടത്തിലൂടെ മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ യശസ്സുയർത്തിയ പയ്യമ്പള്ളി സെന്റ് കാതറൈൻസ് ഹൈസ്കൂളിലെ കായികാധ്യാപകനും നേതൃത്വം നൽകിയ പ്രധാനാധ്യാപകനും മറ്റ് അധ്യാപക അനധ്യാപകർക്കും അഭിനന്ദനങ്ങൾ.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

സ്പെഷ്യൽ ഏറിച്ച്മെന്റ് പ്രോഗ്രാം (SEP) ഭാഗമായി രക്ഷിതാക്കൾക്കുള്ള ബോധവത്കരണ ക്ലാസ് നടത്തി. ഡിജിറ്റൽ സ്കൂയർ ടീച്ചേർസ് ട്രെയിനിങ് നടന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ മികച്ച വിദ്യാലയങ്ങളെ തിരഞ്ഞെടുക്കുന്ന മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

സ്കൂൾതല മത്സരങ്ങൾ സംഘടിപ്പിച്ചു. ചൈൽഡ് ഹെൽപ്പ് ലൈൻ അവയർനസ് പ്രോഗ്രാം സംഘടിപ്പിച്ചു. ഗ്രന്ഥശാലാദിനാചരണം നടത്തി. ഗാന്ധിജയന്തിദിനം ആചരിച്ചു. കൃഷിവകുപ്പിന്റെ സഹകരണത്തോടെ കനിപ്പന്തൽ, കതിർ കാർഷിക ക്ലബ് എന്നിവയ്ക്ക് തുടക്കം കുറിച്ചു.

**III സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

സ്കൂൾതല കലാമേള വർണാഭമായ പരിപാടികളോടെ സംഘടിപ്പിച്ചു.

**IV സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

സ്കൂൾതല സ്പോർട്സ് നടത്തി. പഞ്ചായത്തുതല യൂറീക്ക വിജ്ഞാനോത്സവത്തിലും ഉപജില്ലാ ശാസ്ത്രോത്സവത്തിലും പങ്കെടുത്ത വിദ്യാർത്ഥികൾ നേട്ടങ്ങൾ കൈവരിച്ചു. ലഹരി വിരുദ്ധ മാസാചരണ പ്രവർത്തനങ്ങൾക്ക് എൽ. പി. വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കിയ *കതിർ* പദ്ധതി

സംസ്ഥാനത്ത് ആരംഭിക്കുന്നതിന് മുമ്പ് സ്കൂളിൽ തയ്യാറാക്കിയ പച്ചക്കറിത്തോട്ടം ബഹുമാനപ്പെട്ട സംസ്ഥാന കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് നേരിട്ടെത്തി സന്ദർശിച്ച് അഭിനന്ദനങ്ങൾ അറിയിച്ചു.

**VI എ. എൽ. പി. സ്കൂൾ കണിയാരം**

സ്കൂൾതല കായിക മേള നടത്തി. ദീപിക കളർ ഇന്ത്യ കളറിംങ് മത്സര വിജയികൾക്കുള്ള സമ്മാനം, സർട്ടിഫിക്കറ്റ് എന്നിവ വിതരണം ചെയ്തു. തപാൽ ദിനത്തിന്റെ ഭാഗമായി മുഴുവൻ വിദ്യാർത്ഥികളും കൂട്ടുകാർക്കായി എഴുതി പോസ്റ്റ് ചെയ്ത കത്തുകളുമായി തങ്ങളെ കാണാനെത്തിയ പോസ്റ്റുമാനെ ആദരിച്ചു. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം പൂർത്തിയാക്കി.

**VII നിർമ്മല എൽ. പി. സ്കൂൾ ആലാറ്റിൽ**

പ്രതിവാര അസംബ്ലി നടത്തി വരുന്നു. ഡിജിറ്റൽ സ്കയർ പദ്ധതിക്ക് തുടക്കം കുറിച്ചു. ഗാന്ധിജയന്തി ദിനാചരണം നടത്തി. വിവിധ മത്സരങ്ങളോടെ ഓസോൺ ദിനാചരണം സംഘടിപ്പിച്ചു. ഓരോ മാസവും പിറന്നാൾ ആഘോഷിക്കുന്ന കുട്ടികൾ സ്പോൺസർ ചെയ്യുന്ന തുകകൾ ചേർത്ത് വെച്ച് മാസാവസാനം കുട്ടികൾക്ക് പോഷകാഹാരങ്ങൾ നൽകി വരുന്നു. സ്കൂൾതല കലാമേള നടത്തി വിജയികളെ അനുമോദിച്ചു. PM -പോഷൻ ശക്തി നിർമാൺ സോഷ്യൽ ഓഡിറ്റ് സ്കൂൾ സഭ സംഘടിപ്പിച്ചു. കൈയ്യോട് കൈ സ്വച്ചതാ ഹി സേവ 2026 കാമ്പയിൻ പോസ്റ്റർ മത്സരത്തിൽ മൂന്നാം സ്ഥാനം നേടി ജില്ലതല മത്സരത്തിൽ പങ്കെടുത്ത് അഭിമാനാർഹമായ നേട്ടം കൈവരിച്ചു.

**VIII സി. കെ. എൽ. പി. എസ്. മണിമൂളി**

ഗാന്ധിജയന്തിയോടനുബന്ധിച്ച് അധ്യാപകരും വിദ്യാർത്ഥികളും സേവനവാരം ആഘോഷിച്ചു.

**IX സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

മാതൃഭൂമി SEED മൺസൂൺ അവാർഡ് നേടി. സ്കൂൾ കലോത്സവവും സ്കൂൾ കായികമേളയും നടത്തി. പ്രീ പ്രൈമറി കലോത്സവം നടന്നു. ലോകവയോജനദിനത്തിൽ മുതിർന്നവരെ ആദരിച്ചു. നല്ലപാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ തപാൽ ദിനത്തിൽ പോസ്റ്റ് ഓഫീസ് സന്ദർശിച്ചു. പി ടി എ യുടെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം വൃത്തിയാക്കി,

**X സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

ഗാന്ധിജയന്തി ദിനാചരണവും ഗാന്ധി അനുസ്മരണവും സംഘടിപ്പിച്ചു. കുട്ടികളുടെ സർഗ്ഗാത്മകതയും ഗാന്ധിയൻ ആശയങ്ങളോടുള്ള ആഭിമുഖ്യവും വളർത്തുന്നതിനായി ചിത്രരചന,

പോസ്റ്റർ നിർമ്മാണം, ഗാന്ധിജിയുടെ ആത്മകഥ പരിചയപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളും നടത്തി.

**XI സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

സ്കൂൾ കലാമേള നടത്തി. ഗാന്ധിജയന്തി ദിനം ആചരിച്ചു. വിത്തുത്സവം സംഘടിപ്പിച്ചു. സ്കൂൾ ഇലക്ഷൻ നടത്തി.

**XII സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

സ്കൂൾതല കലാമേള, ശാസ്ത്രമേള, പ്രവർത്തിപരിചയമേള, കായികമേള നടത്തി. ഗാന്ധിജയന്തിദിനം ആചരിച്ചു. കൈ കഴുകൽ ദിനാചരണവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

സബ് ജില്ലാ ഗെയിംസിൽ ഫുട്ബോളിൽ കുട്ടികളെ പങ്കെടുപ്പിച്ചു. സ്കൂൾതല കായികമേള നടത്തി. ജില്ലാ ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിലുള്ള ക്വിസ് മത്സരം സംഘടിപ്പിച്ചു. ശാസ്ത്രമേളയിൽ ഉന്നത സ്ഥാനങ്ങൾ കരസ്ഥമാക്കി. സബ് ജില്ലാ കായികമേളയിൽ കുട്ടികളെ പങ്കെടുപ്പിച്ചു. വായനാ കളരി ഉദ്ഘാടനം ചെയ്തു. ജെ. ആർ. സി. സബ് ജില്ലാ ക്വിസ് കോമ്പറ്റീഷനിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

അന്താരാഷ്ട്ര ഓസോൺ ദിനവും അന്താരാഷ്ട്ര കൈകഴുകൽ ദിനവും ആചരിച്ചു. സീഡ് ക്ലബ്ബിന്റെ നേതൃത്വത്തിലുള്ള ഹരിത വിദ്യാലയ പുരസ്ക്കാരം കരസ്ഥമാക്കി.

**III സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

2026- 27 അധ്യയന വർഷത്തെ സ്കൂൾ കായികമേള സ്പോർട്ടിവ 2K26 നൂൽപ്പഴ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അഖിൽ പി. പി. ഫ്ളാഗ് ഓഫ് ചെയ്തു ഉദ്ഘാടനം നിർവഹിച്ചു.

**IV എ. യു. പി. സ്കൂൾ ദ്വാരക**

ലോക കൈകഴുകൽ ദിനം വിപുലമായി ആചരിച്ചു. ഹിന്ദി ഭാഷ പഠന പരിശീലന ക്ലാസ് ആരംഭിച്ചു. ഗാന്ധിജയന്തി ദിനം വിപുലമായി ആചരിച്ചു. സ്കൂൾ കലാമേള നടത്തി.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

വേറിട്ട പ്രവർത്തനങ്ങളിലൂടെ ഗാന്ധിജയന്തി ആഘോഷിച്ചു. ഉപജില്ല കായികമേളയിൽ LP, മിനി UP കിഡ്ഡീസ് റിലേകളിൽ മികച്ച വിജയം. പച്ചക്കറിത്തോട്ടം നിർമ്മിച്ചു.

**VI സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

SEED, നല്ല പാഠം എന്നീ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നെൽകൃഷി അടുത്തറിയാനുള്ള അവസരം ഒരുക്കി. സ്കൂൾ

കലാമേള നടത്തി. മാനന്തവാടി സബ്ജില്ലാ സ്പോർട്സിൽ ജൂഡോ മത്സരത്തിൽ മൂന്നാം സ്ഥാനം നേടി. സ്ക്കൂൾതല സ്പോർട്സ് മത്സരങ്ങൾ വളരെ ആവേശത്തോടെ പൂർത്തിയാക്കി. ലഹരി വിരുദ്ധ മാസാചരണ പ്രവർത്തനങ്ങളിൽ യു. പി. വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടി.

**VII സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

പ്രധാനമന്ത്രി പോഷൻ ശക്തി നിർമാൺ (PM POSHAN) പദ്ധതിയുടെ ഭാഗമായി സോഷ്യൽ ഓഡിറ്റ് സ്ക്കൂൾ സഭ സംഘ ടിപ്പിച്ചു. സ്ക്കൂൾ ഹാളിൽ നടന്ന പരിപാടിയിൽ സ്കൂൾ അധികൃതരും ജനപ്രതിനിധികളും രക്ഷിതാക്കളും വിവിധ മേഖലകളിലെ പ്രതിനി ധികളും പങ്കെടുത്തു.

**VIII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

കോർപ്പറേറ്റ് വിദ്യാഭ്യസ ഏജൻസി നടത്തിയ BEYOND THE BUZZ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഒന്നാം സ്ഥാനം ലഭിച്ചു. ഗാന്ധി ജയന്തിയുടെ ഭാഗമായി സ്കൂളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.

**IX അമ്പായത്തോട് യു. പി. സ്കൂൾ**

കണ്ണൂർ റവന്യൂ ജില്ലാതല ആർച്ചറി മത്സരത്തിൽ മിക ച്ച വിജയം കരസ്ഥമാക്കി. ഇരിട്ടി ഉപജില്ല ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയ ഐ. ടി. മേളകളിൽ മികച്ച വിജയം നേടാൻ സാധിച്ചു. ഇരിട്ടി ഉപജില്ല കായിക മേളയിൽ മികച്ച വിജയം കരസ്ഥമാക്കി. ഡിജിറ്റൽ സ്കയറിന്റെയും കനിപ്പന്തൽ ഫല വൃക്ഷത്തൈ നടീലിന്റെയും ഉദ്ഘാടനം നടത്തി.

**X സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

സ്കൂൾ കായികമേള, കലാമേള എന്നിവ വിപുലമായി സംഘടിപ്പിച്ചു. കായിക മിത്രം പരിപാടിക്ക് തുടക്കം കുറിച്ചു. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് കുട്ടികൾക്കായി വിവിധ മത്സര ങ്ങൾ നടത്തി. സംസ്ഥാനതല ഐ ടി ഇ കലോത്സവത്തിൽ മികച്ച വിജയം കൈവരിച്ചു.

**XI സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

സ്കൂൾ പാചകപ്പുരയുടെ വെഞ്ചരിപ്പും ഉദ്ഘാടനവും നട ത്തപ്പെട്ടു. ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനായി ഡിജിറ്റൽ സ്കയർ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള സീഡ് പുരസ്കാരം കരസ്ഥമാക്കി.

**XII സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

സ്കൂൾതല കായിക മേളയും കലാമേളയും സംഘടിപ്പി

ക്കപ്പെട്ടു. ഓസോൺ ദിനം ആചരിച്ചു. ഗാന്ധിജയന്തി സമുചിത മായി ആചരിച്ചു. സെപ്റ്റംബർ മാസത്തിലെ കിസ് മത്സര വിജ യികൾക്ക് ക്യാഷ് അവാർഡ് വിതരണം ചെയ്തു.

**XIII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

ഓസോൺ ദിനാചരണം സംഘടിപ്പിച്ചു. CH പ്രതിഭ കിസ് മത്സരം നടത്തി. ഉപജില്ലാ കായികമേളയിൽ യു. പി. കിഡ്ഡിസ് ഗേൾസ് 200 മീറ്റർ ഓട്ടമത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥ മാക്കി. ഡിജിറ്റൽ സ്കയർ ഉദ്ഘാടനം ചെയ്തു. കലാമേള സംഘ ടിപ്പിച്ചു. ലോക കൈ കഴുകൽ ദിനത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

നാഷണൽ സയൻസ് സെമിനാറിൽ ദേശീയതല മത്സരത്തിന് യോഗ്യത നേടി. വൈത്തിരി സബ്ജില്ല കായിക മേളയിൽ ഒന്നാം സ്ഥാനം നേടി. Beyond the Buzz ലഹരി വിരുദ്ധ മാസാചരണ പ്രവർ ത്തനത്തിന് ഒന്നാം സ്ഥാനം നേടി. ഗാന്ധി ജയന്തി ദിനം ആച രിച്ചു.

**II സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

ലഹരി വിരുദ്ധ സഭ രൂപീകരിച്ചു. ഇരിട്ടി സബ്ജില്ലാ ശാസ്ത്രോ ത്സവത്തിലും കായികമേളയിലും ഉന്നത വിജയം കരസ്ഥമാക്കി. പഠനയാത്ര നടത്തി. ഫയർ ആൻഡ് സേഫ്റ്റി ഡെമോൺസ് ട്രേഷൻ ക്ലാസും ബോധവൽക്കരണ സെമിനാറും സംഘടിപ്പിച്ചു.

**III അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

ഹിന്ദി ദിനാചരണം സംഘടിപ്പിച്ചു. സ്ക്കൂൾ കായികമേള സംഘടിപ്പിച്ചു. സൈബർ സെക്യൂരിറ്റിക്ലാസ് നൽകി. സ്കൂൾ ടൂർ സംഘടിപ്പിച്ചു. ഉപജില്ലാ ജില്ലാ സംസ്ഥാന കായികമേളയിൽ നേട്ടങ്ങൾ കൈവരിച്ചു.

**IV നിർമ്മല ഹൈസ്കൂൾ കമ്പനിഗിരി**

ബാസ്കറ്റ് ബോൾ സംസ്ഥാന ടീമിലേക്ക് 13 കുട്ടികൾക്ക് സെലക്ഷൻ ലഭിച്ചു. ഉപജില്ലാ സ്പോർട്സിൽ വിജയികളായവർക്ക് പൗരാവലിയുടെ സ്വീകരണം നൽകി. പഠനയാത്ര നടത്തി വന്യജീവി വാരാഘോഷത്തോടനുബന്ധിച്ചു നടത്തിയ സംസ്ഥാന കിസ് മൽസരത്തിൽ രണ്ടാം സ്ഥാനവും അക്ഷരമുറ്റം ഉപജില്ലാ കിസിൽ ഒന്നാം സ്ഥാനവും ലഭിച്ചു.

**V സി. കെ. എച്ച്. എസ് മണിമൂളി**

പഠനപിന്നാക്കക്കാർക്ക് അടിസ്ഥാന പഠന ശേഷി ലഭിക്കുന്ന തിനുള്ള പ്രത്യേക പരിശീലനം നൽകിവരുന്നു. NMMS, USS പരിശീലന ക്ലാസുകൾ ആരംഭിച്ചു. ഉപജില്ലാ പ്രവർത്തിപരിചയ

മേളയിൽ ഓവറോൾ ഒന്നാം സ്ഥാനം, സാമൂഹ്യശാസ്ത്രമേളയിൽ ഓവറോൾ രണ്ടാം സ്ഥാനം, ഗണിതശാസ്ത്രമേളയിൽ ഓവറോൾ മൂന്നാം സ്ഥാനം എന്നീ നേട്ടങ്ങൾ കൈവരിച്ചു. മികച്ച ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**VI ഐ. ജെ. എം. എച്ച്. എസ്. കൊട്ടിയൂർ**

ഉപജില്ലാ ശാസ്ത്രോത്സവത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. SPC കേഡറ്റുകളുടെ നേതൃത്വത്തിൽ പൊതിച്ചോറുകൾ സംഘടിപ്പിച്ച് അഗതിമന്ദിരത്തിലേക്ക് കൊടുക്കുന്നു. ഇരിട്ടി സബ്ജില്ലാ കായികമേളയിൽ അഞ്ചാം സ്ഥാനം കരസ്ഥമാക്കി.

**VII ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് NMMS പരിശീലനം നൽകി വരുന്നു. കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ചു. സ്കൂൾ കലാമേള നടത്തി. വിവിധ മത്സരങ്ങളിൽ ഗോൾഡ് മെഡൽ ഉൾപ്പെടെയുള്ള സ്ഥാനങ്ങൾ കുട്ടികൾ കരസ്ഥമാക്കി.

**VIII സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്ലാസ്സ് നൽകി. സബ്ജില്ലാ കായിക മത്സരത്തിൽ നിരവധി സമ്മാനങ്ങൾ സ്വന്തമാക്കി. ജില്ലാതല യോഗ ചാമ്പ്യൻഷിപ്പിൽ അഭിമാനകരമായ നേട്ടം കൈവരിച്ചു.

**IX സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

മാനന്തവാടി ഉപജില്ലാ കായികമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പും വയനാട് റവന്യൂ ജില്ല കായിക മേളയിൽ ഫസ്റ്റ് റണ്ണറപ്പും കരസ്ഥമാക്കി. ഗാന്ധി ജയന്തിയോടനുബന്ധിച്ച് സ്കൂളും പരിസരവും വൃത്തിയാക്കി. വിവിധ മത്സരങ്ങളിൽ അഭിമാനർഹമായ നേട്ടങ്ങൾ സ്വന്തമാക്കി.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സസ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

സ്കൂൾ കായികമേള നടത്തപ്പെട്ടു. ജില്ലാ, സംസ്ഥാന കായിക മേളകളിൽ വിദ്യാർഥികൾ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കി. NSS ന്റെ നേതൃത്വത്തിൽ തൂഫാൻ കമാന്റോ പ്രഖ്യാപനം നടത്തി. NSS ന്റെ നേതൃത്വത്തിൽ ഒക്ടോബർ രണ്ടിന് സ്കൂൾ പരിസരം വൃത്തിയാക്കുകയും പച്ചക്കറിത്തോട്ടം ഉണ്ടാക്കുകയും ചെയ്തു. റേഞ്ചർ, റോവർ കുട്ടികൾക്ക് തുന്നൽ പരിശീലനം നൽകി.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

ഇരിട്ടി സബ്ജില്ലാതല ഗണിത ശാസ്ത്രമേളയിൽ മൂന്നാം

സ്ഥാനവും പ്രവൃത്തി പരിചയമേളയിലും കായികമേളയിലും നാലാം സ്ഥാനവും കരസ്ഥമാക്കി. ലഹരി വിരുദ്ധമാസാചരണ പ്രവർത്തനങ്ങളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി. എൻ.എസ്.എസ്. ദിനാചരണത്തോടനുബന്ധിച്ച് സ്കൂളിലെ എൻ. എസ്.എസ് വോളണ്ടിയേഴ്സ് ഫാൻ കമാൻഡോസ് മെഗാ വാക്കത്തോണിൽ പങ്കെടുത്തു. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ജില്ലാതല കായികമേളയിൽ മികവാർന്ന നേട്ടങ്ങൾ കൈവരിച്ചു.

**III ഫാ. ജി. കെ. എം. ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

വിദ്യാലയത്തിന് പുതിയ NSS യൂണിറ്റ് അനുവദിക്കപ്പെട്ടു. NSS ടീമിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ റാലി, തൂഫാൻ കമാൻഡോ പ്രഖ്യാപനം, ലഹരി വിരുദ്ധ പ്രതിജ്ഞ തുടങ്ങിയവ സംഘടിപ്പിക്കപ്പെട്ടു. വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

**IV സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

വൈത്തിരി ഉപജില്ല കായിക മേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്. NSS യൂണിറ്റിന്റെ ആഭിമുഖ്യത്തിൻ സമാഹരിച്ച തുക ഉപയോഗിച്ച് പാലിയേറ്റീവ് സെന്ററിന് വാക്കറുകൾ നൽകി. സ്കൗട്ട് & ഗൈഡ്സിന്റെ നേതൃത്വത്തിൽ ടൗൺ ലൈബ്രറി ശുചീകരണവും പാലിയേറ്റീവ് സെന്ററിന് ധനസഹായവും നൽകി. വൃദ്ധ സദന സന്ദർശനം നടത്തി. കളരിപ്പയറ്റിൽ മികച്ച വിജയം നേടി. പുതിയ NSS യൂണിറ്റ് ആരംഭിച്ചു.

**V സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

ഗാന്ധിജയന്തി ദിനം വിപുലമായി ആചരിച്ചു. സ്വാശ്രയത്വ സന്ദേശ സംഗമം സംഘടിപ്പിച്ചു. പ്രകൃതിദുരന്തത്തിൽ പെട്ടവെള്ളാർമല സ്കൂളിലെ ലൈബ്രറിയെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ അക്ഷരത്തണൽ പദ്ധതി ആരംഭിച്ചു. സ്പെസിഫിക്ക് ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. ഉപജില്ലാ കായികമേളയിൽ ഒന്നാം സ്ഥാനവും ജില്ലാ കായികമേളയിൽ രണ്ടാം സ്ഥാനവും നേടി. എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തൂഫാൻ 2026 എന്ന പേരിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു.

ഉപജില്ലാ ജില്ലാതല മേളകൾക്കായി പരിശീലനങ്ങളിലേർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് വിജയാശംസകൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**November 2026**

| | |
|---|---|
| 01 Sunday: ..... | Morning: Kommayad: Laying of foundation Stone of the Church |
| 02 Mon - 04 wed: ..... | Engaged |
| 05 Thursday. ..... | Bishop's House: Jubilee Celebrations of Priests |
| 07 Saturday: ..... | Kayyunni: School Anniversary |
| 08 Sunday: ..... | Dwaraka: Nasrani Sangamam |
| 09 Mon -11 Wed: ..... | Kakkanad: Particular Law Committee Meeting |
| 12 Thursday: ..... | Out of Station |
| 14 Saturday: Morning: | Mount Mary College: Benefactors Day |
| Afternoon: | Bathery: Youth Fest |
| 18 Wednesday: ..... | Dwaraka: Music Band Inauguration |
| 21 Saturday: Morning: | Deacons' Parents Meet |
| Evening: | Deepthi Bhavan: Franciscan Meet |
| 23 Monday: ..... | Chungakunnu: Ordination of Dn. Mathew (Jobin) Kaipakasseril & Dn.Johns Kaipakasseril OFM Cap. |
| 24 Tuesday: ..... | Dwaraka: Priest's Conference |
| 25 Wednesday: ..... | Mount Mary College: Home Day |
| 26 Thursday: Morning: | Pastoral Centre: Inter-Curia Meet |
| Evening: | North Kerala Bishops Meet |
| 27 Friday: Morning: | North Kerala Bishops Meet |
| Afternoon: | Vazhavatta: Inauguration of Chooralmala Housing Project |
| 28 Saturday: ..... | Kulathuvayal: Jubilee of the preaching ministry of Fr. C. J. Varkey |
| 29 Sunday: ..... | Dwaraka: Cecilia Music Fest |
| 30 Monday: ..... | Trichur: Sacerdotal Jubilee of Archbishop Mar Andrews Thazhath |

**December 2026**

| | |
|---|---|
| 02 Wednesday: ..... | Dwaraka: Jeewas Social Security Scheme Training |
| 05 Saturday: ..... | Kalpetta: De Paul School Anniversary |
| 06 Sunday: ..... | Kammana: Holy Mass |
| 08 Tue - 11 Fri: ..... | POC: KCBC |
| 13 Sunday: ..... | Kalathuvayal: Holy Mass |
| 19 Saturday: ..... | Pulpally: Christmas Celebration |
| 26 Saturday: ..... | Thomattuchal: Ordination of Dn. Joseph (Akhil) Vadassery |
| 28 Monday: Morning: | Manimooly: Ordination of Dn. John (Tijo) Vadakkudan |
| Afternoon: | Chokkad: Ordination of Dn. Dominic (Bibitto) Athirakkulangara |
| 29 Tuesday: ..... | Thrissilery: Ordination of Dn. Kinto Pularambil VC |
| 30 Wednesday: ..... | Puthiyidom: Ordination of Dn. George Veliyath O.Praem |

# Auxiliary Bishop's Programme



**November 2026**

| | | | |
|---|---|---|---|
| 02 | Monday: ..... | | Engaged |
| 03 | Tuesday: ..... | | Therthally: Festal Mass at Poyil Ashram |
| 05 | Thursday..... | | Bishop's House: Jubilee Celebrations of Priests |
| 07 | Saturday:..... | | Nadavayal: CMC Social Anniversary |
| 08 | Sunday: | Morning: | Deepthigiri: Pastoral Visit |
| | | Evening: | Dwaraka: Nasrani Sangamam |
| 14 | Saturday: | Morning: | Mount Mary College: Benefactors Day |
| | | Evening: | Kolavayal: Jubilee |
| 15 | Sunday: ..... | | Sulthan Bathery: Pastoral Visit |
| 21 | Saturday:..... | | Deacons' Parents Meet |
| 22 | Sunday: ..... | | Chulliana: Pastoral Visit |
| 24 | Tuesday: ..... | | Dwaraka: Priest's Conference |
| 25 | Wednesday: | | Mount Mary College: Home Day |
| 26 | Thursday: | Morning: | Pastoral Centre: Inter-Curia Meet |
| | | Evening: | North Kerala Bishops Conference |
| 27 | Friday: | Morning: | North Kerala Bishops Conference |
| | | Afternoon: | Vazhavatta: Chooralmala Project Blessing |
| 28 | Saturday: ..... | | Dwaraka: Mathruvedi Anniversary |
| 29 | Sunday: | Morning: | Chooralmala: Pastoral Visit |
| | | Evening: | Dwaraka: Cecilia Music Fest |
| 30 | Monday: ..... | | Palchuram: Ordination of Dn. Albin Kanjirathamkuzhi OFM Cap. |

**December 2026**

| | | |
|---|---|---|
| 06 | Sunday: ..... | Vadapuram: Pastoral Visit |
| 08 | Tuesday: ..... | Dwaraka: Forane Monthly |
| 09 | Wed - 11 Fri: | POC: KCBC |
| 13 | Sunday: ..... | Mangalassery: Pastoral Visit |
| 19 | Saturday: ..... | Dwaraka: Mathruvedi Bible Day |
| 20 | Sunday: ..... | Nilambur: Pastoral Visit |
| 26 | Saturday: ..... | Thelpara: Ordination of Dn. Albin Kulathinkal VC |
| 28 | Monday: ..... | Payyampally: Baptism of 4th Child and First Communion |
| 29 | Tuesday: ..... | Alakode: Ordination of Dn. Donal Mukkattu MCBS |
| 30 | Wednesday: ..... | Ellumannam: Ordination of Dn. Mathew (Febin) Thalachira |
| 31 | Thursday: ..... | Yavanarkulam: Ordination of Dn. Athul CST |